I ഇ.ബി. XV -  കേരള നിയമസഭ/XII-7

# പതിനഞ്ചാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

2024 ഒക്ടോബർ 14, തിങ്കൾ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(രാവിലെ 9.00 മുതൽ 10.00 വരെ ചോദ്യോത്തര സമയം)

## I. ചരമോപചാരം

### രത്തൻ ടാറ്റയുടെ നിര്യാണം

രാജ്യത്തിന്റെ വികസനത്തിനായി സ്വന്തം വ്യവസായ സാമ്രാജ്യം ഉപയോഗിക്കുകവഴി രാജ്യത്തിന്റെ പുരോഗതിക്കും സാമൂഹിക കാഴ്ചപ്പാടിനും മുൻതൂക്കം നൽകിയ രത്തൻ ടാറ്റയുടെ നിര്യാണം സംബന്ധിച്ച് ബഹുമാനപ്പെട്ട സ്പീക്കർ റഫറൻസ് നടത്തുകയും പരേതനോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ അല്പസമയം എഴുന്നേറ്റുനിന്ന് മൗനമാചരിക്കുകയും ചെയ്തു.

## II നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിനുള്ള നോട്ടീസ്

### വയനാട് ദുരന്തമേഖലയിലെ പുനരധിവാസ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തൽ

മി. സ്പീക്കർ: വയനാട് ദുരന്തമേഖലയിൽ ജനങ്ങളുടെ സമഗ്രമായ പുനരധിവാസ പ്രവർത്തനങ്ങൾ വേഗത്തിലാക്കുന്നതിന് കേന്ദ്രസഹായം ലഭ്യമാക്കുന്നതിനുള്ള സാഹചര്യം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിനായി സഭാ നടപടികൾ നിർത്തിവയ്ക്കണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ ടി. സിദ്ദിഖ്, പി. ഉബൈദുള്ള, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ, ശ്രീമതി കെ. കെ. രമ എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): ചൂരൽമല, മുണ്ടക്കൈ ദുരന്തവുമായി ബന്ധപ്പെട്ടുള്ള പുനരധിവാസ പ്രവർത്തനങ്ങൾക്ക് കേന്ദ്രസഹായം അടിയന്തരമായി ലഭ്യമാക്കുന്നതിന് സംസ്ഥാന സർക്കാരിന്റെ ക്രിയാത്മകമായ ഇടപെടൽ ഉണ്ടാകും. സംസ്ഥാനത്ത് ഇത്തരം പ്രശ്നങ്ങൾ ഉണ്ടാകുമ്പോൾ ഭരണപ്രതിപക്ഷ ഭേദമന്യേ എല്ലാപേരും ഒന്നിച്ചുനിൽക്കേണ്ടതാണ്. ഇക്കാര്യം വിശദമായി ചർച്ച ചെയ്യാം.

(നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം ചർച്ചയ്ക്കെടുക്കാൻ തീരുമാനിച്ചു.)

## III ശ്രദ്ധക്ഷണിക്കൽ

(1) തീരദേശ നിയന്ത്രണ മേഖലയിലെ ഇളവുകൾ

ശ്രീ. പി. നന്ദകുമാർ: 2011-ലെ തീരദേശ നിയന്ത്രണമേഖല വിജ്ഞാപനത്തിലെ വ്യവസ്ഥകളിന്മേൽ സംസ്ഥാന സർക്കാരിന്റെ ശിപാർശ പ്രകാരം കേന്ദ്രസർക്കാർ 2019-ൽ പുറപ്പെടുവിച്ച വിജ്ഞാപനത്തിലൂടെ അനുവദിച്ച ഇളവുകൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിനും ശേഷിച്ച ഇളവുകൾ നേടിയെടുക്കുന്നതിനും നടപടി സ്വീകരിക്കണം. കേരളത്തിലെ ദുർബല ജനവിഭാഗങ്ങൾക്ക് വീടുവയ്ക്കുന്നതിന് പി.എം.എ.വൈ. പ്രകാരം അപേക്ഷ നൽകിയവർക്ക് CRZ ക്ലിയറൻസും തണ്ണീർത്തടം തരം മാറ്റലും സംബന്ധിച്ച് സ്പെഷ്യൽ ഡ്രൈവ് നടത്താൻ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സംസ്ഥാനത്തെ തീരപ്രദേശങ്ങളിൽ നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള നിയന്ത്രണപരിധിയിൽ ഇളവുകൾ ലഭിക്കുന്നതിനായി സംസ്ഥാന സർക്കാർ സമർപ്പിച്ച കരട് തീരദേശ പരിപാലന പ്ലാനിന് കേന്ദ്രസർക്കാർ അംഗീകാരം

നൽകിയിട്ടുണ്ട്. തീരദേശ പരിപാലന നിയമത്തിൽ കൂടുതൽ ഇളവുകൾ ലഭ്യമാകുന്നതുമായി ബന്ധപ്പെട്ട് കേന്ദ്രസർക്കാരുമായി വിശദമായ ചർച്ചകൾ നടത്തി കരട് തീരദേശ പരിപാലന പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. 10 തീരദേശ ജില്ലകളിൽ പൊതുജനാഭിപ്രായം തേടുകയും ഇതുസംബന്ധിച്ച് ലഭിച്ച പരാതികളും അഭിപ്രായങ്ങളും ക്രോഡീകരിച്ച് ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതിന് ചെന്നൈയിലെ നാഷണൽ സെന്റർ ഫോർ സസ്റ്റെയിനബിൾ കോസ്റ്റൽ മാനേജ്മെന്റിന് (എൻ.സി.എസ്.സി.എം.) കൈമാറുകയും ചെയ്തിട്ടുണ്ട്. ഉൾനാടൻ ജലാശയങ്ങളുടെ വേലിയേറ്റ രേഖയിൽനിന്നുള്ള ദൂരപരിധി 50 മീറ്ററായി കുറയ്ക്കുകയും പ്രസ്തുത 50 മീറ്റർ വരെയോ ജലാശയത്തിന്റെ വീതിയോ ഏതാണോ കുറവ് അതുമാത്രം വികസന നിഷിദ്ധ മേഖലയായി മാറ്റുകയും ചെയ്തിട്ടുണ്ട്. CRZ-ൽ കൂടുതൽ ഇളവ് നേടിയെടുക്കുന്നതിനുള്ള നടപടികൾ തുടർന്നും സ്വീകരിക്കുന്നതാണ്. PMAY പ്രകാരമുള്ള വീട് നിർമ്മാണത്തിനാവശ്യമായ ഇളവുകൾ നൽകുന്നതിന് നിർദേശം നൽകിയിട്ടുണ്ട്.

(2) <u>തിരൂർ ജില്ലാശുപത്രിയെ ജനറൽ ആശുപത്രിയായി ഉയർത്തൽ</u>

<u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>: മലപ്പുറം ജില്ലാശുപത്രിയിലും താലൂക്കാശുപത്രികളിലും ആവശ്യമായ ജീവനക്കാരെ നിയമിച്ച് കിടത്തി

ചികിത്സയ്ക്കാവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും തിരൂരിലെ ജില്ലാശുപത്രി ജനറൽ ആശുപത്രിയായി ഉയർത്തുന്നതിനും തിരൂർ സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രിയിൽ ആവശ്യമായ ജീവനക്കാരെ നിയമിക്കുന്നതിനും നടപടി സ്വീകരിക്കണം.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): കൊണ്ടോട്ടി താലൂക്ക് ആശുപത്രിയിൽ 38 കോടി രൂപയുടെ പുതിയ ബ്ലോക്കിന്റെ നിർമ്മാണപ്രവൃത്തി പുരോഗമിക്കുകയും കുറ്റിപ്പുറം താലൂക്ക് ആശുപത്രിയിൽ ഒഫ്താൽമോളജിയുടെ പുതിയ യൂണിറ്റ് ആരംഭിക്കാൻ പോകുകയുമാണ്. പൊന്നാനിയിൽ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി നല്ല രീതിയിൽ പ്രവർത്തിക്കുന്നുണ്ട്. മഞ്ചേരി മെഡിക്കൽ കോളേജിൽ ആവശ്യമായ തസ്തിക സൃഷ്ടിക്കുന്നതടക്കമുള്ള തുടർപ്രവർത്തനങ്ങൾ സർക്കാരിന്റെ പരിഗണനയിലാണ്. തിരൂർ ജില്ലാ ആശുപത്രിയിൽ വിവിധ സ്പെഷ്യാലിറ്റി, സൂപ്പർ സ്പെഷ്യാലിറ്റി സേവനങ്ങളും നിരവധി ചികിത്സാ വിഭാഗങ്ങളും കൃത്രിമ അവയവ നിർമ്മാണ യൂണിറ്റും ഫിസിയോതെറാപ്പി യൂണിറ്റും പ്രവർത്തിക്കുകയും മാതൃയാനം, ശലഭം പദ്ധതികൾ നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. ലക്ഷ്യവാർഡിന്റെയും മോഡുലാർ ഓപ്പറേഷൻ തീയേറ്ററിന്റെയും പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്. തിരൂർ

ജില്ലാ ആശുപത്രിയെ ജനറൽ ആശുപത്രിയായി ഉയർത്തുന്നതിന് സാധ്യമായതെല്ലാം ചെയ്തുകൊണ്ടാണ് സർക്കാർ മുന്നോട്ടുപോകുന്നത്. രോഗികളുടെ വർദ്ധനയ്ക്കനുസരിച്ച് ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിക്കുന്നതാണ്. തസ്തിക സൃഷ്ടിക്കലിൽ തിരൂർ സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രിയും ഉൾപ്പെട്ടിട്ടുണ്ട്.

## IV സബ്മിഷൻ

### (1) സൈബറിടങ്ങളിലെ സാമ്പത്തിക തട്ടിപ്പുകൾ

ശ്രീ. അൻവർ സാദത്ത്: സൈബറിടങ്ങളിലെ സാമ്പത്തിക തട്ടിപ്പുകൾ തടയുന്നതിന് നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിന് സൈബർ പോലീസ് ഡിവിഷൻ കാര്യക്ഷമമാക്കുകയും തട്ടിപ്പ് നടത്തിയവർക്കെതിരെ കർശന നിയമനടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. ഇതുമായി ബന്ധപ്പെട്ട പരാതി രജിസ്റ്റർ ചെയ്യുന്നതിന് 24 മണിക്കൂറും പ്രവർത്തിക്കുന്ന ടോൾഫ്രീ നമ്പറും വെബ്സൈറ്റും സജ്ജമാക്കുകയും സൈബർ സാമ്പത്തിക തട്ടിപ്പിനെതിരെ ജാഗ്രത പുലർത്തുന്നതിന് സോഷ്യൽ മീഡിയവഴി ബോധവത്ക്കരണം നടത്തുകയും ചെയ്തിട്ടുണ്ട്. സൈബർ സേഫ് ഫിൻ ഇക്കോസിസ്റ്റം

ഉറപ്പുവരുത്തുന്നതിന് കേന്ദ്രസർക്കാരിന്റെയും റിസർവ് ബാങ്കിന്റെയും സംയുക്ത ഇടപെടൽ ആവശ്യപ്പെട്ടിട്ടുണ്ട്.

(2) സ്വകാര്യ/എയ്ഡഡ് സ്കൂളുകളിലെ ശിക്ഷണമുറകൾ അവസാനിപ്പിക്കൽ

ശ്രീ. കെ. ജെ. മാക്സി: സ്വകാര്യ/എയ്ഡഡ് സ്കൂളുകളിലെ ശിക്ഷണമുറകൾ അവസാനിപ്പിക്കാൻ നടപടി സ്വീകരിക്കണം.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സ്വകാര്യ/എയ്ഡഡ് സ്കൂളുകളിലെ ശിക്ഷണ മുറകൾ സംബന്ധിച്ച് ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഗവൺമെന്റിന്റെയും വിദ്യാഭ്യാസ വകുപ്പിന്റെയും അനുമതിയില്ലാതെ പ്രവർത്തിക്കുന്ന സ്വകാര്യ/എയ്ഡഡ് സ്കൂളുകളുടെ ലിസ്റ്റ് ഉൾപ്പെടെയുള്ള റിപ്പോർട്ട് ഒരു മാസത്തിനുള്ളിൽ ലഭ്യമാക്കണമെന്നും പ്രവേശനത്തിന് രേഖാമൂലം തുക കൈപ്പറ്റിയ സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകണമെന്നും വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. KER നിഷ്കർഷിക്കുന്ന സിലബസും അധ്യാപകരുടെ യോഗ്യതയും പരീക്ഷാരീതികളും അവലംബിക്കാത്ത സ്കൂളുകൾക്ക് പ്രവർത്തനാനുമതി നൽകുന്നതല്ല. ഇതുസംബന്ധിച്ച റിപ്പോർട്ട് ലഭ്യമാകുന്നമുറയ്ക്ക് ബന്ധപ്പെട്ട സ്കൂളുകൾക്ക് നോട്ടീസ് നൽകുന്നതാണ്.

(3) കടമ്പാട്ടുകോണം-മധുര ദേശീയപാത പദ്ധതിക്കായി സ്ഥലം ഏറ്റെടുക്കൽ

ശ്രീ. പി. എസ്. സുപാൽ: കടമ്പാട്ടുകോണം-മധുര ദേശീയപാത പദ്ധതിക്കായി ഏറ്റെടുക്കുന്ന ഭൂമിയിലെ കെട്ടിടങ്ങൾ/നിർമ്മിതികൾക്ക് കാലപ്പഴക്കം പരിഗണിക്കാതെ നഷ്ടപരിഹാരം അനുവദിക്കുന്നതിനും ഇതുമായി ബന്ധപ്പെട്ട് ജനപ്രതിനിധികളുടെയും ഭൂവുടമ പ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും യോഗം വിളിച്ചുചേർക്കുന്നതിനും നടപടി സ്വീകരിക്കണം.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): ദേശീയപാത 744 കൊല്ലം-ചെങ്കോട്ട ഗ്രീൻഫീൽഡ് ഹൈവേയുടെ നിർമ്മാണത്തിന് ഭൂമി ഏറ്റെടുക്കുന്നതിനായി വിജ്ഞാപനം പ്രസിദ്ധപ്പെടുത്തുകയും ഭൂവുടമകളിൽനിന്ന് 3 ജി നടപടിക്രമപ്രകാരം രേഖകൾ ലഭ്യമാക്കി പൊന്നുംവില ഓഫീസിൽ സൂക്ഷിക്കുകയും നഷ്ടപരിഹാര തുക അനുവദിക്കുന്നതിന് ദേശീയപാത അധികാരികൾക്ക് നിർദേശം നൽകുകയും ചെയ്തിട്ടുണ്ട്. ദേശീയപാത വികസനത്തിന് ഭൂമിയേറ്റെടുക്കുമ്പോൾ നിർമ്മിതികളുടെ കാലപ്പഴക്കത്തിനനുസൃതമായി നഷ്ടപരിഹാരം കണക്കാക്കണമെന്ന കേന്ദ്ര റോഡ് ഗതാഗത, ഹൈവേ മന്ത്രാലയത്തിന്റെ 2018-ലെ എൽ.എ. മാന്വൽ പ്രകാരം പദ്ധതിയിൽ ഇളവുകൾ

അനുവദിക്കാനാവില്ലെന്ന് ദേശീയപാത അതോറിറ്റി സർക്കാരിനെ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ പൊതുമരാമത്ത് വകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് ദേശീയപാത അതോറിറ്റിയിലെ ഉന്നത ഉദ്യോഗസ്ഥരെയും റവന്യൂ, പൊതുമരാമത്ത് വകുപ്പുകളിലെ ഉദ്യോഗസ്ഥരെയും ബഹുമാനപ്പെട്ട അംഗത്തെയും ഉൾപ്പെടുത്തി യോഗം വിളിച്ചുചേർക്കുന്നതാണ്.

(4) രാജമാണിക്യം കമ്മിറ്റി റിപ്പോർട്ട്

ശ്രീ. വാഴൂർ സോമൻ: രാജമാണിക്യം കമ്മിറ്റി റിപ്പോർട്ടുമായി ബന്ധപ്പെട്ട ഉത്തരവിൽനിന്നും പീരുമേട് മണ്ഡലത്തിലെ ഉപ്പുതുറ വില്ലേജിലെ ഭൂവുടമകളെ ഒഴിവാക്കാൻ നടപടി സ്വീകരിക്കണം.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): നിയമവിരുദ്ധമായി ഇന്ത്യൻ കമ്പനികളിലേക്ക് കൈമാറിയ ഭൂമിയേറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട രാജമാണിക്യം റിപ്പോർട്ടിനെതിരെ പ്ലാന്റേഷൻ കമ്പനികൾ ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്യുകയും ഹൈക്കോടതി ഉത്തരവിനെത്തുടർന്ന് ഉടമസ്ഥാവകാശം സ്ഥാപിക്കുന്നതിനുവേണ്ടിയുള്ള സിവിൽ കേസ് ഫയൽ ചെയ്യുന്നതിന് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും ഇതുപ്രകാരം ജില്ലാ കളക്ടർമാർ

ഫയൽ ചെയ്ത കേസുകൾ വിവിധ കോടതികളിൽ പരിഗണനയിലുമാണ്. സർക്കാർ ഫയൽ ചെയ്ത കേസ്സുകളിൽപ്പെട്ട ഭൂമി കൈമാറ്റം ചെയ്യരുതെന്ന ഉദ്ദേശ്യത്തോടും കൈമാറിയാൽ സാധാരണക്കാരായവർ കബളിക്കപ്പെടും എന്നുള്ളതുകൊണ്ടുമാണ് 'കരമടച്ച രസീതിൽ സർക്കാർ ഫയൽ ചെയ്ത സിവിൽ കേസ്സിലെ വിധിക്ക് വിധേയം' എന്ന രേഖപ്പെടുത്തൽ മാറ്റേണ്ടതില്ല എന്ന് സർക്കാർ തീരുമാനിച്ചിട്ടുള്ളത്. ഈ വിഷയത്തിൽ ആവശ്യമായ നിയമോപദേശം ലഭിച്ചശേഷം പരിഹരിക്കാവുന്നതാണോയെന്ന് പരിശോധിക്കുന്നതാണ്. ചെറുകിട ഭൂവുടമസ്ഥരെ ഇതിൽനിന്നും ഒഴിവാക്കുന്ന കാര്യം നിയമപരമായി പരിശോധിച്ചുവരികയാണ്.

### (5) ഗുരുവായൂർ മണ്ഡലത്തിൽ കടൽ പുറമ്പോക്കിൽ താമസിക്കുന്നവർക്ക് പട്ടയം

ശ്രീ. എൻ. കെ. അക്ബർ: ഗുരുവായൂർ മണ്ഡലത്തിലെ ചാവക്കാട് താലൂക്കിൽ കടപ്പുറം, മണത്തല, പുന്നയൂർ, പുന്നയൂർക്കുളം വില്ലേജുകളിലായി അൺസർവേയ്ഡ് കടൽ പുറമ്പോക്കിൽ താമസിക്കുന്നവർക്ക് പട്ടയം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): കടൽപുറമ്പോക്കിൽ താമസിക്കുന്നവരുടെ പട്ടയപ്രശ്നങ്ങൾ പരിഹരിക്കാൻ ഒരു പ്രത്യേക പദ്ധതി രൂപീകരിച്ചിട്ടുണ്ട്. തൃശ്ശൂർ ജില്ലയിലെ ചാവക്കാട്

താലൂക്കിൽ കടപ്പുറം, മണത്തല, പുന്നയൂർ, പുന്നയൂർക്കുളം വില്ലേജുകളിൽ താമസിച്ചുവരുന്നവരുടെ സി.ആർ.ഇസഡ്. പരിധിയിലുൾപ്പെടുന്ന ഭൂമിയിൽ നിർമ്മാണ പ്രവൃത്തനങ്ങൾ നടത്തുന്നതിന് കേന്ദ്ര സർക്കാർ ഇപ്പോൾ ഇളവുകൾ വരുത്തിയിട്ടുള്ളതിനാൽ ഈ പ്രശ്നം ഒരു പരിധിവരെ പരിഹരിക്കാൻ സാധിക്കുന്നതാണ്. മേൽ പ്രദേശങ്ങളിലെ അൺസർവേയ്ഡ് കടൽ പുറമ്പോക്ക് ഭൂമി സർവേ ചെയ്യുന്നതിനുള്ള കരട് വിജ്ഞാപനം തയ്യാറാക്കി സമർപ്പിക്കുന്നതിന് തൃശ്ശൂർ ജില്ലാകളക്ടർക്ക് നിർദേശം നൽകിയിട്ടുള്ളതും സാധ്യമായ തുടർനടപടികൾ കാലതാമസംകൂടാതെ നടപ്പിലാക്കുന്നതുമാണ്.

(6) ചെമ്പൻതൊട്ടിയിലെ ക്വാറികളുടെ പ്രവർത്തനം

ശ്രീ. സജീവ് ജോസഫ്: ഇരിക്കൂർ നിയോജകമണ്ഡലത്തിലെ ശ്രീകണ്ഠപുരം നഗരസഭയിലെ ചെമ്പൻതൊട്ടി പ്രദേശത്ത് നിയമവിരുദ്ധമായി പ്രവർത്തിക്കുന്ന കരിങ്കൽ ക്വാറികളുടെ പ്രവർത്തനങ്ങൾ തടയുന്നതിനുള്ള നടപടി സ്വീകരിക്കണം.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): ഇരിക്കൂർ നിയോജകമണ്ഡലത്തിലെ തളിപ്പറമ്പ് താലൂക്കിലും ശ്രീകണ്ഠപുരം മുനിസിപ്പാലിറ്റിയിലും അനധികൃതമായി പ്രവർത്തിച്ചുവരുന്ന മുളയൻ ക്രഷേഴ്സ്,

മൈനിംഗ് പ്ലാനിന് വിരുദ്ധമായി ഖനനം നടത്തിയിരുന്നതിനാൽ ഉടമയ്ക്ക് സ്റ്റോപ് മെമ്മോ നൽകിയിട്ടുണ്ട്. ചെമ്പൻതൊട്ടി പ്രദേശത്ത് പാരിസ്ഥിതികാഘാതം ഉണ്ടാകത്തക്ക വിധത്തിൽ നിയമവിരുദ്ധമായി ഖനന പ്രവർത്തനങ്ങൾ നടക്കുന്നതായി റിപ്പോർട്ട് ചെയ്തിട്ടില്ല. ക്വാറിയുമായി ബന്ധപ്പെട്ട് പരിസരവാസികളുടെ പ്രശ്നങ്ങൾ കൃത്യതയോടുകൂടി പരിശോധിക്കുന്നതാണ്. ഇക്കാര്യത്തിൽ ആവശ്യമായ പരിശോധന നടത്തി നടപടി സ്വീകരിക്കണമെന്ന് ജില്ലാ കളക്ടർക്ക് നിർദേശം നൽകുന്നതാണ്.

(7) <u>വടകര കസ്റ്റംസ് കടപ്പുറത്ത് കടൽഭിത്തി നിർമ്മാണം</u>

<u>ശ്രീമതി കെ. കെ. രമ:</u> വടകര കസ്റ്റംസ് കടപ്പുറത്ത് കടൽഭിത്തി നിർമ്മാണത്തിന് നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി <u>(ശ്രീ. റോഷി അഗസ്റ്റിൻ):</u> വടകര നിയോജക മണ്ഡലത്തിലെ മുകച്ചേരിയിൽ കടൽഭിത്തി പുനരുദ്ധാരണത്തിന് ഭരണാനുമതി നൽകിയെങ്കിലും സാങ്കേതികാനുമതിക്കായി എസ്റ്റിമേറ്റ് സമർപ്പിച്ചവേളയിൽ ജി.എസ്.ടി.-യിൽ മാറ്റം വന്നതിനാൽ കടൽഭിത്തിയുടെ നീളം കുറച്ച് 53 ശതമാനം പൂർത്തീകരിക്കുകയും ശേഷിക്കുന്ന ഭാഗവും

ചേർത്ത് 485 മീറ്റർ നീളത്തിൽ കടൽഭിത്തി നിർമ്മാണത്തിന് 404 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്.

(8) അമ്പലപ്പുഴയിൽ കുടിവെള്ളമെത്തിക്കുന്നതിന് നടപടി

ശ്രീ. എച്ച്. സലാം: അമ്പലപ്പുഴ നിയോജകമണ്ഡലത്തിൽ പൈപ്പുകളുടെ അറ്റകുറ്റപ്പണി നടക്കുന്ന സ്ഥലങ്ങളിൽ കുടിവെള്ളമെത്തിക്കാനും ആലപ്പുഴ പി.എച്ച്.സർക്കിളിലെ സൂപ്രണ്ടിംഗ് എഞ്ചിനീയർ തസ്തിക പുനഃസ്ഥാപിക്കാനും നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): ദേശീയപാതയുടെ ഇരുവശങ്ങളിലും പൈപ്പ്ലൈനുകൾ സ്ഥാപിച്ച് നിലവിലുള്ള ബൈ റോഡുകളിലെ പൈപ്പ്ലൈനുകളുമായി ഇന്റർ കണക്ഷൻ ചെയ്യാനുള്ള പ്രവൃത്തി പുരോഗമിച്ചുവരികയാണ്. പൈപ്പ് പൊട്ടുന്നതുമൂലം ജലദൗർലഭ്യം അനുഭവപ്പെടുന്ന സ്ഥലങ്ങളിൽ ടാങ്കർ ലോറികളിൽ ജലവിതരണം നടത്തുന്നുണ്ട്. ആലപ്പുഴയിൽ പഴവങ്ങാടിയിലും ആലിശ്ശേരിയിലും ഉന്നതതല ജലസംഭരണികൾ നിർമ്മിക്കുകയും കടപ്ര, കരുമാടി പമ്പ് ഹൗസുകളിൽ സ്റ്റാൻഡ്ബൈ പമ്പ് സെറ്റുകൾ സ്ഥാപിക്കുന്ന പ്രവൃത്തികൾ ക്രമീകരിക്കുകയും ചെയ്തിട്ടുണ്ട്. ജെ.ജെ.എം. ഫണ്ട് പുനഃക്രമീകരിച്ച് പഞ്ചായത്തുകളിൽ സ്ഥലം വാങ്ങി വാട്ടർ ടാങ്ക് നിർമ്മിക്കാനും കോടതി

തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ആലപ്പുഴ പി.എച്ച്. സർക്കിളിലെ സൂപ്രണ്ടിംഗ് എഞ്ചിനീയർ തസ്തിക പുന:സ്ഥാപിക്കാനും നടപടി സ്വീകരിക്കുന്നതാണ്.

(9) കടലുണ്ടിപ്പുഴ, ബാലാതിരുത്തി, പുല്ലിപ്പുഴ എന്നിവിടങ്ങളിലെ ഡ്രഡ്ജിംഗ്

ശ്രീ. പി. അബ്ദുൽ ഹമീദ്: കടലുണ്ടിപ്പുഴയുടെ അഴിമുഖത്തും ബാലാതിരുത്തിയിലും പുല്ലിപ്പുഴയിലും ഡ്രഡ്ജിംഗ് നടത്താൻ നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): കടലുണ്ടി പുഴയിൽനിന്നും ടേൺ കീ അടിസ്ഥാനത്തിൽ മണൽ കൊണ്ടുപോകുന്നതിന്റെ അളവും അനുയോജ്യതയും കണ്ടെത്താനായി പീച്ചിയിലുള്ള കേരള എഞ്ചിനീയറിംഗ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിനെ ചുമതലപ്പെടുത്താനായി ചീഫ് എഞ്ചിനീയർ ഐ.ഡി.ആർ.ബി.-ക്ക് കത്ത് നൽകിയിട്ടുണ്ട്. ചേലാമ്പ്ര പുല്ലിപ്പുഴയിലെ കനോലി കനാൽ വന്നുചേരുന്ന ഭാഗത്തുനിന്നും 300 മീറ്റർ മാറി പുല്ലിക്കടവ് പാലം മുതൽ മുനമ്പ്കടവ് പാലം വരെ മണലും ചെളിയും നിറഞ്ഞ് നീരൊഴുക്ക് തടസ്സപ്പെടുന്നതിന് നടപടി സ്വീകരിക്കാൻ കോഴിക്കോട് മൈനർ ഇറിഗേഷൻ സൂപ്രണ്ടിംഗ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. സിൽക്ക് പാലം മുതൽ മുളപ്പാലം

വരെയുള്ള പുല്ലിപ്പുഴയുടെ ഇടതുകര ഭിത്തികെട്ടി സംരക്ഷിക്കാനും സിൽറ്റ് നീക്കം ചെയ്യാനും മുൻഗണനാടിസ്ഥാനത്തിൽ നടപടി സ്വീകരിക്കുന്നതാണ്.

(10) കാസർഗോഡ് ജില്ലയിലെ മലയോര ഹൈവേ പൂർത്തീകരണം

ശ്രീ. എം. രാജഗോപാലൻ: കാസർഗോഡ് ജില്ലയിലെ മലയോര ഹൈവേ നിർമ്മാണം പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കണം.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): കാസർഗോഡ് ജില്ലയിലെ മലയോര ഹൈവേയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് പരിവേഷ് പോർട്ടൽ മുഖാന്തരം അനുമതി നൽകുകയും 31 മരങ്ങൾ മുറിച്ചുമാറ്റുകയും ചെയ്തിട്ടുണ്ട്. സ്റ്റേജ് II ക്ലിയറൻസ് പ്രകാരമുള്ള വനഭൂമി വ്യക്തമായി മാർക്ക് ചെയ്യുന്ന മുറയ്ക്ക് സ്ഥലം കൈമാറി ഹൈവേ പ്രവർത്തനങ്ങളാരംഭിക്കുന്നതിന് തടസ്സങ്ങളില്ല. മലയോര ഹൈവേ കടന്നുപോകുന്ന മേഖലകളിൽ റോഡ് നിർമ്മാണ പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിനും സമയബന്ധിതമായ പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കാനും വനം വകുപ്പ് സന്നദ്ധമാണ്.

(11) ഹരിതകർമ്മ സേനാംഗങ്ങൾക്ക് സമ്പൂർണ്ണ ഇൻഷ്വറൻസ്

ഡോ. മാത്യു കുഴൽനാടൻ: ഹരിതകർമ്മ സേനാംഗങ്ങളുടെ പ്രതിമാസ വേതനം വർധിപ്പിക്കുന്നതിനും സമ്പൂർണ്ണ ഇൻഷ്വറൻസ് പദ്ധതി ഏർപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കണം.

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): ഹരിതകർമ്മ സേനാംഗങ്ങളുടെ വരുമാനം 10,000/- രൂപയാക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും അതിൽ താഴെ വരുമാനമുള്ളവർക്ക് വയബിലിറ്റി ഗ്യാപ് ഫണ്ടായി കുറവുവരുന്ന തുക നൽകണമെന്നും ഇവരുടെ വ്യക്തിഗത സുരക്ഷാ മാർഗ്ഗങ്ങളും ഉപകരണങ്ങളും സുരക്ഷിതമായി പ്രവർത്തിക്കാനുള്ള അടിസ്ഥാനസൗകര്യം ഉറപ്പാക്കണമെന്നും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദേശം നൽകിയിട്ടുണ്ട്. യൂസർ ഫീ നിർബന്ധമാക്കുകയും അത് നൽകാത്തവരിൽനിന്ന് ഫൈനുൾപ്പെടെ പ്രോപ്പർട്ടി ടാക്സിനൊപ്പം പിരിക്കാനും മറ്റ് സേവനങ്ങൾ നിഷേധിക്കാനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അധികാരം നൽകിയിട്ടുണ്ട്. ഹരിതകർമ്മ സേനാംഗങ്ങൾക്ക് സൗജന്യ മെഡിക്കൽ പരിശോധന ഏർപ്പെടുത്തുകയും

ഒരുലക്ഷം രൂപയുടെ ആരോഗ്യ ഇൻഷ്വറൻസ് (ഇൻസ്പയർ) പദ്ധതി നടപ്പാക്കുകയും 1000 രൂപ ഓണം അഡ്വാൻസായി നൽകുകയും ചെയ്തിട്ടുണ്ട്.

(12) പാണാവള്ളി, അരൂക്കുറ്റി ബോട്ട് സർവീസ്

ശ്രീമതി ദെലീമ: പാണാവള്ളി, അരൂക്കുറ്റി ബോട്ട് ജെട്ടികളിൽനിന്നും എറണാകുളത്തേയ്ക്ക് ജലഗതാഗത വകുപ്പിന്റെ ബോട്ട് സർവീസ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കണം.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. കെ. ബി. ഗണേഷ് കുമാർ): 2020-ൽ വൈക്കം - എറണാകുളം മേഖലയിലേയ്ക്ക് പരീക്ഷണാടിസ്ഥാനത്തിൽ ആരംഭിച്ച ബോട്ട് സർവീസ് പരിമിതമായി മാത്രമേ പൊതുജനങ്ങൾ ഉപയോഗപ്പെടുത്തിയിരുന്നുള്ളൂ. ബോട്ടുചാലിന്റെ പല ഭാഗങ്ങളിലും ആഴക്കുറവും മൺതിട്ടകൾ രൂപപ്പെട്ടതിനാലും അപകടമുണ്ടാകാൻ സാധ്യതയുണ്ടെന്നാണ് എഞ്ചിനീയറിംഗ് വിഭാഗം അറിയിച്ചിട്ടുള്ളത്. ആഴക്കുറവുള്ള ഭാഗങ്ങളിൽ ഡ്രഡ്ജിംഗ് നടത്തുന്നതിനും മറ്റ് തടസ്സങ്ങൾ നീക്കം ചെയ്യുന്നതിനും ഇറിഗേഷൻ വകുപ്പിനോട് ആവശ്യപ്പെടുന്നതാണ്. ബോട്ടുചാലിന്റെ നിലവിലുള്ള ആഴം സംബന്ധിച്ച് ഹൈഡ്രോഗ്രാഫിക് സർവേ നടത്തുന്നതിന് തുറമുഖ വകുപ്പുമായി ബന്ധപ്പെട്ട് നടപടി സ്വീകരിക്കുന്നതാണ്. കൊച്ചി നേവൽ ബേസിലെ സുരക്ഷാ പരിശോധന

മുന്നറിയിപ്പില്ലാതെ നടത്തുന്നതായതിനാൽ സമയ ക്ലിപ്തതയോടെ സർവീസ് നടത്താൻ കഴിയാത്ത സ്ഥിതിയുണ്ട്. പാണാവള്ളി, അരൂക്കുറ്റി ബോട്ട് ജെട്ടികളിൽനിന്നും എറണാകുളത്തേയ്ക്ക് ബോട്ട് സർവീസ് ആരംഭിക്കാൻ കഴിയുമോയെന്ന് പരിശോധിക്കുന്നതാണ്.

(13) ഭിന്നശേഷിക്കാരായ കുട്ടികളുടെ മാതാപിതാക്കൾക്ക് ജോലി സംവരണം

ശ്രീ. പി. വി. ശ്രീനിജിൻ: ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട കുട്ടികളുടെ മാതാപിതാക്കൾക്ക് സർക്കാർ/അർദ്ധസർക്കാർ സ്ഥാപനങ്ങളിലെ താൽക്കാലിക ജോലികളിൽ സംവരണമേർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കണം.

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സംസ്ഥാനത്തെ തീവ്രഭിന്നശേഷിക്കാരായ കുട്ടികളുടെ മാതാപിതാക്കൾക്ക് സർക്കാർ/അർദ്ധസർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നടത്തിവരുന്ന താൽക്കാലിക നിയമനങ്ങളിൽ സംവരണം ഏർപ്പെടുത്തുന്ന കാര്യം പരിഗണനയിലില്ല. നിയമസാധുത പരിശോധിച്ച് പ്രസ്തുത വിഷയം അനുഭാവപൂർവ്വം പരിഗണിക്കുന്നതാണ്.

(14) അകത്തേത്തറ-നടക്കാവ് റെയിൽവേ മേൽപ്പാലം നിർമ്മാണം

ശ്രീ. എ. പ്രഭാകരൻ: മലമ്പുഴ നിയോജകമണ്ഡലത്തിലെ അകത്തേത്തറ-നടക്കാവ് റെയിൽവേ മേൽപ്പാല നിർമ്മാണ പ്രവൃത്തി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): അകത്തേത്തറ-നടക്കാവ് റെയിൽവേ മേൽപ്പാലത്തിന്റെ റെയിൽവേ ഭാഗം ഒഴികെ 16 സ്പാനുകളുടെ മുഴുവൻ സബ്സ്ട്രക്ചറും റീടെയിനിംഗ് വാളിന്റെ 95 ശതമാനവും ഡ്രെയ്നേജിന്റെ 80 ശതമാനവും പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. റെയിൽവേ നേരിട്ട് ചെയ്യുന്ന പ്രവൃത്തികൾക്ക് 11 കോടി 82 ലക്ഷം രൂപ സംസ്ഥാന സർക്കാർ റെയിൽവേയിൽ നിക്ഷേപിക്കുകയും ടെൻഡർ നടപടി പൂർത്തീകരിച്ച് വർക്ക് അവാർഡ് ചെയ്യുകയും ചെയ്തിട്ടുണ്ട്. റെയിൽവേ മേൽപ്പാലങ്ങളുടെ പ്രവൃത്തി പൂർത്തീകരിക്കുന്നതിലുള്ള കാലതാമസവുമായി ബന്ധപ്പെട്ട് റെയിൽവേ അധികൃതരുടെ യോഗം വിളിച്ചുചേർത്ത് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

## (15) ചെറുകോൽപ്പുഴ-മണിയാർ റോഡ് നിർമ്മാണം

ശ്രീ. പ്രമോദ് നാരായൺ: റാന്നി നിയോജകമണ്ഡലത്തിലെ ചെറുകോൽപ്പുഴ-മണിയാർ റോഡ് നവീകരിക്കുന്നതിന് നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): റാന്നി നിയോജകമണ്ഡലത്തിലെ ചെറുകോൽപ്പുഴ-മണിയാർ റോഡ് നവീകരിക്കുന്നതിന് കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി 30 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഭൂമി സൗജന്യമായി ഏറ്റെടുക്കുകയും ആവശ്യത്തിനനുസൃതമായി സംരക്ഷണഭിത്തി നിർമ്മിക്കുകയും ചെയ്യുന്ന രീതിയിലാണ് പദ്ധതി പുനരാവിഷ്കരിച്ചിരിക്കുന്നത്. പ്രോജക്ട് എക്സിക്യൂഷൻ ഡോക്യുമെന്റിനനുസൃതമായ എസ്റ്റിമേറ്റ് തയ്യാറാക്കിവരികയാണ്. കെ.എസ്.ഇ.ബി.എൽ., കേരള വാട്ടർ അതോറിറ്റി എന്നിവയിൽനിന്നും യൂട്ടിലിറ്റി ഷിഫ്റ്റിംഗ് എസ്റ്റിമേറ്റ് ലഭ്യമാകുന്നമുറയ്ക്ക് പ്രവൃത്തിക്ക് സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(16) <u>നാട്ടുകാണി-പരപ്പനങ്ങാടി റോഡ് നവീകരണം</u>

<u>ശ്രീ. പി. കെ. ബഷീർ</u>: മലപ്പുറം ജില്ലയിലെ നാട്ടുകാണി-പരപ്പനങ്ങാടി റോഡ് നവീകരണ പ്രവൃത്തി പുനരാരംഭിച്ച് ഗതാഗതയോഗ്യമാക്കാൻ നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (<u>ശ്രീ. പി. എ. മുഹമ്മദ് റിയാസ്</u>): മലപ്പുറം ജില്ലയിലെ നാട്ടുകാണി-പരപ്പനങ്ങാടി റോഡ് പുനരുദ്ധാരണത്തിന്റെ ഭാഗമായി 39.6 കിലോമീറ്റർ ദൂരത്തിലുള്ള പ്രവൃത്തി പൂർത്തീകരിക്കുകയും 66.1 കിലോമീറ്റർ റോഡ് നവീകരിക്കുന്നതിനുള്ള പ്രൊപ്പോസൽ ധനകാര്യ വകുപ്പിന് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഏഴ് നിയോജകമണ്ഡലങ്ങളിലെ എല്ലാ ജനപ്രതിനിധികളെയും ഉൾപ്പെടുത്തിക്കൊണ്ട് യോഗം ചേർന്ന് തുടർ നടപടി സ്വീകരിക്കുന്നതാണ്.

(17) <u>വിശ്വകർമ്മ സമുദായത്തിലെ പ്രശ്നങ്ങൾ</u>

<u>ശ്രീ. കെ. ഡി. പ്രസേനൻ</u>: വിശ്വകർമ്മ സമുദായത്തിലെ പരമ്പരാഗത തൊഴിലാളികൾ നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണാനും പെൻഷൻ വിതരണം പുനരാരംഭിക്കാനും പി.എം വിശ്വകർമ്മ യോജന രജിസ്ട്രേഷനിലെ സാങ്കേതിക ബുദ്ധിമുട്ടുകൾ പരിഹരിക്കാനും ഇവരെ ഒ.ഇ.സി. കാറ്റഗറിയിൽ ഉൾപ്പെടുത്താനും നടപടി സ്വീകരിക്കണം.

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി (ശ്രീ. ഒ. ആർ. കേളു): കുടുംബ വാർഷിക വരുമാനം ഒരു ലക്ഷം രൂപയിൽ അധികരിക്കാത്ത 60 വയസ് കഴിഞ്ഞ വിശ്വകർമ്മജർക്ക് 1,600/- രൂപ പ്രതിമാസ പെൻഷൻ നൽകുന്നുണ്ട്. ടൂൾകിറ്റ് ഗ്രാന്റ് പദ്ധതിയിലൂടെ ആധുനിക പണിയായുധങ്ങൾ വാങ്ങുന്നതിന് 20,000/- രൂപ വരെ ഗ്രാന്റ് അനുവദിക്കുന്നതോടൊപ്പം പിന്നാക്ക വിഭാഗ വികസന കോർപ്പറേഷന്റെ വായ്പയും സഹായവും ഉറപ്പുവരുത്തുന്നുണ്ട്. വിശ്വകർമ്മജർക്ക് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിക്കുന്നുണ്ട്. ഈ വിഭാഗത്തിന് സർക്കാർ സർവീസിൽ സംവരണം ഏർപ്പെടുത്തുകയും ഒ.ബി.സി. വിഭാഗങ്ങൾക്ക് നൽകുന്ന എല്ലാ വിദ്യാഭ്യാസാനുകൂല്യങ്ങളും ലഭ്യമാക്കുകയും ചെയ്യുന്നുണ്ട്. പി.എം. വിശ്വകർമ്മ യോജന രജിസ്ട്രേഷനിൽ നിലനിൽക്കുന്ന സാങ്കേതിക ബുദ്ധിമുട്ടുകൾ ബന്ധപ്പെട്ട അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. സുപ്രീംകോടതിയുടെ അന്തിമ വിധി വരുന്നമുറയ്ക്ക് ജാതി സെൻസസ് സംബന്ധിച്ച വിഷയം സർക്കാർ പരിശോധിക്കുന്നതാണ്.

(18) പട്ടികജാതി പട്ടികവർഗ വിഭാഗത്തിൽപ്പെട്ട വിദ്യാർഥികൾക്കുള്ള ഇ-ഗ്രാന്റ്സ്

ശ്രീ. എ. പി. അനിൽ കുമാർ: എസ്.സി./എസ്.ടി. വിദ്യാർഥികൾക്ക് ലഭിക്കേണ്ട വിദ്യാഭ്യാസാനുകൂല്യങ്ങൾ സമയബന്ധിതമായി വിതരണം ചെയ്യാൻ നടപടി സ്വീകരിക്കണം.

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി (ശ്രീ. ഒ. ആർ. കേളു): 1 മുതൽ 10 വരെ ക്ലാസുകളിലെ വിദ്യാർഥികളുടെ പ്രീ-മെട്രിക് സ്കോളർഷിപ്പ് 2023-24 വരെയും ലംപ്സം ഗ്രാന്റും സ്റ്റൈപ്പന്റും 2024-25-വരെയും വിതരണം ചെയ്തിട്ടുണ്ട്. 9, 10 ക്ലാസുകളിലെ കേന്ദ്ര സ്കോളർഷിപ്പ് വിഹിതം ലഭിച്ചിട്ടില്ല.

(വിശദമായ മറുപടി മേശപ്പുറത്തുവച്ചു)

(19) കോട്ടയം മെഡിക്കൽ കോളേജിലെ സ്കാനിംഗ് സംവിധാനം

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: കോട്ടയം മെഡിക്കൽ കോളേജിലെ സ്കാനിംഗ് സംവിധാനം പുനരാരംഭിക്കാനും മെൻസ് ഹോസ്റ്റൽ കെട്ടിട നിർമ്മാണം പൂർത്തീകരിക്കാനും ജീവനക്കാരുടെ ഒഴിവുകൾ പി.എസ്.സി. മുഖേനയും താൽക്കാലിക നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലൂടെയും നികത്താനും നടപടി സ്വീകരിക്കണം.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): കോട്ടയം മെഡിക്കൽ കോളേജിൽ 600 കോടി രൂപയുടെ വികസന പ്രവർത്തനങ്ങളാണ് നടക്കുന്നത്. രണ്ട് പുതിയ സി.ടി. സ്കാൻ മെഷീൻ അനുവദിച്ചിട്ടുണ്ട്. ഡോക്ടർമാരെയും സാങ്കേതിക വിദഗ്ധരെയും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി ലഭിക്കാതെ വരുമ്പോഴാണ് മറ്റ് ടെസ്റ്റുകൾ നടത്തി നിയമിക്കുന്നത്. എൻ.എച്ച്.എം. മുഖേനയും മെഡിക്കൽ ഓഫീസർമാരുടെയും സപ്പോർട്ടിംഗ് സ്റ്റാഫിന്റെയും നിയമനം നടത്തുന്നുണ്ട്.

(20) ആശാ വർക്കർമാരുടെ വിവിധ ആവശ്യങ്ങൾ

ശ്രീ. കെ. പി. മോഹനൻ: ആശാ വർക്കർമാരുടെ ഓണറേറിയം വർധിപ്പിക്കുന്നതിനും മറ്റ് ഫീൽഡ്തല ജോലികളിൽനിന്നും അവരെ ഒഴിവാക്കുന്നതിനും പെൻഷൻ പ്രായം വർദ്ധിപ്പിക്കുന്നതിനും സ്വയം വിരമിക്കാനുള്ള അവസരം നൽകുന്നതിനും ശൈലി ആപ് സർവ്വെയ്ക്കുള്ള സമയം ദീർഘിപ്പിക്കുന്നതിനും ഇൻസെന്റീവുകൾ സമയബന്ധിതമായി വിതരണം ചെയ്യുന്നതിനും നടപടി സ്വീകരിക്കണം.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): ആശാ വർക്കർമാരുടെ ഓണറേറിയം 7,000 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. ശൈലി ആപ് സർവ്വെയ്ക്കുള്ള ഇൻസെന്റീവ് ഈ വർഷവും

നൽകുന്നതാണ്. ആശാ വർക്കർമാരുടെ ഇൻസെന്റീവ് വർധിപ്പിക്കണമെന്ന ആവശ്യം അനുഭാവപൂർവ്വം പരിഗണിക്കാമെന്ന് കേന്ദ്ര ഗവൺമെന്റ് അറിയിച്ചിട്ടുണ്ട്. മറ്റ് കാര്യങ്ങൾ സർക്കാരിന്റെ പരിഗണനയിലാണ്.

## V റിപ്പോർട്ടുകളുടെ സമർപ്പണം:

താഴെപ്പറയുന്ന റിപ്പോർട്ടുകൾ സമർപ്പിച്ചു.

(1) ഹർജികൾ സംബന്ധിച്ച സമിതിയുടെ നാലാമത് റിപ്പോർട്ട്

(2) സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റിയുടെ മുപ്പത്തിയഞ്ചും മുപ്പത്തിയാറും റിപ്പോർട്ടുകൾ

(3) യുവജനക്ഷേമവും യുവജനകാര്യവും സംബന്ധിച്ച സമിതിയുടെ അഞ്ചാമത് റിപ്പോർട്ട്

## VI നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിന്മേലുള്ള ചർച്ച

### വയനാട് ദുരന്തമേഖലയിലെ പുനരധിവാസ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തൽ

ശ്രീ. ടി. സിദ്ദിഖ്: നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിന്മേലുള്ള ചർച്ചയ്ക്കായി സഭ ഇപ്പോൾ നിർത്തിവയ്ക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ്: ഉപക്ഷേപത്തെ പിന്താങ്ങുന്നു.

<u>ശ്രീ. ടി. സിദ്ദിഖ്</u>: വയനാട് ജില്ലയിലുണ്ടായ സമാനതകളില്ലാത്ത ദുരന്തത്തിൽ മേപ്പാടി പഞ്ചായത്തിലെ ചൂരൽമല, മുണ്ടക്കൈ പ്രദേശങ്ങൾ പൂർണ്ണമായി തകരുകയും നിരവധി ജീവനുകൾ നഷ്ടപ്പെടുകയും ചെയ്തു. ദുരന്തത്തിന്റെ പ്രഭവസ്ഥാനമായ പുഞ്ചിരിമറ്റം ഉരുൾപൊട്ടൽ സാധ്യതയുള്ള പ്രദേശമായിരുന്നിട്ടും മഴ മുന്നറിയിപ്പ് നൽകി ക്രമീകരണങ്ങൾ നടത്താൻ കഴിഞ്ഞില്ലെന്നത് ഖേദകരമാണ്. പെയ്ത മഴയുടെ അളവ് കണക്കാക്കി കൃത്യമായ അലെർട്ട് നൽകുന്നതിൽ വീഴ്ച സംഭവിച്ചതും ഉരുൾപൊട്ടലിനുശേഷം റെഡ് അലെർട്ട് പ്രഖ്യാപിച്ചതും തുടർച്ചയായി ജില്ലാ കളക്ടർമാരെ മാറ്റിയതും ദുരന്ത നിവാരണ വകുപ്പ് പ്രവർത്തിക്കാത്തതും ഗുരുതര വീഴ്ചയാണ്. പുനരധിവാസം സമയബന്ധിതമായി നടക്കുന്നുവെന്ന് ഉറപ്പാക്കണം. വയനാട് പുനരധിവാസത്തിന് കേന്ദ്ര സഹായം ലഭ്യമാക്കുന്നതിനും പുനരധിവാസത്തിന് കണ്ടെത്തിയ സ്ഥലങ്ങൾ ഏറ്റെടുക്കുന്നതിനും ദുരന്തബാധിതരുടെ ലോണുകൾ എഴുതിത്തള്ളുന്നതിനും ഉറ്റവർ നഷ്ടപ്പെട്ട കുട്ടികൾക്ക് ജോലി നൽകുന്നതിനും കാണാതായവരെ വീണ്ടെടുക്കുന്നതിന് തിരച്ചിൽ പുനരാരംഭിക്കുന്നതിനും മലബാർ മേഖലയിൽ ഡോപ്ലർ റഡാറുകൾ സ്ഥാപിക്കുന്നതിനും നടപടി സ്വീകരിക്കണം.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: വയനാട് ജില്ലയിലെ പരിസ്ഥിതി ദുർബല മേഖലകളിലുൾപ്പെടാത്ത സ്ഥലങ്ങളിൽപ്പോലും അപകടങ്ങളുണ്ടാകുന്ന സാഹചര്യത്തിൽ ഇതുസംബന്ധിച്ച് പഠനങ്ങൾ നടത്തുകയും സാങ്കേതിക സൗകര്യങ്ങൾ വർദ്ധിപ്പിച്ച് പ്രകൃതി ദുരന്തങ്ങൾ മുൻകൂട്ടി കാണാൻ സാധിക്കുമോയെന്ന് പരിശോധിക്കുകയും ചെയ്യണം. ചൂരൽമല ദുരന്തത്തിൽ രാഷ്ട്രീയഭേദമന്യേ സമാനതകളില്ലാത്ത രക്ഷാപ്രവർത്തനം നടത്തിയതും മന്ത്രിമാരും എം.എൽ.എ.-മാരുമടങ്ങുന്ന സംഘം ക്യാമ്പ് ചെയ്ത് രക്ഷാപ്രവർത്തനം ഏകോപിപ്പിച്ചതും മാതൃകാപരമായ പുനരധിവാസം നടത്തിയതും ദുരന്തത്തിനിരയായവരുടെ കുടുംബത്തിനും പരിക്കേറ്റവർക്കും അടിയന്തര ധനസഹായം നൽകിയതും ശ്ലാഘനീയമാണ്. രക്ഷകർത്താക്കൾ നഷ്ടപ്പെട്ട കുട്ടികൾക്ക് ധനസഹായം നൽകുന്നതോടൊപ്പം അവരുടെ പുനരധിവാസവും വിദ്യാഭ്യാസവും ഉറപ്പുവരുത്തണം. ദുരന്തത്തിൽ നഷ്ടപ്പെട്ട രേഖകൾ ലഭ്യമാക്കുന്നതിന് വിവിധ വകുപ്പുകൾ നടത്തിയ പ്രവർത്തനത്തെ അഭിനന്ദിക്കുന്നു. കടാശ്വാസത്തിന്റെ ഭാഗമായി മൊറട്ടോറിയം പ്രഖ്യാപിച്ചതോടൊപ്പം റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുമായി ബന്ധപ്പെട്ട് കടങ്ങൾ എഴുതിതള്ളുന്നതിന് നടപടി സ്വീകരിക്കണം. പ്രകൃതി ദുരന്തത്തിൽ

കേരളത്തിനാവശ്യമായ ധനസഹായം ലഭ്യമാക്കാത്ത കേന്ദ്ര സർക്കാർ നടപടിയിൽ പ്രതിഷേധിക്കാനും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് കക്ഷി രാഷ്ട്രീയ ഭേദമില്ലാതെ സംഭാവന നൽകണമെന്ന് ആഹ്വാനം ചെയ്യാനും പ്രതിപക്ഷം തയ്യാറാകണം.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: പുഞ്ചിരിമറ്റം, മുണ്ടക്കൈ, ചൂരൽമല പ്രദേശങ്ങളിലെ ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ മന്ത്രിമാരും എം.എൽ.എ.-മാരും ഉദ്യോഗസ്ഥരുമടങ്ങുന്ന സംഘം അവിടെ ക്യാമ്പ് ചെയ്ത് രക്ഷാപ്രവർത്തനം ഏകോപിപ്പിക്കുകയും പ്രതിപക്ഷ പാർട്ടിയുടെ ദേശീയ നേതാക്കളടക്കം സന്ദർശനം നടത്തുകയും ചെയ്തിട്ടുണ്ട്. മഴയുടെ തോത് വർദ്ധിച്ച സാഹചര്യത്തിൽ അപകടാവസ്ഥയിലുള്ള സ്ഥലങ്ങളിൽനിന്നും ജനങ്ങളെ സുരക്ഷിത സ്ഥലങ്ങളിലേയ്ക്ക് മാറ്റിപ്പാർപ്പിക്കുന്നതിൽ സർക്കാരിന് വീഴ്ച സംഭവിച്ചിട്ടുണ്ട്. പ്രഖ്യാപിക്കപ്പെട്ട ടൗൺഷിപ്പ്, ദുരന്തബാധിതരുടെ വീട്ടുവാടക, ചികിത്സാ സഹായം, വീട് നിർമ്മാണം എന്നിവുമായി ബന്ധപ്പെട്ട പാക്കേജിനെ സംബന്ധിച്ച് കുടുതൽ വ്യക്തത വരുത്തണം. വീട് നിർമ്മിച്ചുനൽകാൻ സന്നദ്ധത പ്രകടിപ്പിക്കുന്നവരെ ഏകോപിപ്പിച്ച് നടപടി സ്വീകരിക്കാൻ തയ്യാറാകണം.

<u>ശ്രീ. ഇ. കെ. വിജയൻ</u>: ചൂരൽമല ദുരന്തത്തെ നേരിടുന്നതിന് യുദ്ധകാലാടിസ്ഥാനത്തിൽ നടപടികൾ സ്വീകരിക്കാൻ സർക്കാരിന് സാധിച്ചിട്ടുണ്ട്. മേപ്പാടി മേഖലയിലുണ്ടായ ദുരന്തം നേരിടുന്നതിന് ദുരന്തനിവാരണ അതോറിറ്റി സ്ഥിതിഗതികൾ വിലയിരുത്തുകയും മന്ത്രിമാരും നിയമസഭാംഗങ്ങളും രക്ഷാപ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുകയുമുണ്ടായി. പുനരധിവാസ പ്രവർത്തനങ്ങൾ നല്ലരീതിയിൽ പുരോഗമിക്കുകയാണ്. ഉരുൾപൊട്ടൽ സാധ്യതകളെക്കുറിച്ചുള്ള മുന്നറിയിപ്പുകൾ നേരത്തെ നൽകിയിട്ടുണ്ടെന്ന കേന്ദ്ര ആഭ്യന്തര വകുപ്പുമന്ത്രിയുടെ പ്രസ്താവന അപലപനീയമാണ്. ഉരുൾപൊട്ടലുണ്ടാകുന്ന മേഖലകളിലെ വീടുകളിൽ മഴമാപിനി സ്ഥാപിക്കേണ്ടത് അനിവാര്യമാണ്. വയനാട് ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ പൊതുമേഖലാ ബാങ്കുകളിൽനിന്നും കർഷകരെടുത്ത വായ്പ എഴുതിത്തള്ളാനാവശ്യമായ നടപടി സ്വീകരിക്കണം.

<u>ശ്രീ. മോൻസ് ജോസഫ്</u>: വയനാട് ദുരന്തത്തിൽ കേരളത്തെ സഹായിക്കാൻ തയ്യാറാകാത്ത കേന്ദ്ര സർക്കാരിന്റെ നിലപാട് പ്രതിഷേധാർഹമാണ്. വയനാട് പുനരധിവാസ പദ്ധതി പരമാവധി വേഗത്തിൽ യാഥാർത്ഥ്യമാക്കണം. ദുരന്തഭൂമിയിൽനിന്നും കാണാതായവരെ

കണ്ടെത്താനുള്ള നടപടി സ്വീകരിക്കണം. കാർഷികമേഖലയുടെ പുനരുജ്ജീവനത്തിന് പരിഗണന നൽകണം.

ശ്രീ. പി. ടി. എ. റഹീം: വയനാട് ദുരന്തത്തിൽ സാധ്യമായ എല്ലാ സംവിധാനങ്ങളെയും സാധ്യതകളെയും യോജിപ്പിച്ചുകൊണ്ടുള്ള രക്ഷാപ്രവർത്തനമാണ് സർക്കാർ നടത്തിയത്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് സംഭാവന നൽകാൻ പ്രതിപക്ഷ എം.പി.-മാർ തയ്യാറാകണം. വയനാട് ദുരന്തത്തെ ദേശീയദുരന്തമായി പ്രഖ്യാപിക്കാൻ തയ്യാറാകാത്ത കേന്ദ്ര സർക്കാർ നടപടി പ്രതിഷേധാർഹമാണ്. സർക്കാരിനെതിരെ പുകമറ സൃഷ്ടിക്കാനുള്ള ശ്രമമാണ് നടക്കുന്നത്. പൊതുമേഖലാ ബാങ്കുകളിൽനിന്നും കർഷകരെടുത്ത വായ്പ എഴുതിത്തള്ളുന്നതിന് പ്രതിപക്ഷ എം.പി.-മാർ കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തണം.

ശ്രീമതി കെ. കെ. രമ: ദുരന്തബാധിത മേഖലയിൽ പ്രാരംഭ ഘട്ടത്തിൽ നടത്തിയ മാതൃകാപരമായ പ്രവർത്തനങ്ങളിൽനിന്ന് സർക്കാർ പിന്നാക്കം പോകുന്ന സാഹചര്യമുണ്ടാകരുത്. പുനരധിവാസ പാക്കേജ് സമയബന്ധിതമായി നടപ്പാക്കണം. പ്രകൃതി ദുരന്തങ്ങളുടെ അതിജീവനത്തിന് ധനസഹായം ഉറപ്പാക്കാൻ ബജറ്റിൽ പ്രത്യേകമായി തുക വകയിരുത്തണം. അർഹമായ കേന്ദ്ര സഹായം നേടിയെടുക്കുന്നതിന്

സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്ന് ശക്തമായ ഇടപെടലുണ്ടാകണം. ആവർത്തിക്കപ്പെടുന്ന ഇത്തരം പ്രകൃതി ദുരന്തങ്ങളുടെ കൃത്യമായ പ്രവചനത്തിനും പ്രതികരണത്തിനുമായി ശാസ്ത്രീയ പഠനം നടത്തണം.

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: വയനാട്-വിലങ്ങാട് ദുരന്തനിവാരണവുമായി ബന്ധപ്പെട്ട സർക്കാരിന്റെ പ്രവർത്തനങ്ങൾ മാതൃകാപരമാണ്. കേന്ദ്ര ദുരന്തപ്രതികരണ നിധിയിൽനിന്നും സഹായം ലഭിക്കുന്നതിനായി പ്രതീക്ഷിത ചെലവിനെ യഥാർത്ഥ ചെലവായി ചിത്രീകരിച്ച മാധ്യമങ്ങളുടെ നിലപാട് ഖേദകരമാണ്. വയനാട് ദുരന്തത്തിൽ അർഹമായ സഹായധനം നൽകാത്ത കേന്ദ്ര നിലപാടിനെതിരെ പ്രതിഷേധിക്കാൻ പ്രതിപക്ഷവും തയ്യാറാകണം. ദേശസാൽകൃത ബാങ്കുകളുമായി താരതമ്യം ചെയ്യുമ്പോൾ ദുരന്തബാധിതരോടുള്ള കേരള ബാങ്കിന്റെ മനോഭാവം മാതൃകാപരമാണ്.

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): ദുരന്ത മേഖലയിൽ സംസ്ഥാന സർക്കാർ നടത്തിയ പ്രവർത്തനങ്ങൾ മാതൃകാപരമാണ്. ദേശീയ ദുരന്തപ്രതികരണ നിധിയിൽനിന്നും സംസ്ഥാനത്തിന് അർഹമായ തുക ലഭ്യമാക്കുന്നതിനായി ഭരണ-പ്രതിപക്ഷ ഭേദമന്യേ യോജിച്ച് പ്രവർത്തിക്കണം.

<u>ശ്രീ. കെ. പി. മോഹനൻ</u>: വയനാട് ദുരന്തബാധിത മേഖലയിലെ പുനരധിവാസ പ്രവർത്തനങ്ങൾക്ക് ധനസഹായം നൽകാതെ നിസംഗത തുടരുന്ന കേന്ദ്ര സർക്കാരിന്റെ നിലപാട് പ്രതിഷേധാർഹമാണ്. ദുരന്തത്തിൽ മാതാപിതാക്കൾ നഷ്ടപ്പെട്ട കുട്ടികൾക്ക് ധനസഹായം പ്രഖ്യാപിച്ച നടപടി പ്രശംസനീയമാണ്. പുനരധിവാസ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. നമ്മുടെ സംസ്ഥാനം ദുരന്ത സാധ്യതാ മേഖലയായതിനാൽ ഇത്തരത്തിലുള്ള പ്രകൃതി ദുരന്തങ്ങൾ ആവർത്തിക്കാതിരിക്കാനുള്ള മുൻകരുതൽ നടപടി സ്വീകരിക്കണം. വ്യക്തികൾ മുന്നോട്ടുവയ്ക്കുന്ന സഹായങ്ങൾ പരമാവധി സ്വീകരിച്ച് വയനാട് പുനരധിവാസ നടപടികൾ ത്വരിതപ്പെടുത്താനും കൃഷി ചെയ്യാനുതകുന്ന തരത്തിൽ ദുരന്തമേഖലയെ സജ്ജമാക്കാനും കഴിയണം. വിദ്യാലയങ്ങളുടെ പുനർനിർമ്മാണമുൾപ്പെടെയുള്ള പുനരധിവാസ പ്രവർത്തനങ്ങളിൽ എൻ.സി.സി.-എസ്.പി.സി. ഉൾപ്പെടെയുള്ള സംഘടനകളെ അണിനിരത്തി സർക്കാർ നടത്തിയ ക്രിയാത്മകമായ ഇടപെടൽ അഭിനന്ദനാർഹമാണ്. വയനാട് പുനരധിവാസത്തിന് കേന്ദ്രസഹായം നേടിയെടുക്കാൻ ഭരണ-പ്രതിപക്ഷ ഭേദമന്യേ യോജിച്ച നടപടി സ്വീകരിക്കണം.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: വയനാട്ടിൽ അഭയാർത്ഥി ക്യാമ്പുകളിൽ കഴിയുന്നവരുൾപ്പെടെയുള്ളവരുടെ പുനരധിവാസ പ്രവർത്തനങ്ങൾക്ക് പ്രാരംഭഘട്ടത്തിലുണ്ടായിരുന്ന വേഗത പിന്നീട് ഉണ്ടായില്ലെന്നത് ഖേദകരമാണ്. ദുരന്തത്തിനിരയായവരുടെ കടങ്ങൾ എഴുതിത്തള്ളുന്നതിനും പുനരധിവാസത്തിന് ആവശ്യമായ സ്ഥലം കണ്ടെത്തുന്നതിനും ഇതുവരെ നടപടി സ്വീകരിച്ചിട്ടില്ല. ആളോഹരി സഹായധനമായി ലഭ്യമാക്കേണ്ട തുക സംബന്ധിച്ച് വ്യക്തത വരുത്താത്തത് ഗുരുതര വീഴ്ചയാണ്. പ്രധാനമന്ത്രി വയനാട് ദുരന്ത മേഖല സന്ദർശിച്ച് സ്ഥിതിഗതികൾ വിലയിരുത്തിയിട്ടും അർഹമായ ധനസഹായം ലഭ്യമാക്കാതെ കേരളത്തെ അവഗണിച്ചത് പ്രതിഷേധാർഹമാണ്. ആവർത്തിക്കപ്പെടുന്ന പ്രകൃതി ദുരന്തങ്ങളുടെ പ്രവചനത്തിനായി മുന്നറിയിപ്പ് സംവിധാനങ്ങൾ ശക്തിപ്പെടുത്തണം.

ശ്രീ. കെ. വി. സുമേഷ്: ദുരന്തത്തിൽ സർവ്വവും നഷ്ടപ്പെട്ട മനുഷ്യരെ ജീവിതത്തിലേയ്ക്ക് തിരിച്ചുകൊണ്ടുവരാനായി സമഗ്ര പുനരധിവാസ സംവിധാനങ്ങളാണ് സർക്കാർ നടപ്പാക്കിയത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉൾപ്പെടെയുള്ള മന്ത്രിമാർ ദുരന്തമേഖല സന്ദർശിച്ച് സ്ഥിതിഗതികൾ സൂക്ഷ്മമായി വിലയിരുത്തുകയും വേഗതയിൽ പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോകുകയും ചെയ്തു. പുനരധിവാസ പ്രവർത്തനങ്ങളുടെ

രണ്ടാംഘട്ടത്തിൽ സാങ്കേതികത്വത്തിന്റെ പേരിൽ സ്വാഭാവിക വേഗതക്കുറവ് ഉണ്ടായിട്ടുണ്ട്. ദുരന്തസാധ്യത മുന്നറിയിപ്പ് നൽകുന്ന കാര്യത്തിൽ കേന്ദ്ര സർക്കാരിന്റെ ഭാഗത്തുനിന്നും ഗുരുതര വീഴ്ചയുണ്ടായിട്ടുണ്ട്. തുടർച്ചയായി നിരവധി ദുരന്തങ്ങൾ ഉണ്ടായിട്ടും യാതൊരു ധനസഹായവും ലഭ്യമാക്കാത്ത കേന്ദ്ര സർക്കാർ നടപടി തികച്ചും അപലപനീയമാണ്.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): വയനാട് ദുരന്തവുമായി ബന്ധപ്പെട്ട് പൂർണ്ണമായ സഹകരണമാണ് പ്രതിപക്ഷത്തിന്റെ ഭാഗത്തുനിന്നുമുണ്ടായിട്ടുള്ളത്. വയനാട് പുനരധിവാസ പ്രവർത്തനങ്ങൾക്കായി ധനസഹായം ലഭ്യമാക്കാത്ത കേന്ദ്രസർക്കാർ നടപടി അപലപനീയമാണ്. അർഹമായ ധനസഹായം നേടിയെടുക്കാനായി കേന്ദ്രഗവൺമെന്റിൽ ശക്തമായ സമ്മർദ്ദം ചെലുത്തണം. പുനരധിവാസ പ്രവർത്തനങ്ങൾ വേഗത്തിലാക്കാനും സർക്കാർ പ്രഖ്യാപിച്ച ധനസഹായം ദുരന്തബാധിതർക്ക് സമയബന്ധിതമായി ലഭ്യമാക്കാനും നടപടി സ്വീകരിക്കണം. മൈക്രോ ലെവൽ ഫാമിലി പാക്കേജിന് രൂപം നൽകാനും ഓരോ കുടുംബത്തിന്റെയും സാഹചര്യം വിലയിരുത്തി പുനരധിവാസം ഉറപ്പാക്കാനും കഴിയണം. നാനാജാതി മതസ്ഥർക്കും ഒരുമിച്ച് ജീവിക്കാൻ കഴിയുന്ന സാമൂഹ്യാന്തരീക്ഷം സൃഷ്ടിക്കണം. ഉരുൾപൊട്ടൽ സാധ്യതാ

മേഖലകളിൽ മഴമാപിനികൾ സ്ഥാപിക്കണം. മഴയുടെ അളവ്, കാലാവസ്ഥാ പ്രവചനം എന്നിവയെ ബന്ധപ്പെടുത്തി ലഭിക്കുന്ന ഡാറ്റ ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ സഹായത്തോടെ മുൻകരുതൽ നടപടികൾക്കായി ഉപയോഗപ്പെടുത്തണം. വയനാട്ടിൽ ചൂരൽമലയിലും മുണ്ടക്കൈയിലും ഉരുൾ പൊട്ടൽ ഉണ്ടാകുന്നതിന്റെ തലേദിവസം ഹ്യൂം സെന്റർ മുന്നറിയിപ്പ് നൽകിയെങ്കിലും സർക്കാർ ആവശ്യമായ നടപടി സ്വീകരിച്ചില്ല. ജനങ്ങളുടെ പ്രാചീന അറിവുകളും ശാസ്ത്രീയ സംവിധാനങ്ങളും സംയോജിപ്പിച്ച് പ്രകൃതി ദുരന്തങ്ങൾ മുൻകൂട്ടി മനസ്സിലാക്കാൻ സംവിധാനമുണ്ടാക്കണം. പുനരധിവാസ പ്രവർത്തനങ്ങൾക്കായി കേന്ദ്ര സഹായം നേടിയെടുക്കാനുള്ള ശ്രമത്തിൽ പ്രതിപക്ഷത്തിന്റെ സഹകരണമുണ്ടാകുന്നതാണ്. പുനരധിവാസ പ്രവർത്തനങ്ങൾ വേഗത്തിലാക്കാൻ നടപടി സ്വീകരിക്കണം.

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി (<u>ശ്രീ. ഒ. ആർ. കേളു</u>): വയനാട്ടിലെ മുണ്ടക്കൈ-ചൂരൽമല മേഖലയിലുണ്ടായ ഉരുൾപൊട്ടലിൽ മനുഷ്യസാധ്യമായ എല്ലാ കാര്യങ്ങളും സർക്കാർ ചെയ്തിട്ടുണ്ട്. ദുരിതാശ്വാസ ക്യാമ്പുകളിൽ പരാതിക്കിടനൽകാതെ എല്ലാ സൗകര്യങ്ങളും ഏർപ്പെടുത്താൻ സർക്കാരിന് സാധിച്ചിട്ടുണ്ട്. വയനാടിന്റെ പുനരധിവാസ പ്രക്രിയയിൽ കേരളത്തെ അവഗണിക്കുന്ന സമീപനമാണ്

കേന്ദ്ര സർക്കാർ സ്വീകരിക്കുന്നത്. ദുരന്തത്തിൽപ്പെട്ടവരെ സഹായിക്കാനും പുനരധിവാസ പ്രവർത്തനങ്ങളിൽ പങ്കാളികളാകാനും അനേകം ആളുകളും സംഘടനകളും സ്ഥാപനങ്ങളും മുന്നോട്ടുവന്നിട്ടുണ്ട്. പുനരധിവാസ പ്രവർത്തനങ്ങൾ വളരെ വേഗത്തിൽ പൂർത്തിയാക്കാൻ ഇനിയും എല്ലാവരുടെയും സഹായസഹകരണമുണ്ടാകണം.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): വയനാട് ഉരുൾപൊട്ടലിൽ ദുരന്തബാധിതരായ മുഴുവൻ പേരെയും പുനരധിവസിക്കപ്പെടുന്നതുവരെ എല്ലാവരുടെയും കൂട്ടായ പ്രവർത്തനമുണ്ടാകണം. ചൂരൽമലയിലാണ് ദുരന്തമുണ്ടായതെങ്കിലും അതിന്റെ അവശിഷ്ടങ്ങൾ ലഭ്യമായത് മലപ്പുറം ചാലിയാർപ്പുഴ ഉൾപ്പെടെയുള്ള പ്രദേശങ്ങളിൽ നിന്നാണ്. ആദ്യദിവസങ്ങളിൽ ആറ് മേഖലകളായി തരംതിരിച്ചുകൊണ്ടുള്ള തിരച്ചിൽ പ്രവർത്തനങ്ങൾ ആരംഭിക്കുകയും കേന്ദ്ര-സംസ്ഥാന സേനകളെ ഓരോ പ്രദേശത്തേയ്ക്ക് വിന്യസിക്കുകയും ചെയ്തു. മന്ത്രിമാരുടെയും എം.എൽ.എ.-മാരുടെയും നേതൃത്വത്തിൽ ആയിരക്കണക്കിനാളുകളെ പങ്കെടുപ്പിച്ചുകൊണ്ട് ജനകീയ തിരച്ചിലും സൂചിപ്പാറയിൽ കഡാവർ നായ്ക്കളെക്കൊണ്ടും വനം വകുപ്പ് ഉദ്യോഗസ്ഥരെക്കൊണ്ടും തിരച്ചിലും നടത്തുകയുണ്ടായി. ദുരന്തഭൂമിയിൽനിന്ന്

ഇതുവരെ 231 മൃതശരീരങ്ങളും 222 ശരീരഭാഗങ്ങളുമാണ് കണ്ടെത്തിയത്. തിരച്ചിൽ നടത്താൻ എൻ.ഡി.ആർ.എഫ്., എസ്.ഒ.ജി, ഫയർ ഫോഴ്സ്, ഫോറസ്റ്റ്, എക്യൂപ്മെന്റ്, പോലീസ് തുടങ്ങി വിവിധ ടീമുകളെ വിന്യസിച്ചിട്ടുണ്ട്. തുടർന്നും തിരച്ചിൽ നടത്തണമെന്ന ആവശ്യം വരികയാണെങ്കിൽ സർക്കാരിന്റെ മുഴുവൻ സന്നാഹങ്ങളെയും അണിനിരത്തിക്കൊണ്ടുള്ള പ്രവർത്തനങ്ങൾക്ക് തയ്യാറാണ്. ഉരുൾപൊട്ടലിനെ സംബന്ധിച്ച് സാധ്യതാപ്രവചനം നടത്തുന്ന ജി.എസ്.ഐ. മൂന്ന് ദിവസങ്ങളിലും മഞ്ഞ അലെർട്ടാണ് നൽകിയിരുന്നത്. മലബാർ മേഖലയിൽ പ്രവചനങ്ങൾ നൽകാൻ കഴിയുന്ന റഡാർ സംവിധാനമില്ല. കേന്ദ്രഗവൺമെന്റ് വയനാട്ടിലെ പുൽപ്പള്ളിയിൽ റഡാർ സംവിധാനം ഏർപ്പെടുത്തുമെന്ന് അറിയിച്ചിട്ടുണ്ട്. ദുരന്ത മുന്നറിയിപ്പുകൾ നൽകാൻ കഴിയുന്നവിധത്തിൽ 'കവചം' സംവിധാനം വയനാട്ടിൽ ഏർപ്പെടുത്തിയിട്ടുണ്ട്. ദുരന്തബാധിതരുടെ പുനരധിവാസത്തിനായി ഭൗമശാസ്ത്ര പഠന വിഭാഗത്തിന്റെ പരിശോധനയുടെ അടിസ്ഥാനത്തിൽ ഒമ്പത് സ്ഥലങ്ങൾ കണ്ടെത്തിയിട്ടുണ്ട്. ഭൂവുടമ സമ്മതപത്രം നൽകിയാലും കേന്ദ്ര ഗവൺമെന്റിന്റെ ഭൂമി ഏറ്റെടുക്കൽ നിയമം അനുസരിച്ച് നടപടിക്രമങ്ങൾ പൂർത്തിയാക്കാൻ 120 ദിവസം വേണ്ടിവരും. ഡിസാസ്റ്റർ

മാനേജ്മെന്റ് ആക്റ്റിന്റെ സാധ്യത ഉപയോഗപ്പെടുത്തി നടപടിക്രമങ്ങൾ വേഗത്തിലാക്കാനാണ് സർക്കാർ ശ്രമിക്കുന്നത്. ഏതെങ്കിലും വിധത്തിലുള്ള ആനുകൂല്യങ്ങൾ ലഭ്യമാകാത്തവരുണ്ടെങ്കിൽ ഹെൽപ് ഡെസ്കിൽ അപേക്ഷ കൊടുക്കുന്നപക്ഷം പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. സ്റ്റേറ്റ് ലെവൽ എക്സിക്യൂട്ടീവ് കമ്മിറ്റി യോഗം ചേർന്ന് തൊഴിൽ ധനാശ്വാസ സഹായം ഒരു മാസത്തേയ്ക്കുകൂടി നീട്ടി നൽകുന്നതിനും കേരള ബാങ്ക് ദുരന്തബാധിതരുടെ ബാധ്യതകൾ എഴുതിത്തള്ളാനും തീരുമാനിച്ചു. സമഗ്രമായ ഒരു പുനരധിവാസ പാക്കേജാണ് സർക്കാർ ലക്ഷ്യമിടുന്നത്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): 2024 ജൂലൈ 30-ന് പുലർച്ചെ മുണ്ടക്കൈ, ചൂരൽമല പ്രദേശങ്ങളിലുണ്ടായ ഉരുൾപൊട്ടൽ സമാനതകളില്ലാത്ത മഹാദുരന്തമാണ്. ഈ ദുരന്തത്തിൽ നിരവധി ജീവനുകൾ നഷ്ടപ്പെടുകയും 47 പേരെ കാണാതാവുകയും ചെയ്തിട്ടുണ്ട്. ഉരുൾപൊട്ടലുണ്ടായ ഉടൻതന്നെ നാട്ടുകാർ, ആപ്ദ മിത്ര സിവിൽ ഡിഫൻസ് വാളന്റിയർമാർ, സർക്കാർ സംവിധാനങ്ങൾ, ജനപ്രതിനിധികൾ, ദേശീയ ദുരന്ത നിവാരണ സേന, ആർമി, വ്യോമസേന, ഫയർ ആൻഡ് റസ്ക്യൂ എന്നീ വിഭാഗങ്ങൾ രക്ഷാപ്രവർത്തനങ്ങളിൽ മാതൃകാപരമായ പങ്ക് വഹിക്കുകയും

നാല് മന്ത്രിമാരടങ്ങുന്ന ഉപസമിതി രക്ഷാപ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുകയും രാഷ്ട്രീയ പാർട്ടി നേതാക്കന്മാരും സാമുദായിക പ്രവർത്തകരും അതിന് പിന്തുണ നൽകുകയും ചെയ്തിട്ടുണ്ട്. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറെ സ്പെഷ്യൽ ഓഫീസറായി നിയമിക്കുകയും ദുരന്ത നിവാരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, ലാൻഡ് റവന്യൂ കമ്മീഷണർ, ഡെപ്യൂട്ടി കളക്ടർമാർ തുടങ്ങിയ ഉന്നത ഉദ്യോഗസ്ഥർ ജില്ലയിൽ ക്യാമ്പ് ചെയ്ത് ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ ഏകോപനത്തിന് നേതൃത്വം നൽകുകയും ചെയ്തു. ദുരന്തബാധിതർക്കായി ജില്ലാ-താലൂക്ക് തലങ്ങളിൽ കൺട്രോൾ റൂമുകൾ കാര്യക്ഷമമാക്കുകയും മെഡിക്കൽ ക്യാമ്പ് സംഘടിപ്പിക്കുകയും അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുകയും ചെയ്തു. ദുരന്തമുണ്ടായതും രക്ഷാപ്രവർത്തനം നടന്നതുമായ സ്ഥലങ്ങളിൽ ശുചിത്വ മിഷന്റെ നേതൃത്വത്തിൽ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ നടപ്പിലാക്കുകയും തിരിച്ചറിഞ്ഞ മൃതദേഹങ്ങൾ ബന്ധുക്കൾക്ക് കൈമാറുകയും തിരിച്ചറിയാത്ത മൃതദേഹങ്ങളും ശരീര ഭാഗങ്ങളും പ്രത്യേകം സ്ഥലമേറ്റെടുത്ത് സംസ്കരിക്കുകയും മരണ രജിസ്ട്രേഷൻ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും നഷ്ടപ്പെട്ട രേഖകളും സർട്ടിഫിക്കറ്റുകളും ലഭ്യമാക്കുന്നതിനും നടപടികൾ സ്വീകരിക്കുകയും ചെയ്തു. ദുരന്തബാധിതരായ

മുഴുവൻ കുടുംബങ്ങളെയും വാടകയ്ക്ക് കെട്ടിടങ്ങൾ കണ്ടെത്തി പുനരധിവസിപ്പിക്കുകയും ദുരിതാശ്വാസ ക്യാമ്പുകളിൽ താമസിച്ചവർക്ക് ഭക്ഷണ സാധനങ്ങളും മറ്റും അടങ്ങിയ കിറ്റുകളും വീടുകൾക്കാവശ്യമായ ഫർണീച്ചറുകളും മറ്റ് ഉപകരണങ്ങളും വിതരണം ചെയ്യുകയും ചെയ്തു. ദുരന്തത്തിൽ മരണമടഞ്ഞവരുടെ ആശ്രിതർക്കും ഗുരുതരമായി പരിക്കേറ്റവർക്കും അടിയന്തര ധനസഹായം നൽകിയിട്ടുണ്ട്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്ന് കിടപ്പുരോഗികൾക്ക് ചികിത്സാ സഹായം നൽകിവരുന്നുണ്ട്. ഉരുൾപൊട്ടലിനെത്തുടർന്ന് മാതാപിതാക്കളെ നഷ്ടപ്പെട്ട ആറ് കുട്ടികൾക്ക് 10,00,000 രൂപ വീതവും മാതാപിതാക്കളിൽ ഒരാൾ നഷ്ടപ്പെട്ട എട്ട് കുട്ടികൾക്ക് 5,00,000 രൂപ വീതവും നൽകുന്നതിന് മന്ത്രിസഭായോഗം തീരുമാനിച്ചിട്ടുണ്ട്. ഒറ്റപ്പെട്ടുപോയവരെ ഇനിയും പരിഗണിക്കപ്പെടേണ്ടതുണ്ടെങ്കിൽ പ്രത്യേകം പരിഗണിക്കും. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് 531,12,00,000 രൂപയും സംസ്ഥാന ദുരന്ത പ്രതിരോധ നിധിയിലേയ്ക്ക് 3.5 കോടി രൂപയും ഇതുവരെ ലഭിച്ചിട്ടുണ്ട്. സംസ്ഥാന ദുരന്ത പ്രതികരണ നിധിയിലേയ്ക്ക് അധിക കേന്ദ്ര സഹായം ലഭിക്കാത്തതിനാൽ പ്രത്യേക ധനസഹായം ആവശ്യപ്പെടാൻ തീരുമാനിക്കുകയും ദുരന്ത നിവാരണ വകുപ്പ് സെക്രട്ടറി കേന്ദ്ര ആഭ്യന്തര

മന്ത്രാലയവുമായി ചർച്ചകൾ നടത്തുകയും ചെയ്തിട്ടുണ്ട്. പുനരധിവാസത്തിനായി മാതൃകാ ടൗൺഷിപ്പ് നിർമ്മിക്കുന്നതിന് മേപ്പാടി പഞ്ചായത്തിലെ നെടുമ്പാല എസ്റ്റേറ്റും കൽപ്പറ്റ മുനിസിപ്പാലിറ്റിയിലെ എൽസ്റ്റോൺ എസ്റ്റേറ്റും ഏറ്റെടുത്ത് ഭാവിയിൽ രണ്ടാമത്തെ നിലകൂടി നിർമ്മിക്കാവുന്ന വിധത്തിലുള്ള ഒറ്റനില വീടുകൾ നിർമ്മിക്കും. വനിതകൾക്ക് അനുയോജ്യമായ തൊഴിൽ പരിശീലനവും ജീവനോപാധികളും കർഷകർക്ക് കൃഷി ചെയ്യാനുള്ള സൗകര്യവും പുനരധിവാസ പാക്കേജിന്റെ ഭാഗമായി പരിഗണിക്കും. ദുരന്തത്തിൽ വീടും സ്ഥലവും നഷ്ടപ്പെട്ട കുടുംബങ്ങളെ ഒന്നാംഘട്ടമായും വാസയോഗ്യമല്ലാത്ത സ്ഥലങ്ങളിലുള്ള കുടുംബങ്ങളെ രണ്ടാം ഘട്ടമായും പുനരധിവസിപ്പിക്കും. ഇതുസംബന്ധിച്ച വിശദമായ റിപ്പോർട്ട് സമർപ്പിക്കാൻ റവന്യൂ വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിലുള്ള ഉന്നതാധികാര സമിതിയുടെ മേൽനോട്ടത്തിൽ വിവിധ വകുപ്പുകളുടെ അഭിപ്രായങ്ങൾ സമന്വയിപ്പിച്ചാണ് പദ്ധതി നിർവ്വഹണം നടത്തുന്നത്. ടൗൺഷിപ്പ് നിർമ്മിക്കാനുദ്ദേശിക്കുന്ന ലൊക്കേഷനുകളുടെ ടോട്ടൽ സ്റ്റേഷൻ സർവ്വേയും ലിഡാർ സർവ്വേയുമുള്ള കരാർ ഉടൻ നൽകുന്നതാണ്. ഇ.പി.സി. മാതൃകയിലാണ് പദ്ധതി നിർമ്മിക്കുന്നത്. ദുരന്തബാധിതരുടെ മാനസിക

സമ്മർദം ലഘൂകരിക്കാൻ സൈക്കോ സോഷ്യൽ കൗൺസിലിംഗിനുള്ള നടപടികൾ സ്വീകരിക്കും. പുനരധിവാസ പ്രവർത്തനങ്ങൾക്കായി എം.പി.-മാരുടെ പ്രാദേശിക വികസനഫണ്ടിൽനിന്നും 25 ലക്ഷം രൂപവരെ വിനിയോഗിക്കാൻ കേന്ദ്രസർക്കാർ അനുമതി നൽകിയിട്ടുണ്ട്. എം.എൽ.എ.-മാരുടെ പ്രാദേശിക വികസന ഫണ്ടിൽനിന്നും പ്രസ്തുത ആവശ്യത്തിനായി തുക വിനിയോഗിക്കുന്നത് സംബന്ധിച്ച് പരിശോധിച്ചുവരുന്നു. ആനുകൂല്യങ്ങൾ സംബന്ധിച്ച പരാതികളിന്മേൽ വ്യക്തമായ പരിശോധന നടത്തി മേപ്പാടിയിലെ 10, 11, 12 വാർഡുകളിലെ എല്ലാ ദുരന്തബാധിതരെയും ധനസഹായത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

## ചട്ടം 275 അനുസരിച്ചുള്ള സബ്സ്റ്റാന്റീവ് ഉപക്ഷേപം

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): "2024 ജൂലൈ 30-ന് മേപ്പാടി പഞ്ചായത്തിൽ പുഞ്ചിരിമറ്റം, മുണ്ടക്കൈ, ചൂരൽമല എന്നീ പ്രദേശങ്ങളെ ഗുരുതരമായി ബാധിച്ച ഉരുൾപൊട്ടൽ ദുരന്തത്തിലുണ്ടായ നാശനഷ്ടങ്ങൾ വിശദമാക്കിക്കൊണ്ട് കേന്ദ്ര സർക്കാരിന് സംസ്ഥാന സർക്കാർ മെമ്മോറാണ്ടം സമർപ്പിച്ചിട്ടുണ്ട്.

ഒരു പ്രദേശമാകെ തകർന്നുപോകുന്ന സാഹചര്യമുണ്ടായി. രാജ്യത്ത് ഇതുവരെ റിപ്പോർട്ട് ചെയ്യപ്പെട്ടതിൽ ഏറ്റവും വലിയ ഉരുൾപൊട്ടലുകളുടെ ഗണത്തിലാണ് ഈ ദുരന്തം രേഖപ്പെടുത്തപ്പെട്ടത്. സമാനതകളില്ലാത്ത ദുരന്തത്തിനുശേഷം അനിവാര്യമായ പുനരധിവാസ പ്രവർത്തനങ്ങൾക്കായി ആവശ്യമായ ധനസഹായമാണ് കേന്ദ്ര സർക്കാരിന് മുമ്പാകെ ആവശ്യപ്പെട്ടിട്ടുള്ളത്. ബഹുമാനപ്പെട്ട പ്രധാനമന്ത്രി സംഭവസ്ഥലം സന്ദർശിച്ചവേളയിലും അതിനുശേഷം അദ്ദേഹത്തെ നേരിൽക്കണ്ടും ബഹുമാനപ്പെട്ട മുഖ്യമന്ത്രി സഹായാഭ്യർത്ഥന നടത്തിയിട്ടുണ്ട്.

എന്നാൽ ഇതുവരെ അടിയന്തര സഹായമൊന്നുംതന്നെ ലഭ്യമായിട്ടില്ല. ദേശീയ ദുരന്തനിവാരണ നിയമം അനുശാസിക്കുന്ന മാനദണ്ഡങ്ങൾപ്രകാരം അതിതീവ്ര ദുരന്തത്തിന്റെ (Disaster of severe nature) ഗണത്തിൽപ്പെടുന്നതാണ് മേപ്പാടിയിലുണ്ടായ ഉരുൾപൊട്ടൽ. പ്രകൃതിദുരന്തം നേരിട്ട മറ്റ് പല സംസ്ഥാനങ്ങൾക്കും നിവേദനം പോലുമില്ലാതെ തന്നെ സഹായം ലഭ്യമാക്കിയിട്ടുണ്ട്. ഈ പരിഗണന കേരളത്തിന് ലഭിച്ചില്ല എന്നത് ഖേദകരമാണ്.

ദുരന്തബാധിതർ ബാങ്കുകളിൽ നിന്നും ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുമെടുത്ത വായ്പകൾ എഴുതിത്തള്ളുന്ന കാര്യം ചർച്ച ചെയ്യാൻ സംസ്ഥാന

സർക്കാർ മുൻകൈ എടുത്ത് സംസ്ഥാനതല ബാങ്കേഴ്സ് കമ്മിറ്റി 2024 ആഗസ്റ്റ് 19-ന് വിളിച്ചുകൂട്ടുകയും വിഷയം ചർച്ച ചെയ്യുകയും ചെയ്തു. ഇക്കാര്യത്തിൽ കാലവിളംബം കൂടാതെ തുടർനടപടികൾ ഉണ്ടാകേണ്ടതുണ്ട്. ദേശീയ ദുരന്തനിവാരണ നിയമം 2005-ലെ 13-ാം വകുപ്പ് പ്രകാരം ദേശീയ ദുരന്ത നിവാരണ അതോറിറ്റിക്ക് തീവ്രദുരന്തബാധിതരുടെ വായ്പകൾ എഴുതിത്തള്ളാൻ അധികാരമുണ്ട്. പ്രസ്തുത അധികാരം വിനിയോഗിക്കാൻ ആവശ്യമായ സത്വര നടപടികൾ സ്വീകരിക്കാൻ കേന്ദ്ര സർക്കാർ ഇടപെടേണ്ടതുണ്ട്.

അടിയന്തരസഹായം ലഭ്യമാകുന്നതിൽ ഉണ്ടാകുന്ന കാലതാമസം ദുരിതാശ്വാസപ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുമെന്നതിനാൽ സംസ്ഥാന സർക്കാർ സമർപ്പിച്ച നിവേദനത്തിൽ ആവശ്യപ്പെട്ടതുപോലെ അടിയന്തര സാമ്പത്തികസഹായം ലഭ്യമാക്കണമെന്നും ദുരിതബാധിതരുടെ വായ്പകൾ പൂർണ്ണമായും എഴുതിത്തള്ളണമെന്നും ഈ സഭ ഐകകണ്ഠ്യേന കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുന്നു" എന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): ഉപക്ഷേപത്തെ പിന്താങ്ങുന്നു.

ഉപക്ഷേപം സഭ ഐകകണ്ഠ്യേന അംഗീകരിച്ചു.

നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം സഭയുടെ അനുമതിയോടെ പിൻവലിച്ചു.

## VII ഗവൺമെന്റ് പ്രമേയം (ചട്ടം 118)

### 2024-ലെ വഖഫ് (ഭേദഗതി) ബിൽ പിൻവലിക്കണമെന്നത് സംബന്ധിച്ച്

ഭരണഘടനയുടെ അടിസ്ഥാന തത്വങ്ങൾ ലംഘിക്കുന്ന വ്യവസ്ഥകൾ ഉൾക്കൊള്ളുന്ന 2024-ലെ വഖഫ് (ഭേദഗതി) ബിൽ പിൻവലിക്കണമെന്ന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുന്ന പ്രമേയം ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി ശ്രീ. വി. അബ്ദുറഹിമാൻ അവതരിപ്പിക്കുകയും പിന്താങ്ങപ്പെടുകയും ചെയ്തു.

സർവ്വശ്രീ പി. ഉബൈദുള്ള, എൻ. ഷംസുദ്ദീൻ, ടി. സിദ്ദിഖ്, ടി. വി. ഇബ്രാഹിം എന്നീ അംഗങ്ങൾ ഭേദഗതികൾ അവതരിപ്പിച്ചു.

ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച താഴെപ്പറയുന്ന ഭേദഗതികൾ മന്ത്രി സ്വീകരിച്ചു.

1. പ്രമേയത്തിലെ രണ്ടാമത്തെ ഖണ്ഡികയിലെ രണ്ടാം വരിയിലെ "വഖഫ് വസ്തുക്കളുടെ കാവലാൾ" എന്നതിനു പകരം " മതപരമോ ജീവകാരുണ്യമോ ആയി കണക്കാക്കുന്ന ആവശ്യങ്ങൾക്കായി ജംഗമമോ

സ്ഥാവരമോ ആയ സ്വത്തുക്കളുടെയും വസ്തുക്കളുടെയും കാവലാൾ" എന്നത് ചേർക്കുക.

2. പ്രമേയത്തിലെ അഞ്ചാമത്തെ ഖണ്ഡികയിലെ അഞ്ചാമത്തെ വരിയിലെ "ദുർബലപ്പെടുത്തുന്നതും" എന്നതിനുശേഷം "ഇല്ലാതാക്കുന്നതും" എന്ന വാക്ക് കൂട്ടി ചേർക്കുക.

ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച താഴെപ്പറയുന്ന ഭേദഗതികൾ മന്ത്രി സ്വീകരിച്ചു.

1. പ്രമേയത്തിലെ നാലാമത്തെ ഖണ്ഡികയിലെ അഞ്ചാമത്തെ വരിയിലെ "വേണ്ടിയാണ്" എന്നതിനു ശേഷം "1954-ൽ ഇന്ത്യൻ പാർലമെന്റ് വഖഫ് നിയമം പാസ്സാക്കുകയും പിന്നീട് 1995-ൽ സമഗ്രമായി പരിഷ്കരിക്കുകയും ചെയ്ത ശക്തമായ നിയമമായാണ് നിലവിലുള്ള" എന്നത് കൂട്ടി ചേർക്കുക.

2. പ്രമേയത്തിലെ അഞ്ചാമത്തെ ഖണ്ഡികയുടെ ഒന്നാമത്തെ വരിയിലെ "നിലവിൽ" എന്നതിനു ശേഷം "ഭേദഗതി" എന്ന വാക്ക് കൂട്ടി ചേർക്കുക.

4. പ്രമേയത്തിലെ ആറാമത്തെ ഖണ്ഡികയിലെ ഒന്നാമത്തെ വരിയിലെ "ജനാധിപത്യ" എന്നതിനു മുൻപ് "നിയമഭേദഗതിമൂലം" എന്നത് ചേർക്കുക.

5. പ്രമേയത്തിലെ ആറാമത്തെ ഖണ്ഡികയിലെ മൂന്നാമത്തെ വരിയിലെ "ജനാധിപത്യ വ്യവസ്ഥയ്ക്ക്" എന്നതിനു മുൻപ് "വരുമെന്നത്" എന്നത് ചേർക്കുക.

6. പ്രമേയത്തിലെ ഏഴാമത്തെ ഖണ്ഡികയിലെ രണ്ടാമത്തെ വരിയിലെ "അസ്വീകാര്യമായതിനാലും" എന്നതിനു പകരം "വഖഫ് തത്വങ്ങൾക്ക് നിരക്കാത്തതിനാലും" എന്നത് ചേർക്കുക.

ശ്രീ. ടി. സിദ്ദിഖ് അവതരിപ്പിച്ച താഴെപ്പറയുന്ന ഭേദഗതികൾ മന്ത്രി സ്വീകരിച്ചു.

1. പ്രമേയത്തിലെ ഒന്നാമത്തെ ഖണ്ഡികയിലെ രണ്ടാമത്തെ വരിയിലെ " ഒരു ഭേദഗതി" എന്നത് ഒഴിവാക്കുക.

7. പ്രമേയത്തിലെ നാലാമത്തെ ഖണ്ഡികയിലെ ഒന്നാമത്തെ വരിയിലെ "ഇന്ത്യൻ ഭരണഘടന" എന്നതിന് പകരം "ഇന്ത്യൻ ഭരണഘടനയുടെ" എന്നത് ചേർക്കുകയും അവസാനത്തെ വരിയിലെ "എന്നതിനാലും" എന്ന വാക്ക് ഒഴിവാക്കുകയും ചെയ്യുക.

മറ്റ് ഭേദഗതികൾ സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പ്രമേയം സഭ ഐകകണ്ഠ്യേന പാസ്സാക്കി.

## VIII ക്രമപ്രശ്നം

(1) ഓർഡിനൻസ് പുറപ്പെടുവിച്ചത് സംബന്ധിച്ച്

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): നിയമസഭാ സമ്മേളനം ചേരാൻ സാമാജികർക്ക് സമൻസ് അയച്ചതിനുശേഷം The Kerala Taxation Laws (Amendment) Ordinance, 2024 പുറപ്പെടുവിച്ചത് ക്രമപ്രകാരമല്ല. ഇത് നിലവിലുള്ള റൂളിംഗുകൾക്കും വിധിന്യായങ്ങൾക്കും വിരുദ്ധമാണ്. പ്രസ്തുത ഓർഡിനൻസിന് പകരം ബിൽ അവതരിപ്പിക്കാൻ ഗവൺമെന്റ് തയ്യാറായിട്ടില്ല. ബിൽ സഭയിൽ അവതരിപ്പിക്കുമ്പോഴാണ് നിരാകരണപ്രമേയം അവതരിപ്പിക്കുന്നതിനുള്ള അവസരം അംഗങ്ങൾക്ക് ലഭിക്കുന്നത്. ഈ ഓർഡിനൻസിന്റെ കാര്യത്തിൽ സഭയുടെ ഭരണഘടനാ അവകാശം നിഷേധിക്കപ്പെടുകയാണ്. ഓർഡിനൻസ് പുറപ്പെടുവിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്താനുണ്ടായ സാഹചര്യം വിശദമാക്കുന്ന സ്റ്റേറ്റ്മെന്റ് മേശപ്പുറത്ത് വയ്ക്കാത്തത് സഭയോടുള്ള അവഹേളനമാണ്.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): ഈ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ The Kerala Taxation Laws (Amendment) Ordinance, 2024 മാത്രമാണ് പുറപ്പെടുവിച്ചിട്ടുള്ളത്. "നിയമസഭാ സമ്മേളന കാലം" എന്നാൽ, "അസംബ്ലി കൂടുന്നത് മുതൽ അത്

അവസാനിപ്പിക്കുന്നതുവരെയുള്ള മുഴുവൻ കാലം എന്നർത്ഥമാകുന്നു" എന്നാണ് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 2 പറയുന്നത്. 'നോട്ടീസ് നൽകുന്ന സമയം മുതൽ' എന്ന വ്യാഖ്യാനം റൂളിംഗിന്റെ ഭാഗമായി വന്നിട്ടുണ്ടെങ്കിലും "സഭ തുടങ്ങി അവസാനിക്കുന്ന കാലയളവ്" എന്നാണ് ഭരണഘടനയിലും പറയുന്നത്. അതുകൊണ്ട് ഭരണഘടനാ വിരുദ്ധമായതൊന്നും ഇതിൽ വന്നിട്ടില്ല. ജി.എസ്.ടി. കൗൺസിലിന്റെ ശിപാർശ പ്രകാരം കേന്ദ്ര സർക്കാർ ജി.എസ്.ടി. നിയമത്തിൽ വരുത്തിയ ഭേദഗതി അടിയന്തരമായി സംസ്ഥാന നിയമത്തിലും വരുത്തേണ്ടതിനാലാണ് ഓർഡിനൻസ് പുറപ്പെടുവിച്ചത്. നടപടിക്രമങ്ങൾ പൂർത്തിയാക്കാനുള്ള സമയപരിമിതികൊണ്ടാണ് ഈ സഭയിൽ ബിൽ അവതരിപ്പിക്കാൻ കഴിയാത്തത്.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): ജി.എസ്.ടി. കൗൺസിലിന്റെ ശിപാർശയെത്തുടർന്ന് കേന്ദ്ര ജി.എസ്.ടി. നിയമത്തിലുണ്ടായ സമാന ഭേദഗതികൾ സംസ്ഥാന നിയമത്തിലും വരുത്തേണ്ടതുണ്ട്. കേന്ദ്ര ജി.എസ്.ടി. നിയമത്തിലെ ചില വ്യവസ്ഥകൾക്ക് 2024 ഒക്ടോബർ 1 മുതൽ പ്രാബല്യം നൽകി വിജ്ഞാപനം ചെയ്തതിനാൽ

സംസ്ഥാനത്തും അതേ തീയതിയിൽതന്നെ പ്രാബല്യത്തിൽ വരണം. സഭാ സമ്മേളനത്തിന് സമൺസ് അയച്ചെങ്കിലും ഒക്ടോബർ 4-ന് ആരംഭിക്കുന്ന സമ്മേളനത്തിൽ ബിൽ പാസ്സാക്കിയാൽ ഒക്ടോബർ പകുതിക്കുശേഷമേ അത് പ്രാബല്യത്തിൽ വരികയുള്ളൂ. ഇത് കേന്ദ്ര-സംസ്ഥാന നിയമങ്ങളിൽ വൈരുദ്ധ്യമുണ്ടാക്കുകയും നിയമപ്രശ്നങ്ങളുണ്ടാകുകയും ചെയ്യും. സഭ വിളിച്ചുകൂട്ടാൻ തീരുമാനിച്ചശേഷം ഓർഡിനൻസ് പുറപ്പെടുവിക്കുന്നത് അനുചിതമാണെന്നും അസാധാരണ സാഹചര്യങ്ങളിലല്ലാതെ ഓർഡിനൻസ് പുറപ്പെടുവിക്കാൻ പാടില്ലെന്നും സഭാധ്യക്ഷന്റെ മുൻകാല റൂളിംഗുകളും പരമോന്നത നീതിപീഠത്തിന്റെ വിധിന്യായങ്ങളുമുണ്ട്. 2024-ലെ The Kerala Taxation Laws (Amendment) Bill പതിനഞ്ചാം കേരള നിയമസഭയുടെ 224-ാം നമ്പർ ബില്ലായി പ്രസിദ്ധീകരിച്ചിട്ടുണ്ട്. അസാധാരണ സാഹചര്യം കണക്കിലെടുത്ത് പ്രതിപക്ഷത്തിന്റെ സഹകരണത്തോടെ ചർച്ച ചെയ്യുകയാണെങ്കിൽ വീണ്ടുമൊരു ഓർഡിനൻസ് പുറപ്പെടുവിക്കുന്നത് ഒഴിവാക്കാനും ബിൽ പാസ്സാക്കാനും സാധിക്കും. ജി.എസ്.ടി. നിയമം നിലവവിൽ വന്നപ്പോൾ യഥാസമയം രേഖകൾ സമർപ്പിക്കാത്തതിനാൽ വ്യാപാരികൾക്കുമേൽ ചുമത്തപ്പെട്ട ഫൈൻ, സെസ് ഉൾപ്പെടെയുള്ളവയിൽ ഇളവ് നൽകുന്നതിനും മറ്റും ജി.എസ്.ടി.

കൗൺസിലെടുത്തിട്ടുള്ള തീരുമാനങ്ങൾ സംസ്ഥാനത്തും നടപ്പാക്കേണ്ടതുണ്ട്. ഒക്ടോബർ 1 മുതൽ പീനൽ പ്രൊവിഷനുൾപ്പെടെയുള്ള കേന്ദ്രനിയമം പ്രാബല്യത്തിൽ വന്ന പശ്ചാത്തലത്തിലാണ് അടിയന്തരമായി ഓർഡിനൻസ് പുറപ്പെടുവിക്കേണ്ടിവന്നത്.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): അടിയന്തരമായി ബിൽ പാസ്സാക്കേണ്ട യാതൊരു സാഹചര്യവും നിലനിൽക്കുന്നില്ല. ആർട്ടിക്കിൾ 121 അനുസരിച്ച് റെട്രോസ്പെക്ടീവ് ഇഫക്ട് നൽകി പീനൽ പ്രൊവിഷൻ കൊണ്ടുവരാൻ കഴിയില്ല. സെഷൻ തീരുമാനിച്ചതിനുശേഷം ഓർഡിനൻസ് കൊണ്ടുവരുന്നത് നിയമസഭാ നടപടിക്രമങ്ങളുടെ ലംഘനമാണ്.

റൂളിംഗ്

മി. സ്പീക്കർ: പരാമർശ വിധേയമായ ഓർഡിനൻസ് പുറപ്പെടുവിക്കാനുള്ള സാഹചര്യം സംബന്ധിച്ച് ചെയർ വിശദമായി പരിശോധിച്ചു. "ഓർഡിനൻസുകൾ പുറപ്പെടുവിക്കാനുള്ള ഗവർണ്ണറുടെ അധികാരം സഭയിൽ എപ്പോഴും ചർച്ചാവിഷയമാകാറുണ്ട്. നികുതി ഈടാക്കുന്നതുമായി ബന്ധപ്പെട്ട വിഷയങ്ങളിന്മേൽ പുറപ്പെടുവിക്കുന്ന ഓർഡിനൻസുകൾ സഭയുടെ പരിഗണന കൂടാതെ ധനപരമായ

ഓർഡിനൻസുകളായി വിജ്ഞാപനപ്പെടുത്തുന്നത് നല്ല പ്രവണതയല്ല. സഭ സമ്മേളിക്കാൻ നോട്ടീസ് നൽകുകയോ തീയതി തീരുമാനിക്കുകയോ ചെയ്തശേഷം ഓർഡിനൻസുകൾ പുറപ്പെടുവിക്കുന്നത് അനുചിതമാണ്. എന്നാൽ അത്യാവശ്യഘട്ടത്തിൽ ഓർഡിനൻസുകൾ പുറപ്പെടുവിക്കുന്നതിൽ അപാകതയില്ലെന്നും ഒഴിവാക്കാൻ പാടില്ലാത്ത അസാധാരണ സന്ദർഭങ്ങളിൽ മാത്രം വളരെ ചുരുക്കമായി പ്രയോഗിക്കാവുന്ന ഒരു അസാധാരണ ആയുധമാണ് ഓർഡിനൻസ് എന്ന് സുപ്രീംകോടതി ചൂണ്ടിക്കാണിച്ചിട്ടുള്ളതിനാൽ മതിയായ സാഹചര്യങ്ങളിലല്ലാതെ അവ പുറപ്പെടുവിക്കാനോ റീപ്രൊമുൽഗേറ്റ് ചെയ്യാനോ പാടില്ലെന്നും റീപ്രൊമുൽഗേഷൻ അത്യാവശ്യ സന്ദർഭങ്ങളിൽ മാത്രമേ പാടുള്ളൂവെന്നും ഓർഡിനൻസുകൾ മുഖേന നിയമനിർമ്മാണം യാഥാർത്ഥ്യമാക്കുന്ന പ്രവണത നിരുത്സാഹപ്പെടുത്തേണ്ടതാണെന്നും റൂളിംഗുകൾ ഉണ്ടായിട്ടുണ്ട്. ഈ ഓർഡിനൻസ് പുറപ്പെടുവിച്ച നടപടിയിൽ ഭരണഘടനാ വിരുദ്ധമായോ നടപടി ചട്ടങ്ങൾക്ക് വിരുദ്ധമായോ ഒന്നും ഉണ്ടായിട്ടില്ലെന്ന് കാണാവുന്നതാണ്. എന്നിരുന്നാലും ഇവിടെ ഉന്നയിക്കപ്പെട്ട മറ്റ് ചില കാര്യങ്ങൾക്ക് ഏറെ പ്രസക്തിയുണ്ടെന്ന് തന്നെയാണ് ചെയർ നിരീക്ഷിക്കുന്നത്.

2024-ലെ 2-ാം നമ്പർ ഓർഡിനൻസിനു പകരമായി നിയമം നിർമ്മിക്കാനുള്ള ബിൽ കഴിഞ്ഞ ദിവസം മാത്രമാണ് വിജ്ഞാപനം ചെയ്ത് കോപ്പികൾ അംഗങ്ങൾക്ക് ലഭ്യമാക്കാനായത്. ഫലത്തിൽ ഈ നിയമനിർമ്മാണ സെഷനിൽ പ്രസ്തുത ബിൽ പാസ്സാക്കാൻ കഴിയാത്ത സാഹചര്യമാണ് നിലനിൽക്കുന്നത്. ഇതുമൂലം ഈ സമ്മേളനം ആരംഭിച്ചതുമുതൽ 42 ദിവസം കഴിയുമ്പോൾ ഓർഡിനൻസ് ലാപ്സാവുകയും അത് പുനഃപ്രസിദ്ധീകരിക്കേണ്ടിവരികയും ചെയ്യുന്ന ഒരു സാഹചര്യവും നിലനിൽക്കുന്നു.

ഒരു ഓർഡിനൻസ് പുറപ്പെടുവിച്ചുകഴിഞ്ഞാൽ തൊട്ടടുത്തുവരുന്ന സഭാ സമ്മേളനത്തിൽത്തന്നെ അതിനുപകരമുള്ള നിയമനിർമ്മാണം നടത്തണമെന്നുതന്നെയാണ് ഈ സഭ ഒന്നാകെ ആഗ്രഹിക്കുന്നത്. ഭാവിയിൽ ഓർഡിനൻസുകൾ പുറപ്പെടുവിക്കപ്പെട്ടുകഴിഞ്ഞാൽ തൊട്ടടുത്തു ചേരുന്ന സഭാ സമ്മേളനത്തിൽത്തന്നെ പകരം നിയമം പാസ്സാക്കാനായി ബന്ധപ്പെട്ട മന്ത്രിയും ഭരണ വകുപ്പും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണെന്നും ഒരു ഓർഡിനൻസ് തന്നെ ആവർത്തിച്ച് പുറപ്പെടുവിക്കുന്ന പ്രവണത പരമാവധി ഒഴിവാക്കേണ്ടതാണെന്നും" ചെയർ റൂൾ ചെയ്യുന്നു.

## IX കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവഹണവും സംബന്ധിച്ച ചട്ടങ്ങളിലെ നിർദ്ദേശം നമ്പർ 1 എ പ്രകാരമുള്ള പരാമർശം

### (2) നക്ഷത്രചിഹ്നമിടാത്ത 3962-ാം നമ്പർ ചോദ്യത്തിന് നൽകിയ ഉത്തരം സംബന്ധിച്ച്

ശ്രീമതി കെ. കെ. രമ: പതിനഞ്ചാം കേരള നിയമസഭയുടെ പതിനൊന്നാം സമ്മേളനത്തിലെ നക്ഷത്രചിഹ്നമിടാത്ത 3962-ാം നമ്പർ ചോദ്യത്തിന് സഭയെ തെറ്റിദ്ധരിപ്പിക്കുന്ന മറുപടി നൽകിയത് ക്രമവിരുദ്ധമാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): പതിനഞ്ചാം കേരള നിയമസഭയുടെ പതിനൊന്നാം സമ്മേളനത്തിലെ നക്ഷത്രചിഹ്നമിടാത്ത 3962-ാം നമ്പർ ചോദ്യത്തിന്റെ (സി) പിരിവിൽ ആദിവാസി ഭൂമി കൈയേറ്റവുമായി ബന്ധപ്പെട്ട വാർത്തകൾ റിപ്പോർട്ട് ചെയ്ത മാധ്യമപ്രവർത്തകർക്കെതിരെ കേസ് രജിസ്റ്റർ ചെയ്തിട്ടില്ലെന്ന് മറുപടി നൽകിയിരുന്നു. വാർത്ത റിപ്പോർട്ട് ചെയ്തതിന്റെ പേരിലല്ല, അഗളി സ്വദേശി നൽകിയ പരാതിയിന്മേൽ ബഹു. കോടതി നിർദേശത്തെത്തുടർന്നാണ് കേസെടുത്തത്. സഭയ്ക്ക് നൽകിയ മറുപടി വസ്തുതാപരമാണ്.

## X നിയമനിർമ്മാണ കാര്യം

### സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്കെടുക്കണമെന്ന ഉപക്ഷേപവും അനന്തരഘട്ടങ്ങളും

(i) 2024-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ചില കോർപ്പറേഷനുകളെയും കമ്പനികളെയും സംബന്ധിച്ച കൂടുതൽ പ്രവൃത്തികൾ) ഭേദഗതി ബിൽ

(ii) 2024-ലെ പ്രവാസി കേരളീയരുടെ ക്ഷേമ (ഭേദഗതി) ബിൽ

മുഖ്യമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2024-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ചില കോർപ്പറേഷനുകളെയും കമ്പനികളെയും സംബന്ധിച്ച കൂടുതൽ പ്രവൃത്തികൾ) ഭേദഗതി ബിൽ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2024-ലെ പ്രവാസി കേരളീയരുടെ ക്ഷേമ (ഭേദഗതി) ബിൽ എന്നിവ പരിഗണനയ്ക്കെടുക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): ഉപക്ഷേപത്തെ പിന്താങ്ങുന്നു.

(വിയോജിപ്പ് രേഖപ്പെടുത്തിയില്ല.)

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2024-ലെ കേരള പബ്ലിക് സർവീസ് കമ്മീഷൻ (ചില

കോർപ്പറേഷനുകളെയും കമ്പനികളെയും സംബന്ധിച്ച കൂടുതൽ പ്രവൃത്തികൾ) ഭേദഗതി ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. തയ്യൽത്തൊഴിലാളി ക്ഷേമനിധി ബോർഡുമായി ബന്ധപ്പെട്ട നിയമനങ്ങൾ പബ്ലിക് സർവ്വീസ് കമ്മീഷന് വിടണമെന്നുള്ള തീരുമാനം സ്വാഗതാർഹമാണ്. പി.എസ്.സി. നിയമനങ്ങളിൽ മാതൃകാപരമായ സമീപനമാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്. കേന്ദ്രസർക്കാർ പബ്ലിക് സർവ്വീസ് കമ്മീഷനെ നോക്കുകുത്തിയാക്കിക്കൊണ്ട് റിക്രൂട്ട്മെന്റ് ബോർഡുവഴി നിയമനം പ്രോത്സാഹിപ്പിക്കുന്നത് രാജ്യത്തിന്റെ തൊഴിലില്ലായ്മ രൂക്ഷമാക്കാൻ കാരണമാകുന്നു. താൽക്കാലിക നിയമനങ്ങളിൽ തൊഴിൽ അനുകൂല്യങ്ങളും തൊഴിൽ സുസ്ഥിരതയും ലഭ്യമാക്കുന്നില്ലെന്ന് മാത്രമല്ല തൊഴിലവകാശങ്ങൾ ലംഘിക്കപ്പെടുകയും ചെയ്യുന്നു. ഇന്ത്യയിലെ തൊഴിലില്ലായ്മ നിരക്ക് 9.2 ശതമാനമായി വർദ്ധിച്ചിരിക്കുന്നത് ഖേദകരമാണ്. സംസ്ഥാനത്തിന് അർഹതപ്പെട്ട നികുതി വിഹിതം കേന്ദ്രസർക്കാർ യഥാസമയം നൽകാത്തതിനാൽ സർക്കാരിന് സുഗമമായി പ്രവർത്തിക്കാൻ സാധിക്കുന്നില്ല. 2016 മുതൽ ഇതുവരെയുള്ള കാലഘട്ടം പരിശോധിച്ചാൽ PSC വഴിയുള്ള നിയമനങ്ങൾ ഏറ്റവും കൂടുതൽ

നടത്തിയിട്ടുള്ള സംസ്ഥാനം കേരളമാണെന്ന് മനസിലാക്കാൻ കഴിയും. കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിലെ നിയമനങ്ങൾ PSC വഴി നടപ്പാക്കുന്നതിനുള്ള വ്യവസ്ഥകളാണ് ബില്ലിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. പൊതുമേഖലാ സ്ഥാപനങ്ങളിൽ പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന നിയമനം നടത്താനാണ് സംസ്ഥാന സർക്കാർ ശ്രമിക്കുന്നത്. എന്നാൽ പൊതുമേഖലാ സ്ഥാപനങ്ങളിൽ കരാർ നിയമനം നടപ്പാക്കി തൊഴിൽ മേഖലയെ സമ്മർദ്ദത്തിലാക്കുന്ന രീതിയാണ് കേന്ദ്രസർക്കാർ സ്വീകരിക്കുന്നത്.

ശ്രീ. വി. ആർ. സുനിൽ കുമാർ ചുമതലപ്പെടുത്തിയതുപ്രകാരം (ശ്രീ. ഇ. ചന്ദ്രശേഖരൻ): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2024-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ചില കോർപ്പറേഷനുകളെയും കമ്പനികളെയും സംബന്ധിച്ച കൂടുതൽ പ്രവൃത്തികൾ) ഭേദഗതി ബിൽ അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിലെ നിയമനങ്ങൾ പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന നടപ്പാക്കുന്നതിനുള്ള വ്യവസ്ഥകളാണ് ബില്ലിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. സർക്കാർ നിയമനങ്ങളിൽ

സംവരണതത്വം പാലിക്കുന്നതിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ രാജ്യത്ത് ഒന്നാമതാണ്.

ശ്രീ. എൻ. കെ. അക്ബർ: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2024-ലെ പ്രവാസി കേരളീയരുടെ ക്ഷേമ (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ഇന്ത്യയിൽനിന്നുള്ള കുടിയേറ്റത്തിന്റെ കൃത്യമായ കണക്കെടുക്കുന്നതിനുള്ള സംവിധാനം ദേശീയ തലത്തിൽ ഇല്ലെന്നുള്ളത് ഖേദകരമാണ്. സീസൺ സമയത്ത് വിമാന ടിക്കറ്റ് നിരക്ക് വർധിപ്പിച്ച് പ്രവാസികളെ ചൂഷണം ചെയ്യുന്ന കേന്ദ്ര സർക്കാർ നടപടിയും ഹജ്ജ് തീർത്ഥാടനത്തിന് കരിപ്പൂരിൽനിന്നുള്ള ടിക്കറ്റ് നിരക്ക് മൂന്നിരട്ടിയായി വർധിപ്പിച്ച നടപടിയും അപലപനീയമാണ്. കേന്ദ്ര സർക്കാർ പ്രവാസികളോടുള്ള അവഗണന അവസാനിപ്പിക്കണം. പ്രവാസി പെൻഷൻ 3500 രൂപയായി വർധിപ്പിച്ചതും നാട്ടിൽ തിരിച്ചെത്തിയ പ്രവാസികൾക്കായി നോർക്ക റൂട്ട്സ് വഴി പുനരധിവാസ പദ്ധതികൾ നടപ്പാക്കുന്നതും കോവിഡ്മൂലം തിരികെ പോകാൻ കഴിയാത്ത പ്രവാസികൾക്ക് 5,000/- രൂപ പോക്കറ്റ് മണി നൽകിയതും അഭിനന്ദനാർഹമാണ്. മറ്റ് സംസ്ഥാനങ്ങൾക്ക് മാതൃകയാകുന്ന തരത്തിൽ

ലോക കേരളസഭ സംഘടിപ്പിക്കാനായത് അഭിമാനകരമാണ്. വിദേശ തൊഴിൽതട്ടിപ്പ് തടയുന്നതിനായി നോർക്ക റൂട്ട്സ് റിക്രൂട്ട്മെന്റ് വിഭാഗം പ്രവർത്തിക്കുന്നതും വിദേശ രാജ്യങ്ങളിലേക്ക് പോകുന്നവർക്ക് വിദ്യാഭ്യാസ സർട്ടിഫിക്കറ്റുകളുടെ അറ്റസ്റ്റേഷൻ നോർക്ക റൂട്ട്സ് സെന്ററുകളിൽ നടത്താൻ സംവിധാനം ഏർപ്പെടുത്തിയതും പ്രവാസി നിയമ സഹായ സെൽ, ഗ്ലോബൽ കോൺടാക്ട് സെൽ എന്നിവ രൂപീകരിച്ചതും സ്വാഗതാർഹമാണ്. പ്രവാസികൾ തിരിച്ചെത്തുമ്പോൾ അവരുടെ സേവനം/അനുഭവങ്ങൾ കേരളത്തിന്റെ വികസന മേഖലയിൽ എങ്ങനെ പ്രയോജനപ്പെടുത്താൻ കഴിയുമെന്ന് പരിശോധിക്കണം. ബില്ലിന്റെ ഭേദഗതിയിൽ "ബോർഡിന്റെ ഡയറക്ടർമാരിൽനിന്നും പ്രവാസി കേരളീയൻ (വിദേശം) ആയ ഒരാളെ, സർക്കാർ, അതിന്റെ ചെയർമാനായി നിയമിക്കേണ്ടതാണ്" എന്നതിൽ വ്യക്തത വരുത്തണം.

<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:</u> സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2024-ലെ പ്രവാസി കേരളീയരുടെ ക്ഷേമ (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. "ബോർഡിന്റെ ഡയറക്ടർമാരിൽനിന്നും പ്രവാസി കേരളീയൻ (വിദേശം) ആയ ഒരാളെ, സർക്കാർ, അതിന്റെ ചെയർമാനായി

നിയമിക്കേണ്ടതാണ്" എന്ന ഭേദഗതി ഭരണ നിർവഹണത്തിൽ ബുദ്ധിമുട്ടുണ്ടാക്കുന്നതാണ്. പ്രവാസി ക്ഷേമനിധി പ്രവർത്തനങ്ങൾക്കാവശ്യമായ ഫണ്ട് അനുവദിക്കാനും ക്ഷേമനിധി ബോർഡിന്റെ നിയമനങ്ങൾ പി.എസ്.സി. വഴിയാക്കാനും സീസൺ സമയത്തെ വിമാന ടിക്കറ്റ് നിരക്കിലെ വർധന ഒഴിവാക്കാനും വിദേശരാജ്യങ്ങളിൽ ജയിലിൽ കഴിയുന്ന നിരപരാധികളായ പ്രവാസികൾക്ക് നിയമസഹായം നൽകി അവരെ തിരിച്ചുകൊണ്ടുവരുന്നതിനും പ്രവാസി പെൻഷൻ സ്കീമിലെ അംഗത്വ പ്രായപരിധി വർധിപ്പിക്കാനും നടപടി സ്വീകരിക്കണം. ത്രിതല പഞ്ചായത്തുകളിൽ പ്രവാസി ക്ഷേമ സ്ഥിരം സമിതികൾ രൂപീകരിച്ച് വിദേശത്തുനിന്ന് തിരിച്ചെത്തിയവരുടെ ഡാറ്റാ ബാങ്ക് തയ്യാറാക്കി അവരുടെ സേവനം പ്രയോജനപ്പെടുത്താൻ സാധിക്കുമോയെന്ന് പരിശോധിക്കണം. വിദേശത്ത് മരണപ്പെടുന്നവരുടെ മൃതദേഹം നാട്ടിലെത്തിക്കുന്നതിനുള്ള അനാസ്ഥ പരിഹരിക്കാനും തിരിച്ചെത്തുന്ന പ്രവാസികളുടെ പുനരധിവാസം ഉറപ്പാക്കാനും അർഹതപ്പെട്ട പ്രവാസികളെ ബി.പി.എൽ. പട്ടികയിൽ ഉൾപ്പെടുത്താനും നടപടി സ്വീകരിക്കണം. പ്രവാസികളുടെ എല്ലാവിധ

പ്രയാസങ്ങളെയും അതിജീവിക്കാൻ കഴിയുന്ന തരത്തിലുള്ള നിയമനിർമ്മാണം നടത്തണം.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): പി.എസ്.സി. മുഖേന നിയമനം നടത്തുവാൻ തീരുമാനിച്ച 13 സ്ഥാപനങ്ങളിൽ ഏഴെണ്ണത്തിന്റെ സ്പെഷ്യൽ റൂൾസ് രൂപീകരിച്ച് നിയമനം നടത്തിവരികയാണ്. ഏറ്റവുമധികം പി.എസ്.സി. നിയമനങ്ങൾ നടക്കുന്ന സംസ്ഥാനങ്ങളിൽ ഒന്നാണ് കേരളം. പുതിയ കാലഘട്ടത്തിന്റെ ആവശ്യങ്ങൾക്കനുസരിച്ച് രൂപീകരിക്കുന്ന സ്ഥാപനങ്ങളിലുൾപ്പെടെ തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തുന്നുണ്ട്. സംരംഭകവർഷം പദ്ധതി മുഖേന ഗ്രാമീണ മേഖലയിൽ 6.5 ലക്ഷം തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിഞ്ഞതും സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായങ്ങളിലൂടെ നിരവധി തൊഴിലവസരങ്ങളുണ്ടാക്കാൻ കഴിഞ്ഞതും ശ്രദ്ധേയമാണ്. ഐ.ടി പാർക്കുകളിലൂടെയും ഗ്ലോബൽ കേപ്പബിലിറ്റി സെന്ററുകളിലൂടെയും നോളജ് ഇക്കോണമി മിഷനിലൂടെയും ധാരാളം തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ സാധിച്ചിട്ടുണ്ട്. വിദ്യാസമ്പന്നരായ മുഴുവൻ ആളുകൾക്കും അർഹമായ തൊഴിൽ നൽകുന്ന രീതിയിലുള്ള നോളജ് ഇക്കോണമിയിലേക്ക് മാറുകയെന്നതാണ് സർക്കാരിന്റെ പ്രഖ്യാപിത നയം.

പൊതുമേഖലാ/സർക്കാർ സ്ഥാപനങ്ങളിൽ സംവരണതത്വം ഉറപ്പാക്കുന്നതിനുള്ള ശ്രമങ്ങളാണ് നടത്തിവരുന്നത്. സംരഭകത്വത്തെ പ്രോത്സാഹിപ്പിക്കാൻ ബാങ്കുകളുടെ സമീപനം ഉദാരമാക്കുന്നതിന് ഇടപെടൽ നടത്തുന്നതാണ്.

2024-ലെ പ്രവാസി കേരളീയരുടെ ക്ഷേമ (ഭേദഗതി) ബില്ലിലെ വ്യവസ്ഥയനുസരിച്ച് ബോർഡിന്റെ ചെയർമാനായി ഒരു പ്രവാസിയെ മാത്രമെ നിയമിക്കാൻ സാധിക്കുകയുള്ളൂ. ഭേദഗതിയിലൂടെ ക്ഷേമനിധി ബോർഡിൽ പ്രവാസികളുടെ പ്രാമുഖ്യം ഉറപ്പാക്കുകയാണ് ലക്ഷ്യം. ലോക കേരളസഭ ചർച്ച ചെയ്ത കാര്യങ്ങളിൽ പ്രായോഗികമായവയ്ക്ക് അംഗീകാരം നൽകിയിട്ടുണ്ട്. ഉത്സവ സീസണുകളിൽ വിമാനക്കൂലി വർധിപ്പിക്കുന്നതും കണ്ണൂർ എയർപോർട്ടിന് പോയിന്റ് ഓഫ് കോൾ പദവി നൽകാത്തതും പ്രതിഷേധാർഹമാണ്. പ്രവാസി കേരളീയരുടെ ക്ഷേമത്തിനായി നിയമം കൊണ്ടുവന്നതും അവർക്ക് ഡിവിഡന്റ് ലഭ്യമാക്കുന്നതിനുള്ള സംവിധാനമൊരുക്കിയതും ഇടതുപക്ഷ സർക്കാരാണ്. കിഫ്ബിയുടെ പലിശ നിരക്കിൽ മാറ്റം വന്നാലും നിക്ഷേപകന് ലഭിക്കുന്ന വരുമാനത്തിൽ കുറവ് വരാതിരിക്കാനുള്ള ക്ലോസുകൾ നിയമത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഗ്ലോബൽ സിറ്റി സ്ഥാപിക്കുന്നതിലൂടെ അന്തർദേശീയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ

ആരംഭിക്കാനും പുതിയ അവസരങ്ങൾ സൃഷ്ടിക്കാനും സാധിക്കുന്നതാണ്. സംരംഭകത്വത്തിന്റെ ഭാഗമായി സ്കിൽ ഡെവലപ്മെന്റിനുള്ള സഹായം നൽകിവരുന്നുണ്ട്. പ്രവാസിക്ഷേമമെന്ന ലക്ഷ്യം കൈവരിക്കുന്നതിനുള്ള എല്ലാ നടപടികളും സർക്കാർ സ്വീകരിക്കുന്നതാണ്.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2024-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ചില കോർപ്പറേഷനുകളെയും കമ്പനികളെയും സംബന്ധിച്ച കൂടുതൽ പ്രവൃത്തികൾ) ഭേദഗതി ബില്ലും 2024-ലെ പ്രവാസി കേരളീയരുടെ ക്ഷേമ (ഭേദഗതി) ബില്ലും പരിഗണനയ്ക്കെടുക്കണമെന്ന ഉപക്ഷേപം സഭ അംഗീകരിച്ചു.

ബില്ലുകൾ പരിഗണനയ്ക്കെടുത്തു.

(i) 2024-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ചില കോർപ്പറേഷനുകളെയും കമ്പനികളെയും സംബന്ധിച്ച കൂടുതൽ പ്രവൃത്തികൾ) ഭേദഗതി ബിൽ.

രണ്ടാം വകുപ്പ്

121, 122, 127 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>ഒന്നാം വകുപ്പും പീഠികയും പേരും</u>

107, 109, 110, 112, 114, 120 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി സ്വീകരിച്ചു.

109. In the Preamble, after the figure "1970", the symbols, figures and word "(19 of 1970)" shall be inserted.

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): 2024-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ചില കോർപ്പറേഷനുകളെയും കമ്പനികളെയും സംബന്ധിച്ച കൂടുതൽ പ്രവൃത്തികൾ) ഭേദഗതി ബിൽ പാസ്സാക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): ഉപക്ഷേപത്തെ പിന്താങ്ങുന്നു.

2024-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ചില കോർപ്പറേഷനുകളെയും കമ്പനികളെയും സംബന്ധിച്ച കൂടുതൽ പ്രവൃത്തികൾ) ഭേദഗതി ബിൽ പാസ്സാക്കണമെന്ന ഉപക്ഷേപം സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

(ii) 2024-ലെ പ്രവാസി കേരളീയരുടെ ക്ഷേമ (ഭേദഗതി) ബിൽ.

രണ്ടാം വകുപ്പ്

131, 132, 135, 137, 138, 139, 140, 141, 149, 150, 152, 154, 156, 158, 160, 164, 170, 172 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## മൂന്നാം വകുപ്പ്

181, 182, 185, 188, 190 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## നാലാം വകുപ്പ്

194, 195, 197, 199, 200, 204, 206, 210, 211 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>അഞ്ചാം വകുപ്പ്</u>

213, 214, 220, 222, 224, 225, 228, 234, 235, 236 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>ഒന്നാം വകുപ്പും പീഠികയും പേരും</u>

112, 113, 117, 122, 126, 130 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): 2024-ലെ പ്രവാസി കേരളീയരുടെ ക്ഷേമ (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): ഉപക്ഷേപത്തെ പിന്താങ്ങുന്നു.

2024-ലെ പ്രവാസി കേരളീയരുടെ ക്ഷേമ (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന ഉപക്ഷേപം സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

(iii) 2023-ലെ കേരള വെറ്ററിനറിയും ജന്തുശാസ്ത്രങ്ങളും സർവ്വകലാശാല (ഭേദഗതി) ബിൽ
(iv) 2023-ലെ കേരള കന്നുകാലി പ്രജനന ബിൽ

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി):സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2023-ലെ കേരള വെറ്ററിനറിയും ജന്തുശാസ്ത്രങ്ങളും സർവ്വകലാശാല (ഭേദഗതി) ബില്ലും 2023-ലെ കേരള കന്നുകാലി പ്രജനന ബില്ലും പരിഗണനയ്ക്കെടുക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): ഉപക്ഷേപത്തെ പിന്താങ്ങുന്നു.

ശ്രീമതി ജെ. ചിഞ്ചുറാണി: സർവ്വകലാശാലയുടെ വാർഷിക കണക്കുകളും ആഡിറ്റ് റിപ്പോർട്ടും സർക്കാരിന് സമർപ്പിക്കുന്നതിനുള്ള സമയപരിധി നിശ്ചയിക്കുന്നതിനുള്ള വ്യവസ്ഥ ആക്റ്റിൽ ഉൾപ്പെടുത്തുന്നതിനാണ് 2023-ലെ കേരള വെറ്ററിനറിയും ജന്തുശാസ്ത്രങ്ങളും സർവ്വകലാശാല (ഭേദഗതി) ബിൽ സഭയിൽ അവതരിപ്പിക്കുന്നത്. 2023-ലെ കേരള കന്നുകാലി പ്രജനന ബിൽ കേന്ദ്ര സർക്കാരിന്റെ മാതൃകാ ബില്ലിനെ അടിസ്ഥാനപ്പെടുത്തിയാണ് തയ്യാറാക്കിയിരിക്കുന്നത്. ഇതിന് മുമ്പ് എട്ടോളം സംസ്ഥാനങ്ങളിൽ ഇതേ മാതൃകയിൽ നിയമം നടപ്പാക്കിക്കഴിഞ്ഞതിന്റെ ചുവടുപിടിച്ചുകൊണ്ടാണ് ഈ ബിൽ അവതരിപ്പിക്കുന്നത്. സംസ്ഥാനത്ത് മികച്ചയിനം കന്നുകാലികളുടെ എണ്ണം വർധിപ്പിക്കുകയെന്ന ലക്ഷ്യത്തോടെയാണ് ബിൽ കൊണ്ടുവന്നിട്ടുള്ളത്.

ശ്രീ. എം. വിൻസെന്റ്: വിയോജിപ്പ് രേഖപ്പെടുത്തുന്നു. മൃഗസംരക്ഷണമേഖലയുടെ ഉന്നമനം ലക്ഷ്യമിട്ട് കാർഷിക സർവ്വകലാശാല വിഭജിച്ച് രൂപീകരിച്ച വെറ്ററിനറി സർവ്വകലാശാലയ്ക്ക് നോൺ പ്ലാൻ ഫണ്ട് കാലോചിതമായി വർധിപ്പിച്ചുനൽകാത്തതിനാൽ ഇന്ന് സാമ്പത്തിക പ്രതിസന്ധി നേരിടുകയാണ്. സർവകലാശാലയ്ക്ക് ആവശ്യമായ അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കുന്നതിൽ സർക്കാർ

പരാജയപ്പെട്ടിരിക്കുകയാണ്. കഴിഞ്ഞ സാമ്പത്തിക വർഷത്തെ പ്ലാൻ ഫണ്ടിൽ വകയിരുത്തിയ തുക പോലും ലഭിക്കാത്തതിനാൽ പുതിയ പ്രോജക്ടുകൾ ഏറ്റെടുത്ത് നടപ്പാക്കാൻ സർവകലാശാലയ്ക്ക് കഴിയുന്നില്ല. കേരള വെറ്ററിനറി ആൻഡ് ആനിമൽ സയൻസസ് സർവകലാശാലയ്ക്ക് കൂടുതൽ ഭൂമി വാങ്ങുന്നതിനും പ്ലാൻ, നോൺ പ്ലാൻ ഫണ്ട് യഥാസമയം അനുവദിക്കുന്നതിനുമാവശ്യമായ നടപടി സ്വീകരിക്കണം. പാലിന് നാല് രൂപ സബ്സിഡി ഏർപ്പെടുത്തുകയും കന്നുകാലികൾക്ക് കറവ വറ്റുന്ന രണ്ട് മാസത്തേക്ക് കാലിത്തീറ്റ സൗജന്യമായി നൽകുകയും ചെയ്താൽ കർഷകർക്ക് പ്രയോജനപ്രദമാകും. കന്നുകുട്ടി പരിപാലന പദ്ധതി, ആർട്ടിഫിഷ്യൽ ഇൻസെമിനേഷൻ, സമഗ്ര ഇൻഷ്വറൻസ് പദ്ധതി എന്നിവ നടപ്പിലാക്കുകയും പുൽകൃഷി പ്രോത്സാഹിപ്പിക്കാനും കാലിത്തീറ്റകൾക്ക് വിലകുറയ്ക്കാനുമാവശ്യമായ നടപടി സ്വീകരിക്കുകയും വേണം.

<u>ശ്രീ. അനൂപ് ജേക്കബ്</u>: വിയോജിപ്പ് രേഖപ്പെടുത്തുന്നു. ക്ഷീരകാർഷിക മേഖലയിൽ സർക്കാരിന് ഫലപ്രദമായി ഇടപെടാൻ സാധിക്കുന്നില്ല എന്നുള്ളത് യാഥാർത്ഥ്യമാണ്. ക്ഷീര കർഷകരെ തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്താത്തത് പ്രതിഷേധാർഹമാണ്. മൂന്നാം വകുപ്പിൽ, കന്നുകാലി പ്രജനന നിയന്ത്രണ അതോറിറ്റിയുടെ അംഗമായി

മൃഗസംരക്ഷണ ക്ഷീരവികസന മന്ത്രാലയത്തിലെ ജോയിന്റ് കമ്മീഷണറെ ഉൾപ്പെടുത്താൻ നിഷ്കർഷിച്ചിട്ടുണ്ടെങ്കിലും അതോറിറ്റിയുടെ ചെയർപേഴ്സണായി മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറെ നിശ്ചയിച്ചിട്ടുള്ളത് പ്രോട്ടോകോളിനെതിരാണ്. അഞ്ചാം വകുപ്പിൽ, അതോറിറ്റി യോഗം ചേരുന്ന അവസരത്തിൽ ജോയിന്റ് കമ്മീഷണറുടെ സാന്നിധ്യം ഉറപ്പുവരുത്താൻ സാധിക്കാത്തതിനാൽ മറ്റേതെങ്കിലും ഉദ്യോഗസ്ഥനെ നിയമിക്കാൻ കഴിയുന്ന തരത്തിലുള്ള ഇടപെടലുണ്ടാകണം. ആറാം വകുപ്പുപ്രകാരം വിദഗ്ധരുടെ കൺസൾട്ടേറ്റീവ് പാനൽ തയ്യാറാക്കുമ്പോൾ അംഗങ്ങളുടെ യോഗ്യതകളും മാനദണ്ഡങ്ങളും സംബന്ധിച്ച് ബില്ലിൽ പ്രതിപാദിച്ചിട്ടില്ലാത്തതിനാൽ ക്രമക്കേടുണ്ടാകാൻ സാധ്യതയുണ്ട്. വകുപ്പ് 8(3) പ്രകാരം, കുറ്റക്കാരനായ വ്യക്തിയുടെ മൊഴിയുടെ അടിസ്ഥാനത്തിൽ കേസെടുക്കുന്ന രീതി സ്വീകരിച്ചിരിക്കുന്നത് ആക്ടിലെ വ്യവസ്ഥകൾക്കെതിരാണ്. 9-ാം വകുപ്പിൽ, അതോറിറ്റിയുടെ ലൈസൻസില്ലാതെ കേന്ദ്ര സർക്കാർ സ്ഥാപനങ്ങൾക്ക് പ്രവർത്തിക്കാൻ കഴിയുകയില്ല എന്നുള്ളത് ഭേദഗതി ചെയ്യേണ്ടതാണ്. 23-ാം വകുപ്പ് പ്രകാരം, അതോറിറ്റിയുടെ തീരുമാനപ്രകാരം കർഷകന് പ്രയാസമുണ്ടായാൽ

പരാതിപ്പെടാൻ കഴിയുന്ന സാഹചര്യം സൃഷ്ടിക്കണം. ഇൻഷ്വറൻസ് പദ്ധതിയുടെ പോരായ്മ, കാലിത്തീറ്റയുടെ ഗുണനിലവാരം എന്നിവ പരിശോധിക്കാനും പാലിന് വിലവർധനവ് ഏർപ്പെടുത്താനും നടപടി സ്വീകരിക്കണം. ഗോസമൃദ്ധി പദ്ധതി കർഷകർക്ക് ഉപകാരപ്രദമാകുന്നതരത്തിൽ മുന്നോട്ടുകൊണ്ടുപോകണം. കാലിത്തീറ്റ വില നിയന്ത്രണവിധേയമാക്കണം. വിവിധ കാരണങ്ങളാൽ ക്ഷീര സംഘങ്ങളിൽ രജിസ്റ്റർ ചെയ്യാത്ത നാമമാത്ര ചെറുകിട ക്ഷീരകർഷകർക്കുകൂടി ആനുകൂല്യങ്ങൾ ലഭ്യമാക്കണം. ക്ഷീര സംഘങ്ങളുടെ പ്രവർത്തനങ്ങൾ സംബന്ധിച്ച പരിശോധന കർശനമാക്കണം. മികച്ച ഇനം കന്നുകാലികളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനായി ഉപയോഗിക്കുന്ന ബീജമാത്രകളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനുള്ള വ്യവസ്ഥ ബില്ലിൽ ഉൾപ്പെടുത്തേണ്ടതുണ്ട്. ക്ഷീര കാർഷിക മേഖലയെ സംരക്ഷിക്കാനുള്ള ഫലപ്രദമായ ഇടപെടൽ നടത്തുന്നതോടൊപ്പം സർക്കാർ സ്വീകരിക്കുന്ന നടപടികൾക്ക് കൂടുതൽ കൃത്യത ഉറപ്പുവരുത്താനും കഴിയണം.

<u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>: വിയോജിപ്പ് രേഖപ്പെടുത്തുന്നു. കേരള വെറ്ററിനറി ആൻഡ് അനിമൽ സയൻസസ് സർവ്വകലാശാലയ്ക്ക് ആവശ്യമായ സാമ്പത്തിക പിന്തുണ നൽകണം. നാടൻ പശുക്കളെ സംരക്ഷിക്കാനുള്ള

സംവിധാനമൊരുക്കണം. ഗുണമേന്മയുള്ള ബീജമാത്ര ശേഖരിച്ച് വിതരണം നടത്താനും ബ്ലോക്കുതലത്തിൽ കിടാരി പാർക്കുകൾ ആരംഭിക്കാനും കർഷകർക്കുണ്ടാകുന്ന ഉല്പാദനച്ചെലവ് കുറയ്ക്കാനുമുള്ള നടപടി സ്വീകരിക്കണം. കർഷകരുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കാൻ നടപടി സ്വീകരിക്കണം. പാലിന് സബ്സിഡി ഇനത്തിൽ നൽകുന്ന സംസ്ഥാന വിഹിതം വർദ്ധിപ്പിക്കണം. കേന്ദ്ര സർക്കാർ പാസ്സാക്കുന്ന നിയമങ്ങൾക്കനുസൃതമായി സംസ്ഥാനത്ത് ബില്ലുകൾ പാസ്സാക്കുന്നതിനുപകരം അതിനെതിരായി ബഹുജന പ്രക്ഷോഭത്തിന് തയ്യാറാകണം. മൃഗങ്ങൾക്കും കർഷകർക്കും സംയുക്തമായി ഇൻഷ്വറൻസ് ഏർപ്പെടുത്തണം. തീറ്റപ്പുല്ലിന് സബ്സിഡി ലഭ്യമാക്കാനും തിരൂരിലെ വെറ്ററിനറി ആശുപത്രിയുടെ കെട്ടിട നിർമ്മാണം പൂർത്തീകരിക്കാനാവശ്യമായ തുക അനുവദിക്കാനും നടപടി സ്വീകരിക്കണം.

ശ്രീ. ഇ. കെ. വിജയൻ ചുമതലപ്പെടുത്തിയതുപ്രകാരം (ശ്രീ. വാഴൂർ സോമൻ): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2023-ലെ കേരള വെറ്ററിനറിയും ജന്തുശാസ്ത്രങ്ങളും സർവ്വകലാശാല (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ക്ഷീര മേഖലയെയും ക്ഷീര കർഷകരെയും

സംരക്ഷിക്കുന്നതിനായി നിരവധി പദ്ധതികൾ നടപ്പാക്കുന്നത് അഭിനന്ദനാർഹമാണ്. സംസ്ഥാനത്തെ മൃഗസമ്പത്തിലും വളർത്തുമൃഗാധിഷ്ഠിതമായ വിവിധ സംരംഭങ്ങളിലും സമൂലമാറ്റം കൊണ്ടുവരുന്നതിനും പാൽ, മാംസം, മുട്ട എന്നിവയുടെ ഉത്പാദന വർദ്ധനവിനും മൂല്യവർദ്ധനവിനും കേരള വെറ്ററിനറി യൂണിവേഴ്സിറ്റി വിവിധ പദ്ധതികൾ കാര്യക്ഷമമായി നടപ്പാക്കിവരുന്നുണ്ട്. സമഗ്ര കന്നുകാലി ഇൻഷ്വറൻസ് പദ്ധതി ആവിഷ്കരിച്ചത് ക്ഷീര കർഷകർക്ക് ആശ്വാസകരമാണ്. മൊബൈൽ വെറ്ററിനറി യൂണിറ്റുകൾ, കന്നുകുട്ടിയുടെ പരിപാലനത്തിനായി പ്രത്യേക കന്നുകാലി വികസന ഗോവർദ്ധന പദ്ധതികൾ, സംസ്ഥാനത്തെ മുഴുവൻ പശുക്കൾക്കും സമഗ്ര ഇൻഷ്വറൻസ് പദ്ധതി, മൃഗങ്ങൾക്കുണ്ടാകുന്ന രോഗങ്ങൾ നിയന്ത്രിക്കാനായി പ്രത്യേക പദ്ധതികൾ എന്നിവ ആവിഷ്കരിച്ചതും കർഷകരെ കിസാൻ ക്രെഡിറ്റ് കാർഡിന്റെ പരിധിയിൽ ഉൾപ്പെടുത്തിയതും പാലിന്റെ ഗുണനിലവാരം അളക്കുന്നതിനുള്ള ലാബുകൾ സ്ഥാപിച്ചതും തീറ്റപ്പുൽക്കൃഷി വ്യാപനം പദ്ധതി നടപ്പാക്കിയതും എടുത്തുപറയത്തക്കതാണ്. പക്ഷിപ്പനി ബാധിച്ച് വളർത്തുപക്ഷികൾ നഷ്ടപ്പെട്ട ഇനത്തിൽ ധനസഹായം ലഭ്യമാക്കാത്ത കേന്ദ്ര സർക്കാർ നടപടി പ്രതിഷേധാർഹമാണ്. കോലാഹലമേട് ഡയറി സയൻസ്

കോളേജിനെ ലോകോത്തര നിലവാരമുള്ള സ്ഥാപനമാക്കി മാറ്റുന്നതിനുള്ള പ്രോജക്ട് നടപ്പാക്കാൻ നടപടി സ്വീകരിക്കണം.

ശ്രീമതി ഉമ തോമസ്: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2023-ലെ കേരള വെറ്ററിനറിയും ജന്തുശാസ്ത്രങ്ങളും സർവ്വകലാശാല (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. കേരള വെറ്ററിനറി ആൻഡ് അനിമൽ സയൻസസ് സർവകലാശാലയുടെ സുഗമമായ പ്രവർത്തനത്തിനാവശ്യമായ നടപടികൾ സ്വീകരിക്കണം. സർവകലാശാലയിലും അതിനുകീഴിൽ വരുന്ന സ്ഥാപനങ്ങളിലും ആവശ്യമായ തസ്തികകൾ അനുവദിക്കുന്നതിനും നിയമനം നടത്തുന്നതിനും നടപടി സ്വീകരിക്കണം. ബോർഡ് ഓഫ് മാനേജ്മെന്റിന്റെയോ മാനേജ്മെന്റ് കൗൺസിലിന്റെയോ അംഗീകാരമില്ലാതെ പൂക്കോട് വെറ്ററിനറി സർവകലാശാലയിൽ 80 അസിസ്റ്റന്റ് പ്രൊഫസർമാരെ നിയമിക്കാനുള്ള നീക്കം പ്രതിഷേധാർഹമാണ്. സർവകലാശാലയിൽ മതിയായ ഹോസ്റ്റൽ സൗകര്യം ഏർപ്പെടുത്താനും ഡയറി പ്ലാന്റ് സ്ഥാപിക്കാനും രണ്ട് ജനപ്രതിനിധികൾ, കർഷകർ ഉൾപ്പെടെയുള്ള തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ എന്നിവരെ ഉൾപ്പെടുത്തി ബോർഡ് ഓഫ്

മാനേജ്മെന്റ് പുനഃസംഘടിപ്പിക്കാനും സർവകലാശാലയിലെ പിൻവാതിൽ നിയമനം അവസാനിപ്പിക്കാനും നടപടി സ്വീകരിക്കണം. സർവകലാശാല നിയമത്തിലെ നിർദേശം ലംഘിച്ച് വൈസ് ചാൻസലർ നിയമനത്തിനുള്ള സെർച്ച് കമ്മിറ്റി രൂപീകരിച്ച നടപടി ആശാസ്യകരമല്ല. വെറ്ററിനറി സർവകലാശാല നിയമനത്തിൽ സംവരണാനുകൂല്യവും ഒ.ബി.സി. വിഭാഗം ഉദ്യോഗാർഥികൾക്ക് അധ്യാപക നിയമനത്തിൽ പ്രായപരിധി ഇളവും നൽകണമെന്ന ഉത്തരവ് നടപ്പാക്കണം. മൃഗസംരക്ഷണ വകുപ്പിലെ ഓൺലൈൻ ട്രാൻസ്ഫർ നടപടികളിലെ കാലതാമസം ഒഴിവാക്കാനും വെറ്ററിനറി ആശുപത്രികളിലെ സ്റ്റാഫ് പാറ്റേൺ പരിഷ്കരിക്കാനും ഡോക്ടർമാർക്ക് കരിയർ അഡ്വാൻസ്മെന്റ് സ്കീം നിഷേധിക്കപ്പെടുന്നത് ഒഴിവാക്കാനും മൊബൈൽ വെറ്ററിനറി യൂണിറ്റുകൾക്ക് ശമ്പളം, ഫ്യൂവൽ ചാർജ്, മെയിന്റനൻസ് ചാർജ്, എമർജൻസി നൈറ്റ് ഡോക്ടർമാരുടെ ശമ്പള കുടിശ്ശിക എന്നിവ നൽകാനും നടപടി സ്വീകരിക്കണം. എലിഫന്റ്സ് യാർഡിന്റെയും എ.ബി.സി. സെന്ററുകളുടെയും പ്രവർത്തനം കാര്യക്ഷമമാക്കണം. അന്യസംസ്ഥാനങ്ങളിൽനിന്നുള്ള പാൽ, മുട്ട, ഇറച്ചി എന്നിവയുടെ ഗുണനിലവാര പരിശോധന ഊർജിതമാക്കണം. പാലും പാലുൽപന്നങ്ങളും ഉൽപാദിപ്പിക്കാൻ ക്ഷീരകർഷകരെ

പ്രോത്സാഹിപ്പിക്കുന്നതിന് പദ്ധതികൾ ആവിഷ്കരിക്കാനും കാലിത്തീറ്റയുടെയും കോഴിത്തീറ്റയുടെയും വില വർധന തടയാനും നടപടി സ്വീകരിക്കണം.

ശ്രീ. ജി. സ്റ്റീഫൻ: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2023-ലെ കേരള കന്നുകാലി പ്രജനന ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ഗ്രാമീണ കുടുംബങ്ങളുടെ സാമൂഹിക-സാമ്പത്തിക വികസന മുന്നേറ്റമാണ് ബില്ലിലൂടെ ലക്ഷ്യമിടുന്നത്. നിലവിലുള്ള പ്രജനന മാർഗ്ഗങ്ങൾ നിയന്ത്രിക്കാനായി കന്നുകാലി പ്രജനന നിയന്ത്രണ അതോറിറ്റി രൂപവൽക്കരിക്കുന്നതിന് ബില്ലിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. സംസ്ഥാനത്ത് മികച്ചയിനം കന്നുകാലികളുടെ എണ്ണം വർധിപ്പിച്ച് സ്വയംപര്യാപ്തത നേടുന്നതിനും ക്ഷീരകർഷകരുടെ ക്ഷേമം ഉറപ്പുവരുത്തുന്നതിനുമാണ് ബിൽ ലക്ഷ്യമിടുന്നത്. കന്നുകാലി പ്രജനന നിയന്ത്രണ അതോറിറ്റി നിലവിൽ വരുന്നതോടെ സംസ്ഥാനത്തിനകത്തോ പുറത്തോ ഉല്പാദിപ്പിക്കുന്നതോ മറ്റ് രാജ്യങ്ങളിൽനിന്ന് ഇറക്കുമതി ചെയ്യുന്നതോ ആയ ബീജ മാത്രകൾ, ഭ്രൂണത്തിന്റെ സംഭരണം, വില്പന, ഉപയോഗം എന്നിവ നിയന്ത്രിക്കാൻ കഴിയുമെന്നും വിത്തുകാളകൾക്ക് സർട്ടിഫിക്കറ്റും സവിശേഷ തിരിച്ചറിയൽ

നമ്പരും നൽകുന്നതാണെന്നും കൃത്രിമ ബീജാധാനം നടത്തുന്ന ടെക്നീഷ്യനെ അതോറിറ്റി സാക്ഷ്യപ്പെടുത്തേണ്ടതാണെന്നും മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി പ്രവർത്തിക്കുന്ന സെമൻ സ്റ്റേഷനുകൾക്കെതിരെ നടപടിയെടുക്കുന്നതാണെന്നുമുള്ള ബില്ലിലെ വ്യവസ്ഥകൾ സ്വാഗതാർഹമാണ്. ഗോവർദ്ധിനി പദ്ധതി കർഷകർക്ക് ഏറെ ആശ്വാസകരമാണ്. മൊബൈൽ വെറ്ററിനറി യൂണിറ്റ്, 'രാത്രികാല അടിയന്തര മൃഗചികിത്സാ പദ്ധതി' എന്നിവ പ്രാവർത്തികമാക്കിയിട്ടുണ്ട്. ക്ഷീരകർഷകർക്ക് വരുമാന വർദ്ധനവുണ്ടാക്കാനും ക്ഷീരമേഖലയിൽ പുരോഗതിയുണ്ടാക്കാനും ഈ നിയമനിർമ്മാണം പ്രയോജനപ്രദമാകും.

<u>ശ്രീ. ടി. ജെ. വിനോദ്:</u> സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2023-ലെ കേരള കന്നുകാലി പ്രജനന ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

സംസ്ഥാനത്ത് മികച്ചയിനം കന്നുകാലികളുടെ എണ്ണം വർധിപ്പിക്കുന്നതിനായി വിത്തുകാളകളിൽനിന്നുള്ള ബീജ ഉല്പാദനം, ബീജമാത്രകളുടെ സംസ്കരണം, ശേഖരണം, വില്പന, വിതരണം, കൃത്രിമ ബീജാധാനം തുടങ്ങിയ പ്രജനന പ്രവൃത്തികളെ നിയന്ത്രിക്കുന്നതിനാണ് ബിൽ ലക്ഷ്യമിടുന്നത്. സംസ്ഥാനത്ത് പ്രജനന നയം നടപ്പാക്കേണ്ടത്

അനിവാര്യമാണ്. സംസ്ഥാനത്തിനകത്തോ പുറത്തോ ഉല്പാദിപ്പിക്കുന്നതോ മറ്റേതെങ്കിലും രാജ്യത്തുനിന്ന് ഇറക്കുമതി ചെയ്യുന്നതോ ആയ ഭ്രൂണത്തിന്റെ സംഭരണം, വില്പന, ഉപയോഗം എന്നിവ നിയന്ത്രിക്കുക, ബീജ ബാങ്കുകൾ രജിസ്റ്റർ ചെയ്യുക, എ.ഐ. ടെക്നീഷ്യന്മാരുടെ പ്രവർത്തനം കാര്യക്ഷമമായി ക്രമീകരിക്കുക എന്നിവ കന്നുകാലി പ്രജനന നിയന്ത്രണ അതോറിറ്റിയുടെ ചുമതലകളിൽ നിക്ഷിപ്തമാക്കിയിട്ടുണ്ട്. എന്നാൽ, അതോറിറ്റിക്ക് നൽകിയിരിക്കുന്ന ചില അധികാരങ്ങൾ കർഷകരുടെ താല്പര്യങ്ങൾ ഹനിക്കുന്നവയാണ്. ഈ ബില്ലിൽ അതോറിറ്റിയുടെയോ അതോറിറ്റി അധികാരപ്പെടുത്തിയ ഏതെങ്കിലും ഉദ്യോഗസ്ഥന്റെയോ രേഖാമൂലമുള്ള പരാതിയിന്മേലല്ലാതെ, യാതൊരു കോടതിയും ഈ ആക്റ്റ് പ്രകാരം ശിക്ഷാർഹമായ കുറ്റത്തിന്മേൽ നടപടിയെടുക്കാൻ പാടില്ലാത്തതാകുന്നു എന്ന് വ്യവസ്ഥ ചെയ്തിരിക്കുന്നു. കന്നുകാലി പ്രജനന പ്രവർത്തനങ്ങൾ നടത്തുന്ന ടെക്നീഷ്യന്മാർക്ക് മതിയായ പരിശീലനം നൽകണം. സൗജന്യ കുത്തിവയ്പിന് ബീജമാത്രകൾ ലഭ്യമാക്കണം. സെമൻ സ്റ്റേഷനുകളിലെയും ബാങ്കുകളിലെയും രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് ക്ഷീരകർഷകർക്ക് പ്രയോജനകരമായ രീതിയിൽ ബില്ലിൽ ഉപവകുപ്പുകൾ ഉൾപ്പെടുത്തണം. കർഷകർക്ക് ഉയർന്ന ഉല്പാദനക്ഷമതയുള്ള പശുക്കളെ തിരഞ്ഞെടുക്കാനുള്ള

അവസരം നൽകുകയും ഉപയോഗിക്കുന്ന സെമന്റെ ഗുണമേന്മ ഉറപ്പാക്കുന്നതിന് ശാസ്ത്രീയ കുത്തിവയ്പ്പ് നടത്തുകയും ചെയ്യണം. പാലുല്പാദനത്തിന്റെ കുറവ് കണ്ടുപിടിച്ച് പ്രജനന നയത്തിൽ മാറ്റം കൊണ്ടുവരാനും കർഷകരുടെ വീട്ടുപടിക്കൽ സേവനങ്ങൾ എത്തിക്കാനും കുത്തിവയ്പ്പിന് വേണ്ടിവരുന്ന ചെലവ് കുറയ്ക്കാനും ഇൻഷ്വറൻസില്ലാതെ മരണപ്പെടുന്ന പശുക്കൾക്ക് സാമ്പത്തിക സഹായം നൽകാനുമുള്ള വ്യവസ്ഥകൾ ബില്ലിൽ ഉൾപ്പെടുത്തണം. പുതിയ പ്രജനന നയത്തിൽ നിലവിലുള്ള പ്രജനന നയത്തിന് വിരുദ്ധമായിട്ടുള്ള കാര്യങ്ങളാണുള്ളത്. തദ്ദേശീയ കന്നുകാലികളുടെ പരീക്ഷണത്തിന് അർഹമായ പ്രാധാന്യം നൽകണം. കേരളത്തിലെ കന്നുകാലികളുടെ നിലവിലുള്ള ജനിതകഘടന ശരിയായ രീതിയിൽ വിലയിരുത്തപ്പെടണം. ബില്ലിലെ വ്യവസ്ഥകളിൽ ഭേദഗതി വരുത്തി കേരളത്തിലെ ക്ഷീരകർഷകരുടെ ജീവിതം സുരക്ഷിതമാക്കാനുള്ള നടപടി സ്വീകരിക്കണം.

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): കന്നുകുട്ടി പരിപാലനത്തിനായി നിരവധി പുതിയ പദ്ധതികൾ നടപ്പാക്കുന്നുണ്ട്. കന്നുകുട്ടിയുടെ തീറ്റയ്ക്ക് സബ്സിഡി, ഇൻഷ്വറൻസ്, വിരമരുന്ന് എന്നിവയുൾപ്പെടെ നൽകുന്നുണ്ട്. Kerala Livestock

Development Board (K.L.D.B) അത്യുൽപ്പാദനശേഷിയുള്ള ബീജം ഉൽപാദിപ്പിച്ച് വിതരണം ചെയ്യുന്നതോടൊപ്പം കേരളത്തിനുപുറത്തുനിന്നുമുള്ള ബീജവും (sex sorted semen) ലഭ്യമാക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. തനത് പശു വളർത്തലിന് പ്രോത്സാഹനം നൽകുന്നതിനും പാൽ ഉൽപാദനക്ഷമതയിൽ കേരളത്തെ ഒന്നാം സ്ഥാനത്തെത്തിക്കുന്നതിനുമുള്ള പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ട്. ഫീഡ് ഉൽപാദനത്തിലുണ്ടാകുന്ന നഷ്ടം നികത്തുന്നതിന് പദ്ധതികളാവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. ത്രിതല പഞ്ചായത്ത് സംവിധാനത്തിലൂടെ ക്ഷീരകർഷകർക്ക് സബ്സിഡി നൽകുന്നുണ്ട്. അന്യസംസ്ഥാനത്തുനിന്നും പാൽ കൊണ്ടുവന്ന് വിതരണം ചെയ്യുന്ന നടപടി നിർത്തലാക്കിയിട്ടുണ്ട്. ഡോക്ടർമാരുടെ സേവനം യഥാസമയം ലഭ്യമാക്കുന്നതിന് കോൾ സെന്റർ ആരംഭിച്ചിട്ടുണ്ട്. ഡോക്ടർമാരെയും അനുബന്ധ ജീവനക്കാരെയും നിയമിച്ച് വെറ്ററിനറി ആംബുലൻസ് സംവിധാനം സജ്ജമാക്കിയിട്ടുണ്ട്. കന്നുകുട്ടി പരിപാലനം, ഗോവർദ്ധിനി, ക്ഷീരസാന്ത്വനം, കിടാരി പാർക്കുകൾ തുടങ്ങിയ പദ്ധതികളാവിഷ്കരിച്ച് നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. ബിരുദ-ബിരുദാന്തര കോഴ്സുകളും ഗവേഷണ പ്രവർത്തനങ്ങളും കേരള വെറ്ററിനറി ആൻഡ് ആനിമൽ

സയൻസ് സർവകലാശാലയിൽ നടത്തിവരുന്നുണ്ട്. വെറ്ററിനറി യൂണിവേഴ്സിറ്റിയിൽ കാലാവസ്ഥാ വ്യതിയാന പഠന കേന്ദ്രം നിലവിലുണ്ട്. കാലാവസ്ഥാ വ്യതിയാനം, പ്രകൃതി ദുരന്തം, ചർമ്മരോഗം എന്നിവമൂലം കന്നുകാലികൾ നഷ്ടപ്പെട്ടവർക്ക് ധനസഹായവും ഇൻഷ്വറൻസ് പരിരക്ഷയും നൽകുന്നുണ്ട്. ജന്തുജന്യ രോഗങ്ങൾ പ്രതിരോധിക്കുന്നതിന് വിവിധ പ്രതിരോധ ചികിത്സാ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. പാൽ, മുട്ട, മാംസം എന്നിവയിൽനിന്നും മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ വെറ്ററിനറി സർവകലാശാല വികസിപ്പിച്ചെടുത്തിട്ടുണ്ട്. അക്കാഡമിക് രംഗത്തെ മികച്ച പ്രവർത്തനത്തിന് കേരളാ വെറ്ററിനറി സർവകലാശാലയ്ക്ക് കേന്ദ്ര കാർഷിക ഗവേഷണ കൗൺസിലിന്റെ അവാർഡ് ലഭിച്ചിട്ടുണ്ട്. നൂതന സാങ്കേതിക വിദ്യയിലധിഷ്ഠിതമായി ഫാമുകളിൽ പശു, ആട്, കോഴി, മുയൽ മുതലായവയെ വളർത്തുന്നതിന് വിദ്യാർത്ഥികൾക്കും കർഷകർക്കും പരിശീലനം നൽകിവരുന്നു. മണ്ണുത്തി വെറ്ററിനറി കോളേജിൽ ബി.എസ്.എൽ.-3 നിലവാരത്തിലുള്ള ലാബ് സമുച്ചയത്തിന്റെ നിർമ്മാണം പുരോഗമിച്ചുവരികയാണ്. പൂക്കോട് വെറ്ററിനറി കാമ്പസിൽ ഡയറി ഇൻക്യുബേഷൻ സെന്ററിനും ആധുനിക മൃഗാശുപത്രിക്കും മണ്ണുത്തി കാമ്പസിൽ ട്രാൻസ്ലേഷണൽ റിസർച്ച് സെന്ററിനും നിർമ്മാണാനുമതി

ലഭിച്ചിട്ടുണ്ട്. തിരുവനന്തപുരം നെട്ടുകാൽത്തേരി തുറന്ന ജയിലിനോടുചേർന്ന് വെറ്ററിനറി സയൻസ് കോളേജ് സ്ഥാപിക്കാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. സർവകലാശാല ഡയറി സയൻസ് കോളേജുകളിലൂൾപ്പെടെ പുതുതായി 69 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. വെറ്ററിനറി യൂണിവേഴ്സിറ്റിയിൽ പിൻവാതിൽ നിയമനങ്ങളൊന്നും നടക്കുന്നില്ല. സെമൻ സ്റ്റേഷനുകളുടെയും സെമൻ ബാങ്കുകളുടെയും രജിസ്ട്രേഷനും കൃത്രിമ ബീജാധാനം നടത്തുന്ന എ.ഐ. ടെക്നീഷ്യൻമാരുടെയും വിത്തുകാളകളുടെയും സാക്ഷ്യപ്പെടുത്തലും ഉറപ്പാക്കുകയെന്നതാണ് ബില്ലിന്റെ ഉദ്ദേശ്യലക്ഷ്യം. സാധാരണക്കാർക്ക് കോടതിയെ സമീപിക്കാൻ സാധിക്കുന്ന വ്യവസ്ഥകൾ ബില്ലിന്റെ 17-ാം ഖണ്ഡത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. കന്നുകാലി പ്രജനനവുമായി ബന്ധപ്പെട്ട നിയമവിരുദ്ധപ്രവർത്തനങ്ങൾ ശ്രദ്ധയിൽപ്പെടുന്നപക്ഷം പൊതുജനങ്ങൾക്ക് അതോറിറ്റിയെ സമീപിക്കാവുന്നതും അതിന്മേൽ ഉചിതമായ തീരുമാനം കൈക്കൊള്ളാവുന്നതാണ്. നിയമവ്യവസ്ഥകൾ പാലിക്കുന്നതിൽ വീഴ്ച വരുത്തിയാൽ അതോറിറ്റിക്ക് രജിസ്ട്രേഷൻ റദ്ദാക്കുന്നതുൾപ്പെടെയുള്ള ശിക്ഷണ നടപടികൾ സ്വീകരിക്കാവുന്നതാണ്. ബില്ലിന്റെ ഉദേശലക്ഷ്യം കൈവരിക്കണമെങ്കിൽ കേന്ദ്ര-സംസ്ഥാന സർക്കാർ സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ളവ അതോറിറ്റിയിൽനിന്നും രജിസ്ട്രേഷൻ

കരസ്ഥമാക്കണമെന്ന വ്യവസ്ഥ ഉൾപ്പെടുത്തേണ്ടത് അനിവാര്യമാണ്. കന്നുകാലി ഇനങ്ങളുടെ ആസൂത്രിതമായ പ്രജനന പരിപാടികൾ രൂപകൽപ്പന ചെയ്താണ് സംസ്ഥാനം പാലുല്പാദനക്ഷമതയിൽ രണ്ടാം സ്ഥാനം കൈവരിച്ചിട്ടുള്ളത്. കെ.എൽ.ഡി.ബി. വഴി നടപ്പിലാക്കുന്ന തനത് പ്രജനന നയംമൂലമാണ് ഈ സ്ഥാനം നിലനിർത്തുന്നത്. സംസ്ഥാനത്ത് മൂവായിരത്തിലധികം കൃത്രിമ ബീജാധാന ശൃംഖലയുള്ളതുകൊണ്ടാണ് സങ്കരയിനം പശുക്കളുടെ എണ്ണത്തിൽ നമുക്ക് ഒന്നാം സ്ഥാനത്തെത്താൻ കഴിഞ്ഞിട്ടുള്ളത്. പ്രജനനനയം കൂടുതൽ കാര്യക്ഷമമായി നടപ്പാക്കാൻ നിയമത്തിന്റെ പിന്തുണ ആവശ്യമാണ്.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2023-ലെ കേരള വെറ്ററിനറിയും ജന്തുശാസ്ത്രങ്ങളും സർവ്വകലാശാല (ഭേദഗതി) ബിൽ, 2023-ലെ കേരള കന്നുകാലി പ്രജനന ബിൽ എന്നിവ പരിഗണനയ്ക്കെടുക്കണമെന്ന ഉപക്ഷേപം സഭ അംഗീകരിച്ചു.

ബില്ലുകൾ പരിഗണനയ്ക്കെടുത്തു.

(i) 2023-ലെ കേരള വെറ്ററിനറിയും ജന്തുശാസ്ത്രങ്ങളും സർവ്വകലാശാല (ഭേദഗതി) ബിൽ

രണ്ടാം വകുപ്പ്

138, 140, 144, 152, 160, 165, 172, 187, 189, 193, 206, 223, 226 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഒന്നാം വകുപ്പും പീഠികയും പേരും

103, 109, 120, 128 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): 2023-ലെ കേരള വെറ്ററിനറിയും ജന്തുശാസ്ത്രങ്ങളും സർവ്വകലാശാല (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): ഉപക്ഷേപത്തെ പിന്താങ്ങുന്നു.

2023-ലെ കേരള വെറ്ററിനറിയും ജന്തുശാസ്ത്രങ്ങളും സർവ്വകലാശാല (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന ഉപക്ഷേപം സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

(ii) 2023-ലെ കേരള കന്നുകാലി പ്രജനന ബിൽ

രണ്ടാം വകുപ്പ്

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

128. 2-ാം ഖണ്ഡത്തിൽ,-

(i) നിലവിലുള്ള (എ) ഉപഖണ്ഡത്തിനുശേഷം താഴെ പറയുന്ന ഉപഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:-

“ (ബി) “ എ.ഐ. കേന്ദ്രം" എന്നാൽ കൃത്രിമ ബീജാധാനത്തിനുവേണ്ടി ബീജം സൂക്ഷിക്കുന്നതും വിനിയോഗിക്കുന്നതുമായ ഏതൊരു പരിസരവും എന്നർത്ഥമാകുന്നു;” ;

(ii) പുതുതായി ചേർത്ത (ബി) ഉപഖണ്ഡത്തിനുശേഷമുള്ള (ബി) മുതൽ (ടി) വരെയുള്ള ഉപഖണ്ഡങ്ങൾ യഥാക്രമം (സി) മുതൽ (യു) വരെ ഉപഖണ്ഡങ്ങളായി പുനരക്ഷരം ചെയ്യേണ്ടതാണ്.;

(iii) പുനരക്ഷരം ചെയ്ത (ഡി) ഉപഖണ്ഡത്തിനു പകരം താഴെ പറയുന്ന ഉപഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:-

“ (ഡി) “ അംഗീകൃത ഇൻസെമിനേറ്റർ" എന്നാൽ വെറ്ററിനേറിയൻ, മൃഗസംരക്ഷണ വകുപ്പിൽ സേവനമനുഷ്ഠിക്കുന്ന ഫീൽഡ് ആഫീസർ, അസിസ്റ്റൻറ് ഫീൽഡ് ആഫീസർ, ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ, അതോറിറ്റിയിൽ നിന്നോ അതോറിറ്റിയുടെ അംഗീകാരമുള്ള സ്ഥാപനത്തിൽ നിന്നോ പരിശീലനം ലഭിച്ച എ.ഐ. ടെക്നീഷ്യൻ എന്നർത്ഥമാകുന്നു;” ;

(iv) പുനരക്ഷരം ചെയ്ത (യു) ഉപഖണ്ഡത്തിനുശേഷം താഴെ പറയുന്ന ഉപഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:-

“ (വി) “ ബീജമാത്ര" എന്നാൽ സെമൻ സ്ട്രോയിൽ സൂക്ഷിക്കപ്പെട്ട ബീജത്തിന്റെ ഒരു ഡോസ് എന്നർത്ഥമാകുന്നു;” ;

(v) പുതുതായി ചേർത്ത (വി) ഉപഖണ്ഡത്തിനു ശേഷം വരുന്ന (യു) മുതൽ (എക്സ്) വരെയുള്ള ഉപഖണ്ഡങ്ങളെ യഥാക്രമം (ഡബ്ല്യൂ), (എക്സ്), (വൈ), (ഇസഡ്) എന്നീ ഉപഖണ്ഡങ്ങളായി പുനരക്ഷരം ചെയ്യേണ്ടതാണ്.;

(vi) പുനരക്ഷരം ചെയ്ത (ഇസഡ്) ഉപഖണ്ഡത്തിനുശേഷം താഴെ പറയുന്ന ഉപഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:-

“ (ഇസഡ് എ) “ അനധികൃത ബീജമാത്ര" എന്നാൽ അതോറിറ്റിയുടെ അംഗീകാരം ഇല്ലാത്ത ബീജമാത്ര എന്നർത്ഥമാകുന്നു;” ;

(vii) പുതുതായി ചേർത്ത (ഇസഡ് എ) ഉപഖണ്ഡത്തിന് ശേഷം വരുന്ന (വൈ) ഉപഖണ്ഡത്തെ (ഇസഡ് ബി) ഉപഖണ്ഡമായി പുനരക്ഷരം ചെയ്യേണ്ടതാണ്.

മന്ത്രി താഴെപ്പറയുന്ന വാക്കാൽ ഭേദഗതി അവതരിപ്പിച്ചു.

“ 2-ാം ഖണ്ഡത്തിൽ (എ) ഉപഖണ്ഡത്തിൽ താഴെപ്പറയുന്ന വിശദീകരണം ചേർക്കേണ്ടതാണ്.

വിശദീകരണം- ഈ ഉപഖണ്ഡത്തിന്റെ ആവശ്യത്തിലേക്ക് "ഉരു" എന്നാൽ പശു, കിടാരി, എരുമ, എരുമ കിടാരി എന്നർത്ഥമാകുന്നു.”

133, 138, 139, 140, 142, 144, 147, 148, 152, 158, 160, 164, 166, 168, 171, 175, 179, 187, 191, 196, 204, 205, 207, 208, 210, 211, 215,

225, 229, 233, 243, 246, 254, 256, 260, 261, 262 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ സ്വീകരിച്ചു.

139. ഖണ്ഡം 2(എ)-ൽ, "വിദ്യയിലൂടെ" എന്നതിനുശേഷം "," എന്ന ചിഹ്നം ചേർക്കുക.

204. ഖണ്ഡം-2 (ജി)-ൽ " സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള" എന്നതിന് പകരം " കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന" എന്ന് ചേർക്കുക.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതിയും വാക്കാൽ ഭേദഗതിയും സ്വീകരിച്ച ഭേദഗതികളും സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്തപ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>മൂന്നാം വകുപ്പ്</u>

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

268. ഖണ്ഡം 3(2)-ൽ

(i) (ബി) ഇനത്തിൽ " ഡീൻ" എന്നതിനുപകരം "ഫാക്കൽറ്റി ഡീൻ" എന്ന് ചേർക്കുക;

(ii) (ജി) ഇനത്തിൽ " അക്കാഡമിക് ആന്റ് റിസർച്ച് ഡയറക്ടർ" എന്നതിനു പകരം " ഡയറക്ടർ, അക്കാഡമിക്സ് ആന്റ് റിസർച്ച് " എന്നീ വാക്കുകളും ചിഹ്നവും ചേർക്കുക;

(iii) (ജി) ഇനത്തിന് ശേഷം താഴെപ്പറയുന്ന ഇനം ചേർക്കുക, അതായത്:-

" (എച്ച്) കേരള സംസ്ഥാന വെറ്ററിനറി കൗൺസിൽ അംഗങ്ങളിൽ നിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരാൾ - അംഗം;" ;

(iv) പുതുതായി ചേർത്ത (എച്ച്) ഇനത്തിന് ശേഷമുള്ള ഇനങ്ങൾ യഥാക്രമം (ഐ), (ജെ), (കെ) എന്നീ ഇനങ്ങളായി പുനരക്ഷരം ചെയ്യുക.

269, 271, 272, 273, 274, 276, 277, 278, 279, 284, 286, 287, 288,290, 297, 298, 301, 303 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി സ്വീകരിച്ചു.

301. ഖണ്ഡം 3(3)-ൽ, "അതോറിറ്റിയുടെ" എന്നതിന് ശേഷം "ദൈനംദിന" എന്ന് ചേർക്കുക.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതിയും സ്വീകരിച്ച ഭേദഗതിയും സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്തപ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>നാലാം വകുപ്പ്</u>

309-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>അഞ്ചാം വകുപ്പ്</u>

310 -ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി സ്വീകരിച്ചു.

310. ഖണ്ഡം 5(1)-ൽ "ചെയർപേഴ്സണുമായി കൂടിയാലോചിച്ച്" എന്നതിന് പകരം "ചെയർപേഴ്സന്റെ നിർദ്ദേശപ്രകാരം" എന്ന് ചേർക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ആറാം വകുപ്പ്

317, 318, 320, 332, 339 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ആറാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഏഴാം വകുപ്പ്

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

340. ഖണ്ഡം 7(ഇ)-ൽ " ബാങ്കുകൾ" എന്നതിന് ശേഷം " ,എ. ഐ. കേന്ദ്രങ്ങൾ" എന്ന് ചേർക്കുക.

348, 351, 353, 355 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ ഔദ്യോഗിക ഭേദഗതികളായി അവതരിപ്പിച്ചു.

341. ഖണ്ഡം 7(എ)-ൽ " സംസ്ഥാനത്ത്" എന്നതിന് ശേഷം " കന്നുകാലി" എന്ന് ചേർക്കുക.

342. ഖണ്ഡം 7(ബി)-യുടെ മാർജിനൽ ശീർഷകത്തിൽ " സംസ്ഥാന" എന്നതിന് ശേഷം " കന്നുകാലി" എന്ന് ചേർക്കുക.

349. ഖണ്ഡം-7(സി)-ൽ " വിത്തുകാളകളെ/പോത്തുകളെ" എന്നതിന് പകരം "വിത്തുകാളകളെയും പോത്തുകളെയും" എന്ന് ചേർക്കുക.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതികൾ സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

എട്ടാം വകുപ്പ്

359, 363, 369, 375, 377 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിച്ചു.

357. ഖണ്ഡം 8(1)-ൽ, " സംസ്ഥാനത്തിലുടനീളം" എന്നതിന് പകരം "സംസ്ഥാനത്തുടനീളം" എന്ന് ചേർക്കുക.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഒമ്പതാം വകുപ്പ്

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

378. അദ്ധ്യായം 3-ന്റെ ശീർഷകത്തിൽ, " ബാങ്കുകളുടെയും" എന്ന വാക്കിന് ശേഷം "എ. ഐ. കേന്ദ്രങ്ങളുടേയും" എന്നീ അക്ഷരങ്ങളും ചിഹ്നങ്ങളും വാക്കും ചേർക്കുക.

382, 390, 394, 400, 404, 408, 410, 414, 416, 425, 428, 430, 432, 437, 438, 439, 441, 447, 451 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി സ്വീകരിച്ചു.

430. ഖണ്ഡം 9(6)-ൽ "രേഖപ്പെടുത്തിക്കൊണ്ടുള്ള" എന്നതിന് ശേഷം " നിർണ്ണയിക്കപ്പെടുന്ന മാതൃകയിൽ" എന്ന് ചേർക്കുക.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതിയും സ്വീകരിച്ച ഭേദഗതിയും സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒമ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒമ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>പത്താം വകുപ്പ്</u>

452, 460, 461, 466, 467, 468, 473 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ സ്വീകരിച്ചു.

468. ഖണ്ഡം 10 (3)-ൽ "എന്നിവ" എന്നതിന് ശേഷം "യഥാസമയം" എന്ന് ചേർക്കുക.

473. ഖണ്ഡം 10 (3)-ൽ " അതോറിറ്റിയെ അറിയിക്കേണ്ടതാണ് " എന്നതിന് പകരം " അതോറിറ്റിയെ രേഖാമൂലം അറിയിക്കേണ്ടതാണ് " എന്നത് ചേർക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതികൾ സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പത്താം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പത്താം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## പതിനൊന്നാം വകുപ്പ്

481,483, 490, 491 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

പതിനൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പതിനൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## പതിനൊന്നാം വകുപ്പിന് ശേഷമുള്ള പുതിയ വകുപ്പ്

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

475. 11- ാം ഖണ്ഡത്തിനുശേഷം താഴെപറയുന്ന ഖണ്ഡം ചേർക്കുകയും ശേഷിക്കുന്നവ പുനരക്കം ചെയ്യുകയും ചെയ്യുക.

" 12. എ.ഐ. കേന്ദ്രങ്ങളുടെ രജിസ്ട്രേഷൻ.– (1) ഈ ആക്റ്റ് പ്രാബല്യത്തിൽ വന്ന തീയതിയിലും അന്നുമുതൽക്കും ഏതെങ്കിലും ആൾ, ഫേം, പരിമിത ബാധ്യതാപങ്കാളിത്തം (ലിമിറ്റഡ് ലയബിലിറ്റി പാർട്ട്ണർഷിപ്പ്), കമ്പനി, പ്രൊഡ്യൂസർ കമ്പനി,

സ്ഥാപനം, സർക്കാരിതര സംഘടന, കന്നുകാലി ബ്രീഡേഴ്സ് അസോസിയേഷൻ, ട്രസ്റ്റ്, സഹകരണ സംഘം, മറ്റേതെങ്കിലും ഏജൻസി എന്നിവ അതോറിറ്റിയിൽ നിന്ന് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് കരസ്ഥമാക്കാതെ എ.ഐ. കേന്ദ്രങ്ങൾ സ്ഥാപിക്കുകയോ പ്രവർത്തിപ്പിക്കുകയോ ചെയ്യാൻ പാടില്ലാത്തതാകുന്നു.

(2) (1)-ാം ഉപവകുപ്പിൽ പരാമർശിച്ചിരിക്കുന്ന രജിസ്ട്രേഷനുമായി ബന്ധപ്പെട്ട കാര്യങ്ങൾ നിർണ്ണയിക്കുന്ന പ്രകാരം ആയിരിക്കുന്നതാണ്.

വിശദീകരണം.- ഈ വകുപ്പിലെ യാതൊന്നും, സർക്കാർ മൃഗസംരക്ഷണ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങൾക്ക് ബാധകമാകുന്നതല്ല. ".

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

പതിനൊന്നാം വകുപ്പിന് ശേഷമുള്ള പുതിയ വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പതിനൊന്നാം വകുപ്പിന് ശേഷമുള്ള പുതിയ വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>പന്ത്രണ്ടാം വകുപ്പ് (പുനരക്കം ചെയ്ത പതിമൂന്നാം വകുപ്പ്)</u>

496, 500 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി സ്വീകരിച്ചു.

496. ഖണ്ഡം-12 (1)-ൽ " പുതിയ" എന്നത് ഒഴിവാക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

500-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പന്ത്രണ്ടാം വകുപ്പ് (പുനരക്കം ചെയ്ത പതിമൂന്നാം വകുപ്പ്) ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പന്ത്രണ്ടാം വകുപ്പ് (പുനരക്കം ചെയ്ത പതിമൂന്നാം വകുപ്പ്) ബില്ലിന്റെ ഭാഗമായി.

<u>പതിമൂന്നാം വകുപ്പ് (പുനരക്കം ചെയ്ത പതിനാലാം വകുപ്പ്)</u>

509-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

ഭേദഗതി സഭ നിരാകരിച്ചു.

പതിമൂന്നാം വകുപ്പ് (പുനരക്കം ചെയ്ത പതിനാലാം വകുപ്പ്) ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പതിമൂന്നാം വകുപ്പ് (പുനരക്കം ചെയ്ത പതിനാലാം വകുപ്പ്) ബില്ലിന്റെ ഭാഗമായി.

<u>പതിനാലാം വകുപ്പ് (പുനരക്കം ചെയ്ത പതിനഞ്ചാം വകുപ്പ്)</u>

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

510. 14-ാം ഖണ്ഡത്തിന്റെ മാർജിനൽ ശീർഷകത്തിൽ;

(i) " വിൽപന" എന്ന വാക്കിനു ശേഷം " , ഉപയോഗം മുതലായവ" എന്ന ചിഹ്നവും വാക്കുകളും ചേർക്കുക.

(ii) (3)-ാം ഉപഖണ്ഡത്തിന് ശേഷം താഴെപ്പറയുന്ന ഉപഖണ്ഡം ചേർക്കുക.

" (4) യാതൊരാളും അനധികൃത ബീജമാത്രകളുടെ ഉപയോഗം, മിസ് ബ്രാൻഡഡ് ബീജം, സബ് സ്റ്റാൻഡേർഡ് ബീജം എന്നിവയുടെ ഉൽപാദനം, കൈവശം വയ്ക്കൽ, വിതരണം, വിൽപ്പന, ഉപയോഗം, ഏതെങ്കിലും രൂപത്തിലുള്ള കൈമാറ്റം, ഇറക്കുമതി-കയറ്റുമതി എന്നിവ ചെയ്യാൻ പാടില്ലാത്തതാകുന്നു."

511, 517, 521, 522, 526 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിനാലാം വകുപ്പ് (പുനരക്കം ചെയ്ത പതിനഞ്ചാം വകുപ്പ്) ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിനാലാം വകുപ്പ് (പുനരക്കം ചെയ്ത പതിനഞ്ചാം വകുപ്പ്) ബില്ലിന്റെ ഭാഗമായി.

പതിനഞ്ചാം വകുപ്പ് (പുനരക്കം ചെയ്ത പതിനാറാം വകുപ്പ്)

531, 538 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി സ്വീകരിച്ചു.

538. ഖണ്ഡം 15-ൽ " തനിപ്പകർപ്പ് സർട്ടിഫിക്കറ്റ്" എന്നതിന് പകരം " സർട്ടിഫിക്കറ്റിന്റെ തനിപ്പകർപ്പ്" എന്ന് ചേർക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

531-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിനഞ്ചാം വകുപ്പ് (പുനരക്കം ചെയ്ത പതിനാറാം വകുപ്പ്) ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിനഞ്ചാം വകുപ്പ് (പുനരക്കം ചെയ്ത പതിനാറാം വകുപ്പ്) ബില്ലിന്റെ ഭാഗമായി.

പതിനാറാം വകുപ്പ് (പുനരക്കം ചെയ്ത പതിനേഴാം വകുപ്പ്)

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

539. ഖണ്ഡം 16(1)-ൽ “ (1)” എന്നത് ഒഴിവാക്കുക.

544, 545, 555, 557, 559, 561 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

താഴെപ്പറയുന്ന ഭേദഗതി മന്ത്രി സ്വീകരിച്ചു.

545. ഖണ്ഡം 16(1)-ൽ “ റഫറൻസിന്മേലോ” എന്നതിന് ശേഷം “ പരാതിയിന്മേലോ” എന്ന് ചേർക്കുക.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതിയും സ്വീകരിച്ച ഭേദഗതിയും സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിനാറാം വകുപ്പ് (പുനരക്കം ചെയ്ത പതിനേഴാം വകുപ്പ്) ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിനാറാം വകുപ്പ് (പുനരക്കം ചെയ്ത പതിനേഴാം വകുപ്പ്) ബില്ലിന്റെ ഭാഗമായി.

<u>പതിനേഴാം വകുപ്പ് (പുനരക്കം ചെയ്ത പതിനെട്ടാം വകുപ്പ്)</u>

563, 565, 567, 568, 569, 570, 571, 574, 579 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

താഴെപ്പറയുന്ന ഭേദഗതി മന്ത്രി സ്വീകരിച്ചു.

570. ഖണ്ഡം 17(1)-ന്റെ ക്ലിപ്തനിബന്ധനയിൽ "30" എന്നതിന് പകരം "മുപ്പത്" എന്ന് ചേർക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിനേഴാം വകുപ്പ് (പുനരക്കം ചെയ്ത പതിനെട്ടാം വകുപ്പ്) ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിനേഴാം വകുപ്പ് (പുനരക്കം ചെയ്ത പതിനെട്ടാം വകുപ്പ്) ബില്ലിന്റെ ഭാഗമായി.

<u>പതിനെട്ടാം വകുപ്പ് (പുനരക്കം ചെയ്ത പത്തൊമ്പതാം വകുപ്പ്)</u>

586, 591, 596, 607, 608 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിച്ചു:

599. ഖണ്ഡം 18 (3)-ലെ "വസ്തുക്കളുടെ" എന്നതിന് പകരം "വസ്തുക്കൾ എന്നിവയുടെ " എന്നത് ചേർക്കുക.

താഴെപ്പറയുന്ന ഭേദഗതി മന്ത്രി സ്വീകരിച്ചു.

608. ഖണ്ഡം 18(4)-ൽ " നമ്പർ" എന്നത് ഒഴിവാക്കുക.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതിയും സ്വീകരിച്ച ഭേദഗതിയും സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിനെട്ടാം വകുപ്പ് (പുനരക്കം ചെയ്ത പത്തൊമ്പതാം വകുപ്പ്) ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിനെട്ടാം വകുപ്പ് (പുനരക്കം ചെയ്ത പത്തൊമ്പതാം വകുപ്പ്) ബില്ലിന്റെ ഭാഗമായി.

<u>പത്തൊൻപതാം വകുപ്പ് (പുനരക്കം ചെയ്ത ഇരുപതാം വകുപ്പ്)</u>

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

609. ഖണ്ഡം 19(2)-ൽ, " ബാങ്കിന്റെ" എന്ന വാക്കിന് പകരം " ബാങ്ക് അല്ലെങ്കിൽ <u>എ</u>. <u>ഐ</u>. കേന്ദ്രത്തിന്റെ" എന്നും " ബാങ്കിനെ" എന്ന വാക്കിന് ശേഷം " അല്ലെങ്കിൽ <u>എ</u>. <u>ഐ</u>. കേന്ദ്രത്തെ" എന്നും ചേർക്കുക.

612, 614, 620 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

താഴെപ്പറയുന്ന ഭേദഗതി മന്ത്രി സ്വീകരിച്ചു:

620. ഖണ്ഡം 19 (3)ൽ "മാതൃകയിൽ" എന്നതിന് പകരം "മാതൃകയിലും സമയത്തും" എന്ന് ചേർക്കുക.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതിയും സ്വീകരിച്ച ഭേദഗതിയും സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പത്തൊൻപതാം വകുപ്പ് (പുനരക്കം ചെയ്ത ഇരുപതാം വകുപ്പ്) ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പത്തൊൻപതാം വകുപ്പ് (പുനരക്കം ചെയ്ത ഇരുപതാം വകുപ്പ്) ബില്ലിന്റെ ഭാഗമായി.

<u>ഇരുപതാം വകുപ്പ് (പുനരക്കം ചെയ്ത ഇരുപത്തിയൊന്നാം വകുപ്പ്)</u>

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

621. 20-ാം ഖണ്ഡത്തിലെ (i), (ii) എന്നീ ഇനങ്ങളും അതിലെ ഉൾക്കുറിപ്പുകളും വിട്ടുകളയേണ്ടതാണ്.

623, 630, 631, 632, 634, 636, 642 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഇരുപതാം വകുപ്പ് (പുനരക്കം ചെയ്ത ഇരുപത്തിയൊന്നാം വകുപ്പ്) ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഇരുപതാം വകുപ്പ് (പുനരക്കം ചെയ്ത ഇരുപത്തിയൊന്നാം വകുപ്പ്) ബില്ലിന്റെ ഭാഗമായി

<u>ഇരുപത്തിയൊന്നാം വകുപ്പ് (പുനരക്കം ചെയ്ത ഇരുപത്തിരണ്ടാം വകുപ്പ്)</u>

644, 646, 650 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഇരുപത്തിയൊന്നാം വകുപ്പ് (പുനരക്കം ചെയ്ത ഇരുപത്തിരണ്ടാം വകുപ്പ്) ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഇരുപത്തിയൊന്നാം വകുപ്പ് (പുനരക്കം ചെയ്ത ഇരുപത്തിരണ്ടാം വകുപ്പ്) ബില്ലിന്റെ ഭാഗമായി.

<u>ഇരുപത്തിരണ്ടാം വകുപ്പ് (പുനരക്കം ചെയ്ത ഇരുപത്തിമൂന്നാം വകുപ്പ്)</u>

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

651. ഖണ്ഡം 22-ൽ "ആക്റ്റിലെ" എന്ന വാക്കിന് പകരം "ആക്റ്റിലെയും ചട്ടങ്ങളിലെയും" എന്നത് ചേർക്കുക.

657, 664 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഇരുപത്തിരണ്ടാം വകുപ്പ് (പുനരക്കം ചെയ്ത ഇരുപത്തിമൂന്നാം വകുപ്പ്) ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഇരുപത്തിരണ്ടാം വകുപ്പ് (പുനരക്കം ചെയ്ത ഇരുപത്തിമൂന്നാം വകുപ്പ്) ബില്ലിന്റെ ഭാഗമായി.

<u>ഇരുപത്തിമൂന്നാം വകുപ്പ് (പുനരക്കം ചെയ്ത ഇരുപത്തിനാലാം വകുപ്പ്)</u>

671-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

ഭേദഗതി സഭ നിരാകരിച്ചു.

ഇരുപത്തിമൂന്നാം വകുപ്പ് (പുനരക്കം ചെയ്ത ഇരുപത്തിനാലാം വകുപ്പ്) ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഇരുപത്തിമൂന്നാം വകുപ്പ് (പുനരക്കം ചെയ്ത ഇരുപത്തിനാലാം വകുപ്പ്) ബില്ലിന്റെ ഭാഗമായി.

<u>ഇരുപത്തിനാലാം വകുപ്പ് (പുനരക്കം ചെയ്ത ഇരുപത്തിയഞ്ചാം വകുപ്പ്)</u>

(ഭേദഗതികളില്ല)

ഇരുപത്തിനാലാം വകുപ്പ് (പുനരക്കം ചെയ്ത ഇരുപത്തിയഞ്ചാം വകുപ്പ്) ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഇരുപത്തിനാലാം വകുപ്പ് (പുനരക്കം ചെയ്ത ഇരുപത്തിയഞ്ചാം വകുപ്പ്) ബില്ലിന്റെ ഭാഗമായി.

ഇരുപത്തിയഞ്ചാം വകുപ്പ് (പുനരക്കം ചെയ്ത ഇരുപത്തിയാറാം വകുപ്പ്)

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

672. 25-ാം ഖണ്ഡത്തിന്റെ

(i) മാർജിനൽ ശീർഷകത്തിൽ, "പ്രാദേശിക അധികാരികളുടെ" എന്നീ വാക്കുകൾക്ക് പകരം "തദ്ദേശാധികാരസ്ഥാനങ്ങളുടെ" എന്ന വാക്ക് ചേർക്കുക.

(ii) പ്രസ്തുത ഖണ്ഡത്തിൽ താഴെപ്പറയുന്ന വിശദീകരണം കൂട്ടിച്ചേർക്കേണ്ടതാണ്, അതായത് :-

വിശദീകരണം.- ഈ വകുപ്പിന്റെ ആവശ്യത്തിലേക്ക്, "തദ്ദേശാധികാര സ്ഥാനങ്ങൾ" എന്നാൽ "ഓരോ ജില്ലയിലെയും മൃഗസംരക്ഷണ ആഫീസർ, അദ്ദേഹം അധികാരപ്പെടുത്തുന്ന മറ്റ് ഉദ്യോഗസ്ഥർ, കേരള ലൈവ് സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡിലെ മാനേജർ (ലൈവ് സ്റ്റോക്ക് പ്രൊഡക്ഷൻ), അദ്ദേഹം

അധികാരപ്പെടുത്തുന്ന മറ്റ് ഉദ്യോഗസ്ഥർ എന്ന് അർത്ഥമാകുന്നു."

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഇരുപത്തിയഞ്ചാം വകുപ്പ് (പുനരക്കം ചെയ്ത ഇരുപത്തിയാറാം വകുപ്പ്) ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഇരുപത്തിയഞ്ചാം വകുപ്പ് (പുനരക്കം ചെയ്ത ഇരുപത്തിയാറാം വകുപ്പ്) ബില്ലിന്റെ ഭാഗമായി.

<u>ഇരുപത്തിയാറാം വകുപ്പ് (പുനരക്കം ചെയ്ത ഇരുപത്തിയേഴാം വകുപ്പ്)</u>

ഭേദഗതികൾ അവതരിപ്പിച്ചില്ല.

ഇരുപത്തിയാറാം വകുപ്പ് (പുനരക്കം ചെയ്ത ഇരുപത്തിയേഴാം വകുപ്പ്) ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഇരുപത്തിയാറാം വകുപ്പ് (പുനരക്കം ചെയ്ത ഇരുപത്തിയേഴാം വകുപ്പ്) ബില്ലിന്റെ ഭാഗമായി.

<u>ഇരുപത്തിയേഴാം വകുപ്പ് (പുനരക്കം ചെയ്ത ഇരുപത്തിയെട്ടാം വകുപ്പ്)</u>

678-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി സ്വീകരിച്ചു.

678. ഖണ്ഡം 27-ൽ "നമ്പർ" എന്നത് ഒഴിവാക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഇരുപത്തിയേഴാം വകുപ്പ് (പുനരക്കം ചെയ്ത ഇരുപത്തിയെട്ടാം വകുപ്പ്) ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഇരുപത്തിയേഴാം വകുപ്പ് (പുനരക്കം ചെയ്ത ഇരുപത്തിയെട്ടാം വകുപ്പ്) ബില്ലിന്റെ ഭാഗമായി.

<u>ഇരുപത്തിയെട്ടാം വകുപ്പ് (പുനരക്കം ചെയ്ത ഇരുപത്തിയൊമ്പതാം വകുപ്പ്)</u>

681-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

ഭേദഗതി സഭ നിരാകരിച്ചു.

ഇരുപത്തിയെട്ടാം വകുപ്പ് (പുനരക്കം ചെയ്ത ഇരുപത്തിയൊമ്പതാം വകുപ്പ്) ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഇരുപത്തിയെട്ടാം വകുപ്പ് (പുനരക്കം ചെയ്ത ഇരുപത്തിയൊമ്പതാം വകുപ്പ്) ബില്ലിന്റെ ഭാഗമായി.

<u>ഇരുപത്തിയൊൻപതാം വകുപ്പ് (പുനരക്കം ചെയ്ത മുപ്പതാം വകുപ്പ്)</u>

ഭേദഗതികൾ അവതരിപ്പിച്ചില്ല.

ഇരുപത്തിയൊൻപതാം വകുപ്പ് (പുനരക്കം ചെയ്ത മുപ്പതാം വകുപ്പ്) ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഇരുപത്തിയൊൻപതാം വകുപ്പ് (പുനരക്കം ചെയ്ത മുപ്പതാം വകുപ്പ്) ബില്ലിന്റെ ഭാഗമായി.

<u>മുപ്പതാം വകുപ്പ് (പുനരക്കം ചെയ്ത മുപ്പത്തിയൊന്നാം വകുപ്പ്)</u>

ഭേദഗതികൾ അവതരിപ്പിച്ചില്ല.

മുപ്പതാം വകുപ്പ് (പുനരക്കം ചെയ്ത മുപ്പത്തിയൊന്നാം വകുപ്പ്) ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

മുപ്പതാം വകുപ്പ് (പുനരക്കം ചെയ്ത മുപ്പത്തിയൊന്നാം വകുപ്പ്) ബില്ലിന്റെ ഭാഗമായി.

<u>മുപ്പത്തിയൊന്നാം വകുപ്പ് (പുനരക്കം ചെയ്ത മുപ്പത്തിരണ്ടാം വകുപ്പ്)</u>

ഭേദഗതികൾ അവതരിപ്പിച്ചില്ല.

മുപ്പത്തിയൊന്നാം വകുപ്പ് (പുനരക്കം ചെയ്ത മുപ്പത്തിരണ്ടാം വകുപ്പ്) ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

മുപ്പത്തിയൊന്നാം വകുപ്പ് (പുനരക്കം ചെയ്ത മുപ്പത്തിരണ്ടാം വകുപ്പ്) ബില്ലിന്റെ ഭാഗമായി.

<u>മുപ്പത്തിരണ്ടാം വകുപ്പ് (പുനരക്കം ചെയ്ത മുപ്പത്തിമൂന്നാം വകുപ്പ്)</u>

695, 700 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

മുപ്പത്തിരണ്ടാം വകുപ്പ് (പുനരക്കം ചെയ്ത മുപ്പത്തിമൂന്നാം വകുപ്പ്) ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

മുപ്പത്തിരണ്ടാം വകുപ്പ് (പുനരക്കം ചെയ്ത മുപ്പത്തിമൂന്നാം വകുപ്പ്) ബില്ലിന്റെ ഭാഗമായി.

മുപ്പത്തിമൂന്നാം വകുപ്പ് (പുനരക്കം ചെയ്ത മുപ്പത്തിനാലാം വകുപ്പ്)

701-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

ഭേദഗതി സഭ നിരാകരിച്ചു.

മുപ്പത്തിമൂന്നാം വകുപ്പ് (പുനരക്കം ചെയ്ത മുപ്പത്തിനാലാം വകുപ്പ്) ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

മുപ്പത്തിമൂന്നാം വകുപ്പ് (പുനരക്കം ചെയ്ത മുപ്പത്തിനാലാം വകുപ്പ്) ബില്ലിന്റെ ഭാഗമായി.

ഒന്നാം വകുപ്പും പീഠികയും പേരും

105, 107, 111, 115, 117, 119, 121, 122, 124 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

താഴെപ്പറയുന്ന ഭേദഗതി മന്ത്രി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിച്ചു.

106. ദീർഘശീർഷകത്തിൽ "പ്രവർത്തികളും" എന്നതിന് പകരം "പ്രവൃത്തികളും" എന്ന് ചേർക്കുക.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി സ്വീകരിച്ചു.

111. പീഠികയിൽ "പ്രവർത്തികളും" എന്നതിന് പകരം "പ്രവൃത്തികളും" എന്ന് ചേർക്കുക.

122. ഖണ്ഡം 1(2)-ൽ, "ഗസറ്റിലെ" എന്നതിന് പകരം "ഗസറ്റ്" എന്ന് ചേർക്കുക.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതിയും സ്വീകരിച്ച ഭേദഗതികളും സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): 2023-ലെ കേരള കന്നുകാലി പ്രജനന ബിൽ പാസ്സാക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി (ശ്രീ. ഒ. ആർ. കേളു): ഉപക്ഷേപത്തെ പിന്താങ്ങുന്നു.

2023-ലെ കേരള കന്നുകാലി പ്രജനന ബിൽ പാസ്സാക്കണമെന്ന ഉപക്ഷേപം സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

സഭ രാത്രി 8.07-ന് പിരിഞ്ഞു.

*********